ഹന്നേലെ

(ഹാപ്റ്റ്മാൻ)

വിഭാഷകൻ

ഞന്നു

Kerala Sahitya Akademi

ഗെറാർട് ഹാപ്റ്റ്മാൻ

(1912-ൽ സാഹിത്യത്തിനുള്ള "നോബെൽസമ്മാനം" കിട്ടി)

ഹന്നേലെ

[ഒരു ജൎമ്മൻ സ്വപ്നകാവ്യം]

Digitized By Kerala Sahitya Akademi

ചങ്ങമ്പുഴയുടെ കൃതികൾ

രമണൻ	1	8	0
ദേവഗീത	2	0	0
സ്പന്ദിക്കുന്ന അസ്ഥിമാടം	2	0	0
അപരാധികൾ	1	0	0
ഓണപ്പൂക്കൾ	1	0	0
ബാഷ്പാഞ്ജലി	1	8	0
രക്തപുഷ്പങ്ങൾ	1	4	0
സങ്കല്പകാന്തി	1	4	0
ആകാശഗംഗ	1	0	0
വത്സല	0	8	0
ആരാധകൻ	0	8	0
മോഹിനി	0	8	0
ഹേമന്തചന്ദ്രിക	1	8	0
യവനിക	1	8	0
ദേവത	0	8	0
നിർവൃതി	0	8	0
തിലോത്തമ	0	8	0
ദേവയാനി	0	8	0
മഞ്ഞക്കിളികൾ	1	0	0
കല്ലോലമാല	1	4	0
മൌനഗാനം	1	0	0
നിർവ്വാണമണ്ഡലം	0	12	0
അസ്ഥിയുടെ പൂക്കൾ	0	12	0
പാടുന്ന പിശാച്	2	0	0
ദിവ്യഗീതം	1	8	0

Digitized By Kerala Sahitya Akademi

കലാകേളി	0	12	0
ശ്രീതിലകം	1	0	0
നവഭാവന	0	8	0
ചൂഡാമണി	1	0	0
മദിരോത്സവം	2	0	0
സ്വരരാഗസുധ	2	0	0
ഉദ്യാനലക്ഷ്മി	1	2	0
മണിവീണ	0	12	0
മാനസേശ്വരി	0	6	0
മയൂഖമാല	0	9	0
സുധാംഗദ	0	15	0
തളിർത്തൊത്തുകൾ	1	0	0
നിറന്ന തീച്ചൂള	1	4	0
അമൃതവീചി	0	12	0
സാഹിത്യചിന്തകൾ (പ്രസംഗം)	1	0	0
കരടി (നാടകം)	0	8	0
വിവാഹാലോചന	0	8	0
അനശ്വരഗാനം	0	8	0
പെല്ലീസ്സും മെലിസാന്ദയും	1	8	0
മാനസാന്തരം	1	8	0
കളിത്തോഴി (നോവൽ)	2	8	0
പ്രതികാരദുർഗ്ഗ	2	8	0
കഥാരത്നമാലിക (കഥകൾ)	1	2	0
ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ	5	0	0

Digitized By Kerala Sahitya Akademi

ഹനേലെ

(ജർമ്മൻസാഹിത്യത്തിലെ ഒരു സ്വപ്നാത്മകനാടകീയകാവ്യം)

പാത്രങ്ങൾ

ഹനേലെ.

ഗോട്ട്‌വാൾഡ്— (ഉത്തരഭാഗങ്ങളിൽ അപരിചിതൻ)
—ഒരു പള്ളിക്കൂടത്തിലെ അദ്ധ്യാപകൻ

സിസ്റ്റർ മാർത്താ—ഒരു ക്രൈസ്തവസഭാസേവിനി.

തുൾപ്പെ
ഹെറെറ (ഹെഡ്‌വിഗ്)
പ്ലെഷ്‌കെ
ഹാൻകെ
} പിച്ചക്കാരുടെ ഒരു താവളത്തിലെ (ധർമ്മശാല) അന്തേവാസികൾ.

സീഡെൽ—ഒരു മരംവെട്ടുകാരൻ.

ബെർഗർ—ഒരു ന്യായാധിപതി (മജിസ്ട്രേട്ട്)

ഷ്മിഡ്റഗ്—ഒരു പോലീസുദ്യോഗസ്ഥൻ.

ഡോക്ടർ വാച്ലെർ.

ഹനേലെ ജ്വരവിഭ്രമബോധയായി കിടക്കുന്ന അവസരത്തിൽ അവതരിപ്പിച്ചിട്ടുള്ള ഛായാരൂപങ്ങൾ:

ഹനേലെയുടെ പിതാവെന്ന് ഊഹിക്കപ്പെടുന്ന മാറേറൺ (ഒരു കല്പണിക്കാരി)

ഹനേലെയുടെ മരിച്ചുപോയ മാതാവിന്റെ രൂപം.

ഇരുണ്ട വർണ്ണമുള്ള ഒരു വലിയ ദേവത.

ജ്യോതിർമ്മയികളായ മൂന്നു ദേവതമാർ.

ക്രൈസ്തവസഭാസേവിനിയായ കന്യക.

അപരിചിതൻ

ഗോട്ട്‌വാൾഡിന്റെ ശിഷ്യന്മാർ.

പ്ലെഷ്‌കെ.

ഹാൻകെയും മററു പിച്ചക്കാരും.

സീഡെൽ.

ഗ്രാമത്തിലെ ഒരു ഡോക്ടർ.

ശുഭ്രവസ്ത്രധാരികളായ ദേവതകൾ—വലുതും, ചെറുതും.

അനുശോചകർ.

സ്ത്രീകൾ, മുതലായവർ.

Digitized By Kerala Sahitya Akademi

ഹനേലെ

(ഒരു ജർമ്മൻ സ്വപ്നകാവ്യം)

മൂലഗ്രന്ഥകാരൻ:

ഗെറാർട് ഹാപ്റ്റ്മാൻ.

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി.

നാഷനൽ ബുക്ക് സ്റ്റാൾ

കളരിക്കൽ ബസാർ, കോട്ടയം

Digitized By Kerala Sahitya Akademi

Translated in Chingom, 1115
First Impression,
in Mithunam, 1124
(1000 copies)

All rights reserved by
MRS. SREE DEVI CHANGAMPUZHA.
"Sree Devi Mandiram"
EDAPPALLY.
(N. Travancore)

Price:
Rupee One and
Annas Eight.

★

PRINTED AT
THE ARUNODAYAM PRESS
WADAKANCHERY

Digitized By Kerala Sahitya Akademi

(രംഗം:— പർവ്വതപ്രദേശത്തുള്ള ഒരു ഗ്രാമത്തിലെ ധർമ്മാലയത്തിൽ ഒരു മുറി, നഗ്നമായ ഭിത്തികൾ. പുറകിലായി നടുക്കൊരു വാതിൽ. ഈ വാതിലിന്റെ ഇടതുഭാഗത്തായി ഒരു കൊച്ചു ജനലുണ്ട്. ജനലിന്റെ മുമ്പിൽ ഒരു ജീർണ്ണിച്ച മേശയും ബെഞ്ചും. മേശയ്ക്കു സമീപം, വാമഭാഗത്ത്, ഒരിരുമ്പു ചൂട്ടടുപ്പ്. വാതിലിന്റെ വലതുവശത്തു വൈക്കോൽക്കിടക്കയോടുകൂടിയ ഒരു മഞ്ചപ്പലകയും, ഏതാനും കീറിപ്പറിഞ്ഞ പുതപ്പുകളും.

ഡിസംബർ മാസത്തിലെ കൊടുങ്കാറ്റോടുകൂടിയ ഒരു സായാഹ്നമാണ്.

മേശയ്ക്കടുത്ത് ഒരു കട്ടിക്കൊഴുപ്പൻ മെഴുതിരിയുടെ വെളിച്ചത്തിൽ ഒരു പ്രാർത്ഥനാഗീതഗ്രന്ഥം വായിച്ചുകൊണ്ടും, അതിലെ ഒരു പ്രാർത്ഥന ഉറക്കെ പാടിക്കൊണ്ടും, ദരിദ്രയും ജരാജർജ്ജരിതയുമായ ഒരു വൃദ്ധ—ത്രൂൾപ്പെ— ഇരിക്കുന്നു.

'വലത്', 'ഇടത്', ഇത്യാദി രംഗനിർദ്ദേശങ്ങൾ നല്കപ്പെട്ടിട്ടുള്ളത് നടന്റെ നിലയെ ആസ്പദമാക്കിയാണ്.)

ത്രൂൾപ്പെ

(ശിഥിലവും തളർന്നതുമായ ഒരു സ്വരത്തിൽ പാടുന്നു.)

„വന്നിടട്ടേ ഞാൻ പറന്നു നിൻ ഹൃത്തിലേ-
യ്ക്കുന്നാത്മകാമുക, യേശുദേവ!
ക്ലേശത്തിൻ കല്ലോലമാലകൾ.........”

Digitized By Kerala Sahitya Akademi

(ചുരുണ്ട തലമുടിയോടുകൂടിയവളും, സാധാരണയായി 'ഹെറ റെറ' എന്ന പേരിനാൽ അറിയപ്പെടുന്നവളും, ഏതാണ്ട് മുപ്പ തു വയസ്സു പ്രായംചെന്ന ഒരു ദുഷ്പേരുകാരിയുമായ ഹെഡ്‌വി ഗ് എന്ന സ്ത്രീ പ്രവേശിക്കുന്നു. ഒരു കനത്ത വസ്ത്രം അവളു ടെ ശിരസ്സിനു ചുററും ചുററിയിട്ടുണ്ട്. കക്ഷത്തിൽ അവൾ ഒരു പൊതിക്കെട്ടു വഹിച്ചിരിക്കുന്നു. ഘനം കുറഞ്ഞതും അ ഴുക്കു നിറഞ്ഞതുമാണ് അവളുടെ വസ്ത്രങ്ങൾ)

ഹെറെറ

(അവളുടെ വിരലുകളിന്മേൽ ഊതിക്കൊണ്ട്)

എന്റെ ദൈവംതമ്പുരാനേ, ഞങ്ങളിൽ അലിവുണ്ടാ കണേ! രസികൻ കാലാവസ്ഥ തന്നപ്പാ ഇപ്പോഴത്തെ!

(തന്റെ കൈവശമുള്ള ഭാണ്ഡം മേശപ്പുറത്തിട്ടിട്ട്, കീറിപ്പ റിഞ്ഞ പഴഞ്ചൻ ബൂട്ട്സുകൾക്കുള്ളിൽ പൂതഞ്ഞുപോയ പാദ ങ്ങളിൽ, ഓരോന്നിലും മാറിമാറി ഉറച്ചുനിന്നുകൊണ്ട് അവൾ കൈവിരലുകളിൽ തുടരെത്തുടരെ ഊതുന്നു.)

ഇങ്ങനെ ഒരു നശിച്ച കാററും തണുപ്പും ഒണ്ടായിട്ട് പെരുത്തായി. കാലം പെരുത്ത്!

തുൾപ്പെ

ആട്ടെ, എന്തോന്നാ നിന്റെ പൊതിക്കെട്ടിൽ?

ഹെറെറ

(വേദനനിമിത്തം വികൃതമായിപ്പല്ലിളിക്കയും ഞെരങ്ങുകയും ചെയ്തുകൊണ്ട് ഇരിമ്പുചൂട്ടടുപ്പിനരികെ ഒരു ബെഞ്ചിന്മേലി രുന്ന് അവളുടെ ബൂട്ട്സ് അഴിച്ചുമാററാൻ ശ്രമിക്കുന്നു.)

എന്റെ കർത്താവേ, എന്റെ കാലുമ്മലെ വെരലെ ക്കെ നീറുന്നേ!

Digitized By Kerala Sahitya Akademi

തുറംപ്പെ

(ഹെറെറയുടെ ഭാണ്ഡം അഴിക്കുന്നു. ഒരപ്പക്കഷണം, ഒരു പൊതി "ചിക്കോറി", ഒരു പൊതി കാപ്പി, ഏതാനും ജോടി കാലുറകൾ മുതലായവ അതിനുള്ളിൽ കാണപ്പെടുന്നു.)

എനിക്കായിട്ടപ്പം ഒന്നുമില്ലോടീ നിൻെറ ഫ്ഫാണ്ണക്കെട്ടില്?

ഹെറെറ

(ആദ്യം, അവൾ ബൂട്ട്സുകളിൽ പണിത്തിരക്കോടുകൂടിയിരുന്നതിനാൽ തുറംപ്പെയെ ശ്രദ്ധിക്കുന്നില്ല. പെട്ടെന്നു ഭാണ്ഡം തട്ടിപ്പറിച്ച് അതിനുള്ളിലെ സാധനങ്ങളെല്ലാം അവൾ പെറുക്കിയെടുക്കുന്നു.)

തുറംപ്പേ!

(ഹെറെറയുടെ പാദങ്ങളിൽ ഒന്നു നഗ്നമാണ്. അവൾ തൻെറ സാമാനങ്ങളെല്ലാം അടുക്കിക്കൂട്ടി മഞ്ചപ്പലകയിലേയ്ക്കെടുത്തുകൊണ്ടുപോകുന്നു.)

എൻെറ സാമാനോക്കെ നിങ്ങളവടെ പാട്ടിനു വെയ്ക്കകാ നല്ലതു കെട്ടോ! ഞാനലഞ്ഞുതിരിഞ്ഞു് എൻറുള്ളിലൊള്ളെല്ലാക്കെ കുതന്നു കടപ്പിടിക്കണമെട്ടു് ഞാൻ പാടുപെട്ടതു നിങ്ങക്കു വേണ്ട്യാന്നാന്നോ നിങ്ങടെ വിചാരം, ങ്'ഏ?

തുറംപ്പെ

ഹാ! എടീ പൊണ്ണത്തീ, എന്തോന്നിനാടീ നീയതിനിത്ര കെടന്നു വെപ്രാളപ്രമഞ്ചം കൂട്ടണെ?

(അവൾ എഴുന്നേല്ക്കുന്നു; പ്രാർത്ഥനാഗീതഗ്രന്ഥം അടയ്ക്കുന്നു; എന്നിട്ടു സൂക്ഷ്മതയോടെ അവളുടെ വസ്ത്രംകൊണ്ടു് അതു തുടയ്ക്കുന്നു.)

Digitized By Kerala Sahitya Akademi

ഹന്നേലെ

നീ തെണ്ടിത്തേടിക്കൊണ്ടുന്നേക്കണെ തൊമ്മ്മൊന്നും എനിക്കു വേണ്ടേ വേണ്ട!

ഹെറെറ

(അവളുടെ മുതൽ വിരിപ്പിന്റെ കീഴിൽ ഒളിച്ചുവെച്ചുകൊണ്ട്)

തെണ്ടിക്കൊണ്ടന്നതെന്നോ? നമ്മളിക്കൂട്ടതലു് തെണ്ടിത്തെരക്കേത്തക്കണോളാരാ നമ്മള രണ്ടുപേരിലെന്ന് എനിക്ക്യൊന്നറിഞ്ഞാക്കൊള്ളാന്റ.—ആരാ, പറയിൻ, നിങ്ങളോ ഞാനോ? ഇത്തറേം കാലം നിങ്ങടെ ജീവിതത്തിലതല്ലാതെ മറെറാന്നും നിങ്ങള ചെയ്തിട്ടില്ല. നിങ്ങളോ, ഒരു ചെറുപ്പക്കാരിപ്പെണ്ണൊന്നോട്ടല്ലാനും!

തൂംപ്പെ

നീയതും പറഞ്ഞത്ര കെടന്ന വെളയാടാതെ! നീ നിന്റെ പെഴപ്പു കഴിച്ചു കൂട്ട്യേക്കണെ എങ്ങന്ര്യാന്ന ഞങ്ങക്കൊക്കെ അറിയാടി, അറിയാം. പള്ളീലെ വികാര്യച്ചൻ നിന്നോടു വെട്ടിവിളിച്ചു പറഞ്ഞതല്ലേ്യാ എന്തോന്നാ അദ്ദേ്യത്തിന്റ നിന്നെക്കുറിച്ചു തോന്ന്യേക്കണേന്ന്. അതേ അദ്ദേം പറഞ്ഞതാ. ഞാൻ എന്റെ ചെറുപ്പക്കാലത്തു നിന്നെപ്പോലെ തെരുവുനീളെ തെണ്ടിത്തിരിഞ്ഞിട്ടൊന്നല്ലാ. ഞാൻ നല്ല മാനോം മര്യാദ്യായി പൊറുത്തട്ടൊള്ളോളാടീ!

ഹെറെറ

അതായിരിക്കും നിങ്ങളെ ജേലിലേയ്ക്കു പിടിച്ചോണ്ടു പോയെ.

Digitized By Kerala Sahitya Akademi

തുറംപ്പെ

അയ്യോ, എന്റെ സുന്ദരിക്കുഞ്ഞമ്മേ, നീവേവലാതി പ്പെടാണ്ടിരി; വല്ലേ്യ താമസോന്ത്വുച്ചു, നീയവടെ ചെന്നു പററിക്കോളും. ഒരു പോലീസങ്കത്തെ ഞാനൊരു കണ്ണോ ന്നു കണ്ടെത്തിക്കോട്ടെ, അത്രേം മതി. അതുവരെ നീയൊ ന്നടങ്ങിയിരി. നിന്നെപ്പററി ഒന്നു രണ്ടു കൂട്ടം സങ്കതി അ ശ്ശേത്തോടു പറയാനെണ്ടെനിക്ക്; കാണാം, നി നോക്കിക്കോ ടീ, നോക്കിക്കോ!

ഹെററ

ഓ, കെടന്നു ചെലയ്ക്കാണ്ടിരുന്നാട്ടെ! നിങ്ങടെ പോ ലീസങ്കത്തമാരു്—അവമ്മാരൊക്കെ പുല്ലാ എനിക്ക്, പു ല്ല്! അവരിങ്ങോട്ടൊന്നു വരട്ടെ, ഞാൻ കാണിച്ചുതരാം, നിങ്ങളെ കട്ടക്കിലാക്കാൻ വല്ലതും എനിക്കും പറയാനൊ ണ്ടാവോന്ന്.

തുറംപ്പെ

എന്നെക്കുറിച്ചു യാതൊരു വസ്തും കാണത്തില്ലെടീ നെനക്കു പറയാൻ, കാണത്തില്ല.

ഹെററ

ഓഹോ, കാണത്തില്ല, അല്ലേ? എനിക്കൊന്നും പറ യാൻ കാണത്തില്ല അല്ലേ? ആ ഹോട്ടലുകാരന്റെ കൊച്ചു മോന്റെ മേലുടുപ്പ് ആരാ കട്ടെടുത്തോണ്ടു പോയന്നാ, ങ്ഏ?

(ഹെററയുടെ നേക്കു കാഴിച്ചു തുപ്പുവാനെന്നപോലെ തുറം പ്പെ ഒരു ഭാവം കാണിക്കുന്നു)

Digitized By Kerala Sahitya Akademi

ഹനേലെ

അതിനായിരിക്കും മാനോം മസ്സ്വാദ്യായ ചോറു തിന്ന നിങ്ങൾ പേരിട്ടേക്കണെ, അല്ലേ? ഹേയി, കാണത്തില്ല, നിങ്ങളെ അപകടത്തിലാക്കണെ ഒന്നും നിങ്ങടെ പേരിക്കാണത്തില്ല—ങ് ഏ ഹേ!

ത്രൂംപ്പെ

ഭേഷ്, ഊംംം, പറാടീ, പറ! മൊറസ്ക്ക പറ! എങ്ങനേല്ലായാലും നിന്നെപ്പോലൊള്ള വഹക്കാരടെ കയ്യീന്ന് ഒരു ചുണ്ണാമ്പിന്റെ തരിപോലും ഞാനെടുക്കത്തില്ലെടീ, എടുക്കത്തില്ല.

ഫെററ

ഇല്ല. നിങ്ങക്ക് എടുക്കാനൊക്കൂല്ല.

(തുറന്നുകിടക്കുന്ന വാതിൽക്കലായി പ്ലെഷ്കെ, ഹാൻകെ എന്നിവർ ആവിർഭവിക്കുന്നു; ഊളിയിട്ടുപായുന്ന കാററടിച്ച് അവർ ആ വാതിലിന്മേലേയ്ക്കു ശരിക്കു മലച്ചതാണ്.

പ്ലെഷ്കെ—കണ്ഠമാല എന്ന രോഗമുള്ള, ശിശുസ്വഭാവനായ ഒരു വൃദ്ധൻ; കീറിപ്പറിഞ്ഞ വസ്ത്രം—അയാൾ പൊട്ടിച്ചിരിക്കുന്നു.

ഹാൻകെ—'ചുക്കിനും ചുണ്ണാമ്പിനും കൊള്ളരുതാത്ത' വെറുമൊരാഭാസൻ—അയാൾ ഓരോ പുലഭ്യങ്ങൾ പുലമ്പുന്നു. അവർ, അവരുടെ ചട്ടത്തൊപ്പികളിൽനിന്നും, തുണികളിൽനിന്നും മഞ്ഞു കുടഞ്ഞുകളയുന്നതായി കാണപ്പെടുന്നു. ഓരോരുത്തനും ഓരോ ഭാണ്ഡം വഹിക്കുന്നുണ്ട്)

പ്ലെഷ്കെ

കർത്താവേ, എന്തൊരു കാററടിയാ! അടുത്തെന്നൊങ്കിലും ഒരു രാത്രി, താന്നോക്കിക്കോളൂ ഹാ, നമ്മടീപ്പഴഞ്ചൊണ്ടിക്കശിനിപ്പുര തരിതരിപ്പണായിത്തഹന്നുപോവത്തില്ല്യോന്ന്!

Digitized By Kerala Sahitya Akademi

(പുതിയ ആഗതന്മാർ കണ്ണിൽപ്പെട്ട നിമിഷത്തിൽ, ഹെററെ തിടുക്കത്തോടെ തൻെറ ഭാണ്ഡം വിരിപ്പിനടിയിൽനിന്നു വലിച്ചെടുത്തു മുറുക്കിപ്പിടിച്ചുകൊണ്ട്, ആ മനുഷ്യരുടെ മുമ്പിൽകൂടി മുററത്തേയ്ക്കും, അവിടെനിന്നും ഒരു കോവണിയുടെ മുകളിലേയ്ക്കും, വെപ്രാളം പിടിച്ചോടിക്കയറിപ്പോകുന്നു)

പ്ലെഷ്കെ

(ഹെററെയെ പുറകെ വിളിച്ചുകൊണ്ട്)

ഹേയ്! ദേ, പിന്നേയ്! നീ വല്യേ തിടുക്കത്തിലാണല്ലോ! എന്തിനാ നീയിങ്ങനെ മരണപരാക്രമം കാണിച്ചോടിപ്പോണെ? ഞങ്ങള് നിന്നെ ഒന്നും ഉപദ്രവിക്കത്തില്ല, ഞങ്ങള്!—ഉവ്വോ, നമ്മളെന്തേലും ഉപദ്രവിക്ക്യോ, ഹാൻകെ?

തൂൾപ്പെ

(ചൂട്ടടുപ്പിൻസമീപം ഒരു കറിച്ചട്ടിയിൽ തിടുക്കമായി പണിയെടുത്തുകൊണ്ട്)

ഓ, അവക്ക തലയ്ക്കു നല്ല ലക്കില്ല.... അവക്കടെ വിചാരം നിങ്ങളവക്കടെ ഫാണ്ഡക്കെട്ട് ചൂണ്ടേപ്യടുക്കേപൊന്നാ!

പ്ലെഷ്കെ

(പ്രദവശിക്കുന്നു)

കത്താവു നമ്മെക്കാക്കട്ടെ! ഞങ്ങളെക്കുറിച്ചവക്കടെ വിചാരം കൊറെക്കടുത്തുപോയി കെട്ടോ, കടുത്തുപോയി. പിന്നെ— എന്തല്ലാ തൂൾപ്പെ? സുകം തന്നല്ലേ?—നന്മനിറഞ്ഞ കത്താവേ, എന്തൊരു കാലാവസ്ഥ!—ഹോ, ഞാൻ കാലുതെററി നെലത്തു മറിഞ്ഞതന്നേ കെട്ടോ!

(മേശയ്ക്കരികിലേയ്ക്കു ഞൊണ്ടിഞൊണ്ടിച്ചെന്ന്, അയാളുടെ ഭാണ്ഡം താഴെയിട്ടിട്ട്, തൂൾപ്പെയുടെ നേർക്ക് നരച്ചുതളന്ന തല പലവുരു ഒന്നാട്ടുന്നു. ക്ഷീണംകൊണ്ടു കിതയ്ക്കുകയും ചുമ

Digitized By Kerala Sahitya Akademi

യ്യുകയും, സ്വയം ചൂടുപിടിക്കാൻ ഉദ്യമിക്കുകയും ചെയ്യുന്നു. ആ അവസരത്തിൽ ഹാൻകെ പ്രവേശിച്ച്, അയാളുടെ മാറാപ്പ് വാതിലിന്മേൽ ചാരിവച്ചിട്ട്, അടുപ്പിൽ പിറകെടുത്തിട്ടു കൊണ്ടിരിക്കെ തന്റെ പ്പൂമ്പം 'കിടുകിട' വിറയ്ക്കുന്നു)

ടുൾപ്പെ

എവിട്യാർന്നു താൻ?

പ്ലെഷ്കെ

(വിക്കിക്കൊണ്ട്)

ഹെവട്യാ—ഹെവിട്യാർന്നുഃന്നോ ഞാൻ? ഒളുങ്ങ്യേ ഒരു വഴി, ഒളുങ്ങ്യേ ഒരു വഴി. കന്നംപൊറത്തേയ്.

ടുൾപ്പെ

വല്ലോം തിര്യെക്കൊണ്ടുന്നാട്ടൊണ്ടോ?

പ്ലെഷ്കെ

ഊൗംംം!—പെരുത്തു—പെരുത്തു സമാനങ്ങള്, വികാര്യച്ചൻ എനിക്കീ—അ — അഞ്ചു—അഞ്ചു 'ഫെനിഗർ' ഫുട്ട്—ഫന്നു;—പിന്നെ അങ്ങാ സത്രത്തിലവർ—എനിക്ക—അവരെനിക്ക—ഒ—ഒരു—ഒരു പാത്രം സൂപ്പും—ഫന്നു.

ടുൾപ്പെ

എന്നാതിങ്ങുതാ—ഞാൻ അനഃത്ത്യുടക്കാം.

(ഭാണ്ഡത്തിൽനിന്ന് ഒരു പാത്രം വെളിക്കെടുക്കുകയും, അതു മേശപ്പുറത്തുവെച്ചിട്ട്, കറിച്ചട്ടിയിലുള്ളത് ഇളക്കുകയും ചെയ്യുന്നു)

പ്ലെഷ്കെ

ഞാൻ—ഞാൻ—മറെറാരു സാദഃനാംകൂടി കൊ—കൊണ്ടുന്നാട്ടെണ്ടിവടെ—എറച്ചിക്കറി. അതാ കശാപ്പുകാരനാ എനിക്ക തന്നെ—ങ്ഉം, അതെ, കശാപ്പുകാരൻ.

Digitized By Kerala Sahitya Akademi

തൂറംപ്പെ

പണോന്തിയേ?

പ്ലെഷ്കെ

ഓ, പണം—അതിന കൊഴപ്പോന്നുല്ലാ. ഇന്നാ പിടിച്ചാട്ടെ!

തൂറംപ്പെ

ഇങ്ങു താ. ഞാൻ സൂക്ഷിച്ചോളാം, തനിക്കവേണ്ടി.

ഹെറെറ

(വീണ്ടും പ്രവേശിക്കുന്നു)

എടോ കെഴട്ടു പൊണ്ണുച്ചാരേ, എന്തോന്നിനാടോ താനതവക്ക്ടെ കയ്യിക്കൊടുക്കണെ?

തൂറംപ്പെ

നീ പോയി, നിൻെറ ജോലി വല്ലോണ്ടെങ്കി നോക്കെടീ.

ഹാൻകെ

നീ വെഷമിക്കാതിരി. അയാളവാളടെ സൊന്താ—അരുമത്തങ്കക്കൊടാ!

ഹെറെറ

ഹെൻെറ പുണ്യവാളമ്മാരേ!!...

ഹാൻകെ

അപ്പം പിന്നെ ന്യായമല്ലിയോടീ, 'ഡൊട്ടുലൊട്ടക്ക' വല്ലോം അയള വല്ലപ്പഴം അവക്ക കൊണ്ടന്നു കൊടുക്കണ്ടോ?—എന്താടീ, അതല്ലിയോ അതിൻെറ ന്യായം?

പ്ലെഷ്കെ

(വിക്കിക്കൊണ്ട്)

Digitized By Kerala Sahitya Akademi

ഹന്നേലെ

താൻ—ഥാനേ, താൻ—ഥനിക്ക വഹതിരിവില്ലടോ—വഹതിരിവ്. ഥാനതു പ്—ഫടിക്കണം. പ്—പ്—ഫാവം പിടിച്ച ഒരു—കെ—ളെളവനെ, എന്തിനക്രൂവാ ഇട്ടു....ക്...ക്...ക് ഖളിപ്പിക്കണെ?

ഹെററ

(പ്ലെഷ്കെയെ പരിഹാസഭാവത്തിൽ അനുകരിച്ചുകൊണ്ട്)

താൻ—ഥാനേ, താൻ—ഥനിക്ക വഹതിരിവില്ലടോ—വഹതിരിവ്. പ്—പ്—ഫാവംപിടിച്ച കെളവനെ എന്തിനക്രൂവാ ഇട്ടു--ക്—ക്—ക്ഖളിപ്പിക്കണെ? എടോ പ്ലെഷ്കേ, തനിക്ക വല്ലാത്ത വെറകേറിക്കൂടീട്ടൊണ്ട്. ഇനി തനിക്ക വല്യേ ഈടെണ്ടുന്നു തോന്നണില്ല.....തൻെറ 'ചീട്ടുകീറാ'റായിപ്പോയി!

പ്ലെഷ്കെ

(അവളെ ഒരു വടിയോങ്ങി ഭീഷണിപ്പെടുത്തിക്കൊണ്ട്)

നീ—നീ—ഹിവടന്ന് ക് — ക്—ക്ഖടന്നുപോവുകാനല്ലതു്.

ഹെററ

താനെന്നെ ഇവിടന്നൊന്നെറക്കിവിടണെ എനിക്കൊന്നു കണ്ടാക്കൊള്ളാർന്നു.

പ്ലെഷ്കെ

ക്—ക്—ഖടന്നുപോടീ പൊറത്ത്! ക്—ക്—ഖേട്ടില്ലേ?

തുറാപ്പെ

അവളുടെ തലയ്ക്കിട്ടൊന്നു പെടച്ചാട്ടെ. അതവക്കു നന്നായിരിക്കും.

Digitized By Kerala Sahitya Akademi

ല്ലെഷ്കെ

ഉൗംംം! എറങ്ങ് പ്—പ്—പൊറത്ത്!

ഹാൻകെ

ഓ, കളയെടോ, കളയ്ന്ന്! അവളുവളുടെ പാട്ടനോക്കിപ്പോട്ടെ!

(പ്ലെഷ്കെയിൽനിന്ന് അവളെ രക്ഷിക്കുവാൻവേണ്ടി ഹാൻകെ പുറംതിരിഞ്ഞുനിന്ന തക്കംനോക്കി സെററ അയാളുടെ മാറാപ്പിൽ ഒരു തപ്പുതപ്പുകയും അതിൽനിന്നും വല്ലതും കട്ടെടുക്കാൻ ഉദ്യമിക്കയും ചെയ്യുന്നു. ട്ടംപ്പെ ഇതുകണ്ടു ചിരിച്ചു മറിയുന്നു)

ഹാൻകെ

ഇത്രകെടന്ന ചിരിക്കാനൊന്നും ഞാനിവിടെ വല്ല്യേ വഹകാണണില്ല.

ട്ടംപ്പെ

(അപ്പോഴും ചിരിച്ചുകൊണ്ട്)

അയള് വഹേ്യാന്നും കാണണില്ലെന്നോയ്, ചിരിക്കാൻ!

പ്ലെഷ്കെ

ഓ, കത്താവേ, ഒന്നവളുടെ നേക്ക് നോക്ക്യാട്ടെ!

ട്ടംപ്പെ

താൻ തന്റെ തഞ്ചേ്യാ, മാറാപ്പോ, എന്താന്നാവെച്ചാ ളൂക്ഷിച്ചുവെച്ചോളൂ; എന്നാത്തനിക്കുതന്നെ കൊള്ളാം. അല്ലെങ്കി എന്തേലും കാണാണ്ടെപോവും, അതിന്ന്.

ഹാൻകെ

(തിരിയുന്നു. തന്നെ കളിപ്പിച്ചതായി കാണുന്നു)

ഉവ്വോടീ, അതുവ്വോടീ, അത്രയ്ക്ക് നെനക്ക ചൊണേ്യാണ്ടോടീ, അറുകൊലപ്പിശാശേ!

(സെററിന്റെ പുറകെ ഇരച്ചുപായുന്നു)

Digitized By Kerala Sahitya Akademi

ഞാൻ വല്ലച്ചാതീന്നിൻററട്ടത്തൊന്നൊത്തിക്കോട്ടെ!

(ഹേററിൻെറ പുറകെ ഹാൻകെ കോവണി കയറി മുകളിലേയ്ക്കോടുന്ന അവസരത്തിൽ കാൽച്ചുവടുകളുടെ ശബ്ദം. അമർത്തപ്പെട്ട ആക്രന്ദനങ്ങൾ)

പ്ലെഷ്കെ

ബലേ ഫേഷ്! ബലേ ഫേഷ്! ബലേ ഫേഷ്! നല്ലെ പ്—ഫുത്ത്യോളെള്ള ഒരു ചൊണക്കുട്ട്യാ അവള്,—ഷ്—ഷ്—ചൊണക്കുട്ടി!

(അയാൾ ചിരിക്കുന്നു)

(അയാളുടെ ചിരിയിൽ തുമ്പൽ കൂട്ടുചേരുന്നു; ഒരു വാതിൽ പെട്ടെന്നു തുറക്കുകയും അടക്കുകയും ചെയ്തതിൻെറ ശബ്ദം കൊണ്ട് ആ ചിരിക്കു തടസ്സം നേരിടുന്നു)

പ്ലെഷ്കെ

എ—എ—ഹെന്താർന്നു അത്?

(വെളിയിൽ ഊളിയിട്ടുപായുന്ന കാററിൻെറ ഇരമ്പം. മഞ്ഞ് ജനൽച്ചില്ലുകളിൽ ആഞ്ഞടിക്കുന്നു. അതിനുശേഷം ഒരു നിമിഷനേരത്തേയ്ക്ക് എല്ലാം ശാന്തം.

ഗോട്ട്വാൾഡ്—മുപ്പത്തിരണ്ടു വയസ്സു പ്രായമുള്ള, കറിരുണ്ട മീശയോടു കൂടിയ, ഒരു മനുഷ്യൻ—ഉദ്ദേശം പതിന്നാലു വയസ്സു പ്രായം വരുന്ന ഹന്നേലെ മാറേറൺ എന്ന പെൺകിടാവിനേയും വഹിച്ചുകൊണ്ട് പ്രവേശിക്കുന്നു. കുട്ടി വിമ്മിവിമ്മിക്കരയുന്നുണ്ട്. പള്ളിക്കൂടം വാദ്ധ്യാരുടെ ഇരുതോളുകളിലും അവളുടെ അരുണവർണ്ണമായ നീണ്ട തലമുടി ഉലഞ്ഞൊഴുകിക്കിടക്കുന്നു; അയാളുടെ കണ്ഠത്തോടു ചേർത്തുപിടിച്ചിരിക്കയാണ് അവളുടെ മുഖം; അവളുടെ കൈകൾ നെടുനീളത്തിൽ വാടിത്തളർന്ന് കീഴോട്ടു തൂങ്ങിക്കിടക്കുന്നു. അവൾ ധരിച്ചിട്ടുള്ള പഴന്തുണികൾ കഷ്ടിച്ചുമാത്രമേ അവളുടെ നഗ്നതയെ മറച്ചിട്ടുള്ളൂ.

Digitized By Kerala Sahitya Akademi

ഗോട്ട്‌വാൾഡ് പ്ലെഷ്കെയേയും, ത്സൾപ്പെയേയും കണ്ടഭാവമേ നടിക്കുന്നില്ല; അയാൾ അവളെ അനക്കാതെ ആർദ്രതയോടെ അകത്തുകൊണ്ടുവന്ന്, വലത്തുവശത്തു ചുമരിന്നരികെയുള്ള കട്ടിലിൽ മെല്ലെക്കിടത്തുന്നു.

അയാളുടെ പുറകെ, ഒരു കയ്യിൽ ഒരു വിളക്കുമായി, ഒരു മരം വെട്ടുകാരനായ സീഡെൽ എത്തുന്നു; ഒരറക്കവാളും, ഒരു കോടാലിയും, ഒരു പഴന്തുണിക്കെട്ടുംകൂടി അയാൾ വഹിക്കുന്നുണ്ട്. അയാൾ തലയിൽ വൃത്തികെട്ട ഒരു പഴഞ്ചൻ ചട്ടത്തൊപ്പിധരിച്ചിരിക്കുന്നു)

പ്ലെഷ്കെ

(പുതുതായി വന്നവരുടെ നേർക്കു ഭോഷഭാവത്തിൽ തുറിച്ചു നോക്കിക്കൊണ്ട്)

ഹ്—ഹേയ്, ഹേയ്, ഹേയ്, ഹെ—ഹെന്താ സംഗതി?

ഗോട്ട്‌വാൾഡ്

(അയാളുടെ മേല്പുടുപ്പും ഏതാനും കമ്പിളിപ്പുതപ്പുകളും എടുത്തു ഹന്നേലെയുടെ മേൽ നിവർത്തിയിട്ടുകൊണ്ട്)

ചൂടുള്ള ഇഷ്ടികകൾ, സീഡെൽ! വേഗം!

സീഡെൽ

(ത്സൾപ്പെയോട്)

ഒന്നും ചെയ്യാണ്ടെ ബിംബംപോലവടെ മിഴിച്ചങ്ങനെ നിക്കാതെ! കൊറെ ഇഷ്ട്യേട്ടത്തൊന്നു ച്ചൂടാക്ക്യേ! ഊഠം, വേഗാട്ടെ, വേഗം!

ത്സൾപ്പെ

ഉം, എന്തുപററി പെണ്ണിന്?

സീഡെൽ

കിന്നാരംപറഞ്ഞു നിക്കാനൊന്നും എനിക്കു നേരോല്ല.

(ത്സൾപ്പെയോടൊന്നിച്ചു പോകുന്നു)

Digitized By Kerala Sahitya Akademi

ഹനേലെ

ഗോട്ട്‌വാൾഡ്

(ഹനേലെയെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചുകൊണ്ട്)

ദേ, ദേ, നീ പേടിക്കേണ്ട. ഞങ്ങൾ എളുപ്പത്തിൽ നിനക്കു സുഖമാക്കിത്തരാം.

ഹനേലെ

(അവളുടെ പല്ലുകൾ കിടുകിടുപ്പിച്ചുകൊണ്ട്)

എനിക്കു പേട്യാവണു! എനിക്കു പേട്യാവണു!

ഗോട്ട്‌വാൾഡ്

ഒന്നും പേടിക്കേണ്ട!....നിനക്ക് ഒരുപദ്രവവും വരാൻ ഞങ്ങൾ സമ്മതിക്കില്ല.

ഹനേലെ

അതച്ഛനാണ്, അയ്യോ അച്ഛൻ!

ഗോട്ട്‌വാൾഡ്

ഇല്ലാ തങ്കം, അയാളിവിടെ ഇല്ല.

ഹനേലെ

അച്ഛനെ എനിക്കു പേടിയാ. അയ്യോ, അച്ഛനെ ഞാനും വന്നെങ്കിലോ!

ഗോട്ട്‌വാൾഡ്

സ്ഷ്! സ്ഷ്! അയാൾ വരില്ല.

(കോവണിമേൽ ദ്രുതഗതിയിലുള്ള കാലടിയൊച്ചകൾ കേൾക്കപ്പെടുന്നു. ഹെററ കയ്യിൽ ഒരുരക്കോലുമായി അകത്തേയ്ക്കു് രച്ചാത്തു വരുന്നു)

ഹെററ

(ഉരക്കോൽ ഉയർത്തിപ്പിടിച്ചുകൊണ്ട്)

ഇതാ ഒന്നു നോക്ക്യാട്ടെ, എന്താ ഹാൻകേയ്ക്കു കിട്ടേണ്ടതല്ലേന്ന്!

Digitized By Kerala Sahitya Akademi

(ഹെറെറയ്ക്കു പുറകെ ഹാൻകെ തള്ളിക്കയറി വന്ന്, അവളുടെ കയ്യിൽനിന്നും ഉരക്കോൽ കൈക്കലാക്കാൻ ശ്രമിക്കുന്നു. അവൾ അതു മുറിയുടെ നടുവിലേയ്ക്കു വലിച്ചെറിയുന്നു)

ഹനേലെ

(പേടിച്ചരണ്ടു കിടന്നു വിളിക്കുന്നു)

അച്ഛൻ വരുന്നുണ്ട്, അച്ഛൻ വരുന്നുണ്ട്!

(അവൾ പകുതി എഴുന്നേല്ക്കുന്നു. അവളുടെ വിളറിയ, അസ്വസ്ഥത നിഴലിച്ച, ഒട്ടിച്ചുളിഞ്ഞ മുഖത്ത്, അത്യുല്ക്കടമായ വിഷാദഭാവത്തോടുകൂടി അവൾ മുന്നോട്ടു ചായുകയും, ശബ്ദം പുറപ്പെടുന്ന സ്ഥലത്തിനു നേക്ക് തുറിച്ചുനോക്കുകയും ചെയ്യുന്നു. ഹെറെറ ഹാൻകെയുടെ കയ്യിൽനിന്ന് ഉപായത്തിൽ കുതറി മാറി, പിൻവശത്തുള്ള മുറിയിലേയ്ക്ക് ഓടിപ്പോകുന്നു. ഹാൻകെ ഉരക്കോൽ എടുക്കാനായി തിരിയുന്നു)

ഹാൻകെ

(അത്ഭുതാവിഷ്ടനായി)

ഞാനിതിന്റെ സാദ്ധ് ഇപ്പം നിന്നെ അറിയിച്ചേക്കാടീ, നാറിത്തേവിടിച്ചീ!

ഗോട്ട്വാൾഡ്

(ഹനേലെയോട്)

ഒന്നും സാരമില്ല, മോളെ, ഒക്കെ ശരിയായി!

(ഹാൻകെയോട്)

താനെന്താണവിടെച്ചെയ്യുന്നത്?

ഹാൻകെ

എന്താ ഞാൻ ഇവടെച്ചെയ്യണെ?

ഹെറെറ

(പിൻഭാഗത്തുള്ള വാതിൽക്കൽ അവളുടെ തല കാണിച്ചുകൊണ്ട്)

Digitized By Kerala Sahitya Akademi

അതയല്ലട്യ്ല്ല. അയല്ലു കട്ടതാ.

ഹാൻകെ

ക്ഷെമീരെടീ, നീയിത്തിരി ക്ഷെമിയ്! ഞാൻ നിന്നെ ഒരു പാകത്തിനാക്കാടീ, വരട്ടെ!

ഗോട്ട്‌വാൾഡ്

നിങ്ങൾ ഒന്ന് ഒച്ചയെടുക്കാതിരിക്കാൻ ഞാനപേക്ഷിക്കുന്നു. കുഞ്ഞിനു തീരെ സുഖമില്ല.

ഹാൻകെ

(ഉരക്കോൽ തറയിൽനിന്നെടുത്തു ലജ്ജിതനായി പുറകോട്ടു വലിയുന്നു)

ഊഠഠഠ, എന്താ സംഗതി?

സീഡെൽ

(രണ്ട് ഇഷ്ടികയുമായി പ്രവേശിക്കുന്നു)

ഇതുകൊണ്ടു കഴിക്കണം.

ഗോട്ട്‌വാൾഡ്

(ഇഷ്ടികകൾ പരിശോധിച്ചുകൊണ്ട്)

അവയ്ക്ക്, വേണ്ടിടത്തോളം ചൂടുപിടിച്ചിട്ടുണ്ടോ?

സീഡെൽ

ഓഹോ, അതവൾക്കു ശ്ലൂട്ടുകൊടുക്കും.

(അയാൾ ഇഷ്ടികകളിൽ ഒന്ന് ഹന്നേലെയുടെ കാൽക്കൽ വെയ്ക്കുന്നു)

ഗോട്ട്‌വാൾഡ്

മറേറതു് അതാ അവിടെ വെയ്ക്കു.

(മറെറാരു സ്ഥലത്തേയ്ക്കു ചൂണ്ടിക്കാണിക്കുന്നു)

സീഡെൽ

എന്നിട്ടും അവക്കു വല്യേ ചൂടൊന്നും ഏററാട്ടെണ്ടെന്നു തോന്നണില്ല.

Digitized By Kerala Sahitya Akademi

ഗോട്ട്വാൾഡ്

കുഞ്ഞു തണുത്തു 'കിടുകിടെ' വിറയ്ക്കുകയാണ്.

(സീഡലിനെ അനുഗമിച്ചുകൊണ്ട് ട്രംപ്പെയും പ്രവേശിച്ചിട്ടുണ്ട്. അവരുടെ പുറകെ ഹെറൈറയും പ്ലെഷ്കെയും മററനവധി 'ദരിദ്രനാരായണ'ന്മാരും പ്രവേശിക്കുന്നു. അവർ കാര്യമറിയാനുള്ള ഉൽക്കണ്ഠയോടുകൂടി, വാതില്ക്കലായി, ഓരോന്നു പിറുപിറുത്തുകൊണ്ടും ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടും നില്ക്കുന്നു. ട്രംപ്പെ കട്ടിലിന്നടുത്തേയ്ക്കു നീങ്ങി അവരുടെ കൈ വിലങ്ങനെ മടക്കി ഓരോ പള്ളയ്ക്കും ഊന്നിക്കൊണ്ടങ്ങനെ നില്ക്കുന്നു)

ട്രംപ്പെ

കൊറച്ചു ബ്രാണ്ടീം അനത്ത്യാ വെള്ളോംകൂടി അവക്ക കൊടുത്താ നന്നായിരിക്കുന്ന തോന്നണു.

സീഡെൽ

(ഒരു കുപ്പി പുറത്തേയ്ക്കു വലിച്ചെടുക്കുന്നു. പ്ലെഷ്കെയും ഹാൻകെയും അപ്രകാരംതന്നെ പ്രവർത്തിക്കുന്നു)

ഒരിച്ചിര്യേതാണ്ട് ബാക്കീതിലെണ്ടന്നാ തോന്നണെ.

ട്രംപ്പെ

(അടുപ്പിനരികെ)

അതിങ്ങു കൊണ്ടന്നാട്ടെ!

സീഡെൽ

വെള്ളം ചൂടായോ?

ട്രംപ്പെ

വെട്ടിത്തെളയ്ക്കുവാ!

ഗോട്ട്വാൾഡ്

അല്പം പഞ്ചസാര അതിൽ ചേർത്താൽ നന്നായിരിക്കും.

ഹെറൈറ

ഞങ്ങക്കെവടന്നു പഞ്ചസാര കിട്ടുംന്നാ നിങ്ങടെ വിചാരം?

Digitized By Kerala Sahitya Akademi

ത്സംപ്പെ

ഛെര, വായടയ്ക്കെടി! നീ കൊറെ ഒളിച്ചുവൃത്തിവെ ച്ചേക്കണെ നെനക്കുതന്നെറിയാല്ലോ!

ഹെറെറ

നൊണ പറയുകയാ നിങ്ങടം—മുത്താച്ചി നൊണ! ഒരു നല്ല പഞ്ചാരേങ്കിലും ഇരിക്കണില്ലാ, എന്റെ കയ്യില്ല്.

(സിരാക്ഷോഭത്തോടെ ചിരിക്കുന്നു)

ത്സംപ്പെ

നീയാടീ, നീയാ, പറയണെ നൊണ. ഞാൻ കണ്ട താണല്ലോ നീ കൊണ്ടരണെ!

സീഡെൽ

(ഹെറെറയോടു്)

ഓടിച്ചെന്ന് ഒരിമ്മിണി ഇങ്ങെടുത്തോണ്ടന്നേ!— എന്താ നെനക്കൊക്കൂല്ലേ?

ഹാൻകെ

(ഹെറെറയോടു്)

പിന്നെന്താ നീ ഇങ്ങനെ കുന്തം മിഴുങ്ങ്യേ മട്ടു നിക്കണത്?

ഹെറെറ

(വാശിയോടുകൂടി)

താന്തന്നെ പോയിക്കൊണ്ടര്, തേടിപ്പിടിച്ച്.

പ്ലെഷ്കെ

പ്—പ്—ഫഞ്ചാര ചെന്നിട്ടുത്തോണ്ടുവരാൻ!

ഹെറെറ

തനിക്ക്യാവശ്യോള്ളതൊക്കെക്കിട്ടും; പലവെഞ്ഞനക്കടേച്ചെല്ല്!

(പോകുന്നു)

Digitized By Kerala Sahitya Akademi

സീഡെൽ

പലവഞ്ഞതനക്കടക്കാരൻെറ അട്ടക്കേന്നു നെനക്ക കിട്ടീല്ലെങ്കി എരട്ടി വേഗത്തിലിങ്ങു വന്നേക്കണേ—ആട്ടെ, നെനക്ക കാണാം! എനിക്കത്രേ പറയാനൊള്ളൂ. അതിക്രൂട്ട്തലൊട്ടം നെനക്കാവശ്യോല്ല—ഒണ്ടെങ്കി, എൻെറ പെങ്കൊച്ചേ, ഞാൻ തരാല്ലോ നെനക്ക്!

പ്ലെഷ്കെ

(പുറത്തേയ്ക്കു പോയിരിക്കയായിരുന്ന അയാൾ തിരിച്ചുവരുന്നു)

ഹാ, അവള് മഹാ കൊള്ളരുതാത്തെ ഒരു വസ്തമാ, അവള്—അതെ!

സീഡെൽ

എന്താ ഒന്നു പയററിനോക്കണോല്ല്യോ അവളുപായട്ട്! ഞാനാർന്നു ഈ പട്ടണത്തിലെ മയിഷ്ട്രേട്ടെങ്കി, ശെരിപ്പെട്ടത്തിവിട്ടേനെ ശവത്തിനെ. ഒരു തമ്മശാലേ വന്നുകൂടണ്ട കാര്യോന്നൂല്ല അവക്ക്—തടിച്ചു ചീർത്തങ്ങനെ കൊഴുത്തു തിമിർത്തിരിക്ക്യണെ പെലയാടി. എന്തുകൊണ്ടവക്ക വേലേടുത്തൂടാ?

പ്ലെഷ്കെ

ഹ്—ഹ്—ഹിതാ—ഒ—ഒരിച്ചിരി ഹ്പഞ്ചാര.

ഹാൻകെ

(ചാരായത്തിൻെറ സുഗന്ധം മൂക്കിൽ വലിച്ചെടുത്തുകൊണ്ട്)

എനിക്കും വല്ലോമൊരു സൂക്കേട്ട വന്നെങ്കിക്കൊള്ളാന്നു; അതെ, എനിക്കുമെ ബഹള ഉണ്ടായേനെ!

(ഒരു വിളക്കോടുകൂടി ഷ്മിഡ്ററ് പ്രവേശിക്കുന്നു. അയാളുടെ പെരുമാററം അന്തസ്സാരത്തോടുകൂടിയതും ഏരമയത്തിൽ പതിഞ്ഞുചേരുന്നതുമാണ്)

Digitized By Kerala Sahitya Akademi

ഷ്മിഡ്റററ്

ദേ, പിന്നേയ്, എല്ലാരും ഒന്നൊഴിഞ്ഞുനില്ക്കണം. മജിസ്ട്രേട്ടെജമാൻ നിമിഷത്തിനകം ഇവിടെയെത്തും.

(മജിസ്ട്രേട്ട് ബെർഗർ കടന്നുവരുന്നു. അദ്ദേഹത്തിന്റെ ഭാവത്തിലും നാട്യത്തിലും ഒരു പെൻഷൻപററിയ ഉദ്യോഗസ്ഥന്റെ രീതി പൊന്തിനില്ക്കുന്നുണ്ട്. അദ്ദേഹത്തിനുള്ളതു നീളം കുറഞ്ഞ മീശയാണ്. തലമുടിയിൽ ഒരു ധൂസരവർണ്ണം കലന്നിട്ടുണ്ടെങ്കിലും, അപ്പോഴും അദ്ദേഹം ചെറുപ്പക്കാരനും സുഭഗനുമാണെന്നു തോന്നും. ഭംഗിയായി വെട്ടിത്തയ്ച്ച നീളമുള്ള ഒരു മേലങ്കി അദ്ദേഹം ധരിച്ചിട്ടുണ്ട്. ഒരുവശം ചരിഞ്ഞ ചട്ടത്തൊപ്പി അദ്ദേഹത്തിന്റെ ശിരസ്സിൽ ഭംഗിയായി ഇണക്കിവെയ്ക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങളിലൊന്ന് വെറും കുട്ടികളെപ്പോലെ വീമ്പടിക്കലാണ്)

പിച്ചക്കാർ

നമസ്കാരം അങ്ങുന്നേ! നമസ്കാരം ഏമാനേ!

ബെർഗർ

നമസ്കാരം.

(ചട്ടത്തൊപ്പിയും മേലങ്കിയും ഊരിയെടുത്തു താഴെവെയ്ക്കുന്നു. കൂടെ കയ്യിലുണ്ടായിരുന്ന വടിയും. ആജ്ഞാശക്തിമായ ഒരാംഗ്യത്തോടുകൂടി)

ഉം, എല്ലാം വെളിയിൽ! നിങ്ങൾ സകലമാനപേരും!

(ഷ്മിഡ്ററ് എല്ലാ പിച്ചക്കാരേയും പിൻവശത്തുള്ള മുറിയിലേയ്ക്ക് ഉന്തിത്തള്ളിപ്പറഞ്ഞയയ്ക്കുന്നു)

ബെർഗർ

നമസ്കാരം മാസ്റ്ററേ!

(തന്റെ കൈ മുന്നോട്ടു നീട്ടുന്നു)

പിന്നെ എങ്ങിനെയെല്ലാമിരിക്കുന്നു കാര്യങ്ങൾ?

Digitized By Kerala Sahitya Akademi

ഗോട്ട്‌വാാൾഡ്

ഞങ്ങൾ ഇതാ ഇപ്പോൾ കുഞ്ഞിനെ വെള്ളത്തിൽ നിന്നു വലിച്ച് എടുത്തതേയുള്ളു.

സീഡെൽ

(മുന്നോട്ടു നിങ്ങിക്കൊണ്ട്)

എനിക്കു മാപ്പുതരണേ, ഏമാന്നേ!

(പട്ടാളരീതിയിൽ അഭിവാദ്യം ചെയ്യുന്നു)

ഞാൻ പതിവിലും വൈകിനിന്നു പണ്യേടുക്കപോർന്നു ആ കൊല്ലപ്പണിപ്പെരേൽ! നോക്ക്യാട്ടെ ഏമാന്നെ എന്റെ കോടാലിക്കു ചിറൂം ഞാനൊരു പുത്തൻപിടീട്ടൊാപ്പിക്ക്യാർന്നു—ആലേന്നു ഞാൻ പൊറത്തേയ്ക്കിറങ്ങി, എറങ്ങീല്ല, അത്ര്യാള്ളു—അപ്പം അങ്ങവട്യോള്ളെ ആ വല്യേ കൊളത്തിലൊണ്ട്, എൻറങ്ങത്തെ—അങ്ങത്തേയ്ക്കറിയാല്ലോ വല്ല്യ ആ ക്കൊളം—ഏതാണ്ടൊരു തഡാഹത്തിന്റ അടുക്കെ വലിപ്പം വരും അതിന്—

(ബെർഗെർ അക്ഷമമായ ഒരാംഗ്യം കാണിക്കുന്നു)

അതേ, ഏമാന്നേ! പിന്നെ ആ കൊളത്തിൽ ഒരു മൃലേണ്ട്—അതിലൊരു കാലത്തും വെള്ളം ഒറഞ്ഞു കട്ടകെട്ടുകേല—എനിക്കിന്നും ഒമ്മേണ്ട്, ഞാനൊരു കുട്ട്യാന്ന കാലത്ത്—

ബെർഗർ

അതൊക്കെപ്പോട്ടെ. താൻ പറഞ്ഞുവന്ന കഥ തുടരു!

സീഡെൽ

(വീണ്ടും അഭിവാദ്യം ചെയ്തിട്ട്)

Digitized By Kerala Sahitya Akademi

ഹനേലെ

അതെ, അങ്ങനേ, പിന്നെ—എവടയ്യാ ഞാൻ പറഞ്ഞുനിര്ത്ത്യേ?—ങ്ഹാ, അതെ, ഞാൻ ആലേന്ന പൊറത്തെറങ്ങി ന്ലാവത്തങ്ങനെ നിക്കകാ. അപ്പോണ്ട് ആരെട്ട്യോ ഒരു കരച്ചില്. ആദ്യം ഞാൻ കരുത്യേ ആരോ വെറുത്യങ്ങനെ മററാളേളാരെ വെകിളി പിടിപ്പിക്കാൻ കള്യായട്ടു ചെയ്യുണതാന്നാ. പക്ഷെ, എൻേറമാന്നേ, കൊളത്തിലേയ്ക്കൊന്നു നോക്ക്യപ്പൊല്ല്യോ—എന്തോ ഒന്നു കെടന്നു പെടക്ക്യണെ കാണാണെ! അതെ, ഏമാന്നേ. വെള്ളം ഒരിക്കലും ഒറഞ്ഞു കട്ടപ്പിടിക്ക്യാത്തെ ആ സ്ഥലത്ത്! ഞാൻ വരഞ്ഞുന്നു ഞാൻ ഒറെക്കെ വിളിച്ചു പറഞ്ഞു. പക്ഷെ, അവക്ക ബോധംകെട്ടു കഴിഞ്ഞിരുന്നു. പിന്നെ, ഞാൻ തിരിച്ചാലേലേയ്ക്ക് ഒരോട്ടോടി; അവടന്നൊരു പലക എടുത്തോണ്ടന്ന് ആ തൊളയ്ക്കമീതെ ഇട്ടുകൊടുത്തു. ഞൊടീന്ന ഞാനവളെ ഒരു വെഷമോംകൂടാതെ പിന്നോം കരക്കകൊണ്ടു വന്നു!

ബെർഗർ

താനൊരു വീരൻതന്നെ, സീഡെൽ! അത്തരം കഥകൾ നിത്യവും നമുക്ക കേക്കാനൊക്കന്നതല്ല. കശപിശകൂടൽ, മല്ലുപിടിത്തം, തലമണ്ട തല്ലിപ്പൊളിക്കൽ മുതലായവയെപ്പററിയാണ് ഗ്രാമത്തിൽ നാം അധികവും കേൾക്കാറുള്ളത്—അപ്പോൾ, പിന്നെ താനവളെ നേരെയിങ്ങോട്ടു കൊണ്ടുവരികയായിരുന്നു, അല്ലേ?

സീഡെൽ

എനിക്ക മാപ്പുതരണേ ഏമാന്നേ, വാദ്യാരുസാറാണ്—

Digitized By Kerala Sahitya Akademi

ഗോട്ട്വാഠഡ്

ഒരു പ്രസംഗംകഴിഞ്ഞു് ഞാൻ ആ വഴിയെ കടന്നു പോകാനിടയായി. അതുകൊണ്ടു് ആദ്യം ഞാൻ അവളെ എന്റെ വീട്ടിലേയ്ക്കു കൊണ്ടുപോയി, എന്റെ ഭാര്യയുടെ പക്കൽനിന്നും അവൾക്കു കുറെ ഉണങ്ങിയ വസ്ത്രങ്ങൾ വാങ്ങിച്ചു.

ബെർഗർ

താൻ ഇക്കാര്യത്തിലെന്തു പറയുന്നു?

സീഡെൽ

(സസംഭ്രമം)

ഞാൻ—പിന്നെ, കെട്ടോ എമാന്നേ—ഹ്ം. അവൾ, ആ മാറേറൺ ഒണ്ടല്ലോ, മാറേറൺ—അയാളുടെ കെട്ട്യോളുടെ മോളാ.

ബെർഗർ

(ആശ്ചര്യസ്തബ്ധനായ മട്ടിൽ)

തളന്നു താറുമാറായ ആ കൊച്ചുപെണ്ണു് മാറേറണിന്റെ ഭാര്യയുടെ മകളാണോ?

സീഡെൽ

അതെ, അങ്ങന്നേ. ആറാഴ്ചയ്ക്കുമുമ്പു് അവക്കടെ തള്ള കഴിഞ്ഞുപോയി....ഇനി പെരുത്തൊന്നും പറയാനില്ല. ഹാവൂ, എന്നെ അവളെന്തിടീം മാന്തും ആയിരുന്നെന്നോ—അവള് വിചാരിച്ചു ഞാനവക്കടെ രണ്ടാമപ്പനാണെന്നാ!

ബെർഗർ

(മാറേറണിനെക്കുറിച്ചോർത്തു മുറുമുറുക്കുന്നു)

പോക്കിരി!

Digitized By Kerala Sahitya Akademi

സീഡെൽ

അയാളിന്നലെത്തൊട്ട് ഇങ്ങിനെ ഇരിപ്പിലിരിന്നു കിടിതന്നെ കട്യാ. അയാളുടെ പള്ള നെറയണെങ്കി ഒരൊററ വീപ്പ വേണം ഏട്ടമാന്നേ, ഒററ വീപ്പ; അതെ.

ബെർഗർ

അവൻെറ ഈ തൊഴിലിന് എൻെറ അടുത്തുനിന്നു കണക്കിനൊരു സമ്മാനം വാങ്ങിച്ചേ ശരിപ്പെട്ടു.

(ഹനേലെയുടെ മീതെ കുനിയുന്നു)

എൻെറ കുഞ്ഞേ, ഇതു കേൾക്കു. കരയാതിരി. എന്തിനായിട്ടാണ് ഈ പെൺകുട്ടി എൻെറ നേക്ക് ഇങ്ങനെ ഉററുനോക്കുന്നതു്?...ഞാൻ നിന്നെ ഉപദ്രവിക്കില്ല. എന്താ നിൻെറ പേര്?... ദയവുചെയ്ത് അല്പംകൂടി ഉറക്കെ. എനിക്കു നീ പറയുന്നതു കേട്ടുകൂടാ—

(അയാൾ എഴുന്നേല്ക്കുന്നു)

കുട്ടി മഹാ വാശിക്കാരിയാണെന്നു തോന്നുന്നു.

ഗോട്ട്വാൾഡ്

അവൾ ഭയപ്പെട്ടിട്ടുണ്ടെന്നേയുള്ളു ... ഹനേലെ!

ഹനേലെ

(ഏങ്ങിക്കൊണ്ട്)

എന്താ, സാർ!

ഗോട്ട്വാൾഡ്

മജിസ്ട്രേട്ടു പറയുന്നതുപോലെ ചെയ്യു, കുഞ്ഞേ!

ഹനേലെ

(വിറച്ചുകൊണ്ട്)

ഈശ്വരാ, ഞാൻ മരവിക്കുകയാണ്!

Digitized By Kerala Sahitya Akademi

സീഡെൽ

(ചാരായം കൊണ്ടുവന്നിട്ട്)

ഇതാ—ഇതൊരു തുള്ളേല്യാന്ന കഴിച്ചാട്ടെ, മോളെ!

ഹനേലെ

(യഥാപൂർവ്വം)

ഈശ്വരാ, എനിക്ക വിശക്കുന്നു!

ഗോട്ട്‌വാൾഡ്

(മജിസ്ട്രേട്ടിനോട്ട്)

ഒരു പ്രയോജനവുമില്ല. സാദ്ധ്യമല്ല നമുക്കവളെ കുടിപ്പിക്കാൻ.

ഹനേലെ

ഹാവൂ, എന്തൊരു വേദന!

ഗോട്ട്‌വാൾഡ്

എവിടെയാണ് നിനക്ക വേദനിക്കുന്നതു, കുഞ്ഞേ?

ഹനേലെ

അയ്യോ, എനിക്ക പേട്യാവണു! എനിക്ക പേട്യാവണു!

ബെർഗർ

ആരാണു നിന്നെ പേടിപ്പിക്കുന്നത്, എന്റെ ഓമനേ? ങ്ആ, പറയൂ, പറയൂ, അതിനെക്കുറിച്ചുള്ളതെല്ലാം ഞങ്ങളോടു പറയൂ! പേടിക്കേണ്ട. എന്തായിരുന്നു അത്?—നീ പറയുന്നതിലൊരൊററ വാക്ക് എനിക്ക മനസ്സിലാക്കാൻ സാധിക്കുന്നില്ല. ശ്രമിച്ചുനോക്കു; ശരിക്കൊന്ന് ഓത്തുപറയൂ എങ്ങനെയാണ് അതു സംഭവിച്ചതെന്ന്. നിന്റെ അച്ഛൻ നിന്നെ വല്ലതും ഉപദ്രവിച്ചോ?—അയാറം നിന്നെ തല്ലുകയോ, പൂട്ടിയിടുകയോ മററോ ചെയ്തോ?

Digitized By Kerala Sahitya Akademi

ഹനേലെ

അതോ—നിന്നെ തെരുവിലേയ്ക്കടിച്ചിറക്കിയോ?— ഹോ, വലിയ വിഷമംതന്നെ ഇവളിൽനിന്നെന്തെങ്കിലും മനസ്സിലാക്കാൻ—

സീഡെൽ

അതേ, ഏമാനെ! ചളപളാന്നങ്ങനെ ചെലക്ക്യണത വക്കിഷ്ടോല്ല. **അവളേക്കൊണ്ട്** വർത്താനം പറയിക്കണേക്കാ എളപ്പാ, ഏമാനെ, മരം വെട്ടീടണെ. ഒരു ചുണ്ടെല്ല്യേപ്പോലെ അനങ്ങാതെ, ഒച്ചേണ്ടാക്കാതെ, ഇരിക്ക്യണോളാ അവൾ; അതെ, **അവള**ങ്ങന്യാ!

ബെർഗർ

നമുക്കിതു തുടൻകൊണ്ടുപോകുവാൻ മാത്രം വേണ്ട സത്യസ്ഥിതികൾ ഉണ്ടായാൽ മതിയായിരുന്നു—നമുക്ക പുളളിയെപ്പിടിച്ചു 'ലാക്കപ്പിലാക്കാൻ' കഴിഞ്ഞേനെ!

ഗോട്ട്വാൾഡ്

അവൾക്കയാളെ വല്ലാത്ത ഭയമാണ്.

സീഡെൽ

ഇതേ, ഇതാദ്യത്തെത്തവണേം മറെറാന്നല്ല അവൻെറ ഇത്തരത്തിലൊള്ളെ പിള്ളകളി. ഏമാൻ നാട്ടാരോടൊന്നു ചോദിച്ചുനോക്കിയാട്ടെ....അവരപ്പം പറയും എന്തു തരക്കാരനാ ആ മനിഷ്യേനെന്ന്. ഇതിനൊക്കെ വളരെ വളരെക്കൊല്ലം മുമ്പെതന്നെ ഈ പെണ്ണിൻെറ കഥ്യവൻ കഴിച്ചില്ലല്ലോ—അതുതന്നെ ഒരത്ഭുതാ ഏമാന്നേ, അത്ഭുതാ!

ബെർഗർ

അയാൾ ഇവളെ എന്തുചെയ്തിട്ടുണ്ട്?

Digitized By Kerala Sahitya Akademi

സീഡെൽ

ഹെന്തുശെയ്യട്ടെണ്ടന്നോ, ഏമാന്നേ? രാത്രി വീട്ടീന്നു ടിച്ചുപൊറത്താക്കം. അതാ അയാള്ള ശെയ്യേക്കണെ പ്രദാനസംങ്ങതി. മഞ്ഞത്തു് അവളെ അടിച്ചു പൊറത്താക്കി ത്തെണ്ടാനയയ്ക്കും. അതാ അയാള്ള ശെയ്യാറു്. അയാക്കു മുക്കമുറെറക്കുടിക്ക്യാനൊള്ള വഹ അവള്ള കൊണ്ടുവന്നു കൊടുത്തില്ലെങ്കി, എന്റെ ഏമാന്നേ, പൊയ്യോളുകേ വേണ്ടു, പാവം, പിന്നേം പൊറത്തേയ്ക്കു്! അതാ അയാളുടെ പ്രവവത്തി. എത്രേത്രെ രാത്ര്യാ പാവം തണുത്തു കിടുകിടാന്നു വെറച്ചു പൊട്ടിക്കരഞ്ഞോണ്ടു നടന്നൊട്ടൊള്ളേന്നോ, ഏമാന്നേ, എത്രേത്രെ രാത്രി!—അതെ!

ഗോട്ട്വാൾഡു്

അവളുടെ അമ്മ ജീവിച്ചിരുന്ന കാലത്തു കാര്യം ഇത്ര മാത്രം കഷ്ടത്തിലായിരുന്നില്ല.

ബെർഗർ

കൊള്ളാം, എങ്ങിനെ യായാലും, നമുക്കയാളെ അങ്ങ് അറസ്ററു ചെയ്യിച്ചുകളയാം. പേരുകേട്ട ഒരു പെരുംകുടിയനാണയാൾ. എന്റെ കുഞ്ഞേ, ആട്ടെ, ഇനിയെന്റെ മുഖത്തേയ്ക്കു നേരേ ഒന്നു നോക്കു!

ഹനേലെ

(യാചിക്കുന്ന മട്ടിൽ)

ഓ ദയവുചെയ്തു്, ദയവുചെയ്തു്, ദയവുചെയ്തു്!...

സീഡെൽ

ഏമാൻ അവളോട് ശോദ്യങ്ങൾ ശോദിച്ചോണ്ടു് ഒ

Digitized By Kerala Sahitya Akademi

രുക്രെതോല്ല ഏമാന്നേ! അവടെ നാവീന്നു ഒന്നും, ഒരു വസ്തും, കിട്ടത്തില്ല.

ഗോട്ട്‌വാൾഡ്

(ശാന്തമായി)

ഹനേലെ!

ഹനേലെ

എന്താ, സാർ?

ഗോട്ട്‌വാൾഡ്

നിനക്ക് എന്നെ അറിയാമോ?

ഹനേലെ

അറിയാം, സാർ.

ഗോട്ട്‌വാൾഡ്

ആരാണു ഞാൻ?

ഹനേലെ

വാദ്ധ്യാരു സാറ്—ഗോട്ട്‌വാൾഡ് വാദ്ധ്യാരു സാറ്!

ഗോട്ട്‌വാൾഡ്

അതു ശരി. നാം വേണ്ടവിധംതന്നെ കഴിഞ്ഞുകൂട്ടുന്നു. ഇപ്പോളിനി, എന്റെ ഓമനക്കുഞ്ഞേ, അതു സംബന്ധിച്ചുള്ളതെല്ലാം ഞങ്ങൾക്കു പറഞ്ഞുതരു. ഭയപ്പെടേണ്ട! കൊല്ലക്കുടിലിനടുത്തുള്ള കുളത്തിലേയ്ക്കുപോകാതെ, പകരം, വീട്ടിൽ നീ ഇരിക്കാഞ്ഞതെന്തുകൊണ്ടാണ്?

ഹനേലെ

എനിക്കു പേട്യാവണു! എനിക്കു പേട്യാവണു!

ബെർഗർ

ഞങ്ങൾ പൊയ്ക്കൊള്ളാം. നിനക്കു പറയാനുള്ളതു മുഴുവനും നീ പള്ളിക്കൂടം വാദ്ധ്യാരോടു പറഞ്ഞുകൊള്ളു!

Digitized By Kerala Sahitya Akademi

ഹന്നേലെ

(ലജ്ജയോടുകൂടിയും, അത്ഭുതരഹസ്യാത്മകമായ രീതിയിലും)

അദ്ദേഹം എന്നെ വിളിച്ചു!

ഗോട്ട്വാൾഡ്

നിന്നെ ആരു വിളിച്ചു, തങ്കം?

ഹന്നേലെ

കത്താവു്, യേശു!

ഗോട്ട്വാൾഡ്

എവിടെനിന്നാണു് യേശുദേവൻ നിന്നെ വിളിച്ചതു്?

ഹന്നേലെ

വെള്ളത്തിൽനിന്നു്.

ഗോട്ട്വാൾഡ്

എവിടെ?

ഹന്നേലെ

വെള്ളത്തിന്റെ അടിത്തട്ടിൽനിന്നു്.

ബെർഗർ

(തന്റെ നിശ്ചയം മാററി, മേലങ്കിയെടുത്തിട്ടുകൊണ്ടു്)

നാം ഡോക്ടറെ തിരക്കിപ്പിടിച്ചുകൊണ്ടുവരുന്നതാണു് കൂടുതൽ നന്നു്. ഞാൻ തീർത്തുപറയാം, അയാളിപ്പോഴും കുടിച്ചുകൊണ്ടിരിക്കുന്ന ഹോട്ടലിൽനിന്നു വിട്ടുപോന്നിരിക്കയില്ല.

ഗോട്ട്വാൾഡ്

ഞാൻ സിസ്റ്ററന്മാരിൽ ഒരാളെ വിളിച്ചുകൊണ്ടുവരാൻ ആളെ വിട്ടിട്ടുണ്ടു്. വളരെ ശ്രദ്ധയോടുകൂടിയ ശുശ്രൂഷയാണു് കുഞ്ഞിനാവശ്യം.

Digitized By Kerala Sahitya Akademi

ബെർഗർ

ഞാൻ ഇക്ഷണംതന്നെ ഡോക്ടരുടെ അടുത്തേയ്ക്കു പോകാം.

(ഷ്മിഡ്ററിനോട്)

ഷ്മിഡ്ററ് പോലീസുകാരനെ, കുടിക്കവേണ്ട ഏപ്പ്പോഴുള്ള ആ ഹോട്ടലുണ്ടല്ലോ, അങ്ങോട്ടു വിളിച്ചുകൊണ്ടുവരിക. നമുക്കയാളെ ലോക്കപ്പിലാക്കിക്കളയാം, നമസ്കാരം, വാദ്ധ്യാരേ!

(ബെർഗരും ഷ്മഡ്ററും പോകുന്നു. ഹന്നേലെ കിടന്നുറക്കം പിടിക്കുന്നു)

സീഡെൽ

(അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം)

അദ്ദേം അയാളെ ജേലിലൊന്നും അടക്കുകേല—അതൊക്കകേല അധികോന്നും.

ഗോട്ട്വാൾഡ്

എന്തുകൊണ്ടില്ല?

സീഡെൽ

അദ്ദേത്തിനറിയാം എന്തുകൊണ്ടാന്ന്; അതെ, അദ്ദേത്തിനറിയാം. ആരാ പെണ്ണിൻെറ അപ്പൻ, ങ്ഏ?

ഗോട്ട്വാൾഡ്

ഛെ, അസംബന്ധം! അതൊക്കെ ചുമ്മാ ആളുകൾ പറഞ്ഞു പരത്തുന്നതാണ്!

സീഡെൽ

ആവട്ടെ. എനിക്ക്യറിയാവുന്നെ എനിക്ക്യറിയാം.

ഗോട്ട്വാൾഡ്

ആളുകൾ പലതും പറയും. താനതൊന്നും കേട്ടുവി

Digitized By Kerala Sahitya Akademi

ശാസിക്കരുത്. അവയിൽ പകുതിയും കള്ളമാണ്—ക
ഴിയുന്നതും വേഗത്തിൽ ഡോക്ടർ ഇങ്ങെത്തിച്ചേർന്നാൽ മ
തിയെന്നു മാത്രമെ ഞാനാശിക്കുന്നുള്ളൂ.

സീഡെൽ

(മൃദുസ്വരത്തിൽ)

അവളിതിനു കടന്നുകൂടത്തില്ല. നിങ്ങൾക്കു കാണാം.

(ഡോക്ടർ വാച്ലെർ പ്രവേശിക്കുന്നു. മുപ്പത്തിനാലു വയസ്സു പ്രായംചെന്ന, ഗൌരവഭാവക്കാരനായ ഒരു മനുഷ്യൻ)

ഡാക്ടർ വാച്ലെർ

നമസ്തേ!

ഗോട്ട്വാൾഡ്

നമസ്തേ, ഡോക്ടർ!

സീഡെൽ

(ഡോക്ടരെ, രോമംകൊണ്ടുള്ള മേലുടുപ്പ് അഴിച്ചുമാററാൻ സഹായിച്ചുകൊണ്ട്)

നമശ്ക്കാരം, ഡാക്കിട്ടരങ്ങത്തെ!

ഡാക്ടർ വാച്ലെർ

(അടുപ്പിനുമീതെ തന്റെ കൈ ചൂടാക്കിക്കൊണ്ട്)

എനിക്കു വേറൊരു മെഴുകുതിരി കിട്ടിയാൽ കൊള്ളാമായിരുന്നു.

(എന്തോ ഒരു മാന്ത്രികോപകരണത്തിന്റെ ശബ്ദം തൊട്ടടുത്തുള്ള മുറിയിൽനിന്നും വരുന്നു)

അവൾക്കൊരു ലക്കില്ലെന്നാണു തോന്നുന്നത്.

സീഡെൽ

(പുറകിലത്തെ മുറിയുടെ പകുതി അടച്ചിട്ടുള്ള വാതൽക്കൽ)

നിങ്ങൾക്കൊന്നവടെ ഒച്ചുണ്ടാക്കാണ്ടെ അടങ്ങ്യൊതു
ങ്ങി ഇരിക്കാമ്മേലേ?

Digitized By Kerala Sahitya Akademi

(ശബ്ദം നിലയ്ക്കുന്നു. സീഡെൽ പുറകിലത്തെ മുറിയിലേയ്ക്കു പോകുന്നു)

ഡാക്ടർ വാച്ലെർ

മിസ്റ്റർ ഗോട്ട്വാൾഡാണ്, അല്ലേ?

ഗോട്ട്വാൾഡ്

അതെ, അതാണെന്റെ പേര്.

ഡാക്ടർ വാച്ലെർ

അവൾ തന്നത്താൻ മുങ്ങിച്ചാകാൻ തുനിഞ്ഞതായി ഞാൻ കേൾക്കുന്നു; അങ്ങനെയോ?

ഗോട്ട്വാൾഡ്

പാവം കട്ടി, അവളുടെ ക്ലേശങ്ങളിൽനിന്നു രക്ഷപ്രാപിക്കാൻ അവൾ മറെറാരു പോംവഴിയും കണ്ടില്ല.

(ചെറിയ ഇടവിശ്രമം)

ഡാക്ടർ വാച്ലെർ

(അവളുടെ കട്ടിലിന്നരികെ ചെന്നുനിന്നു ഹന്നേലെയെ പരിശോധിച്ചുകൊണ്ട്)

അവൾ ഉറക്കത്തിൽ കിടന്നു സംസാരിക്കുകയായിരുന്നോ?

ഹന്നേലെ

കോടി കോടി നക്ഷത്രങ്ങൾ!

(ഡോക്ടർ വാച്ലെരും ഗോട്ട്വാൾഡും കുട്ടിയെ പരിശോധിക്കുന്നു. കിളിവാതിലിൽക്കൂടി ചന്ദ്രിക ഒഴുകിയണഞ്ഞു് അവരുടെ മേൽ പതിക്കുന്നു)

എന്തിനാണു നിങ്ങൾ എന്റെ എല്ലുകൾ പിടിച്ചു വലിക്കുന്നത്? അരുത്! അരുത്! എനിക്കു നോവുന്നു, അയ്യോ, എനിക്കു വല്ലാതെ നോവുന്നു!

Digitized By Kerala Sahitya Akademi

ഹന്നേലെ

ഡാക്ടർ വാച്ലെർ

(ഹന്നേലെയുടെ ഉടുപ്പായത്തിന്റെ കഴുത്തുപട്ട സൂക്ഷ്മതയോടെ അഴിച്ചിട്ടുകൊണ്ട്)

ചതവുകളുടെ ഒരു കുമ്പാരമാണ് അവളുടെ ശരീരം.

സീഡെൽ

ഹാ, ചവപ്പെട്ടീലിട്ടപ്പം ഇങ്ങനെ തന്നാർന്നു അവക്കൊടെ തല്ലേം!

ഡോക്ടർ വാച്ലെർ

ഹോ, ഭയങ്കരം! ഭയങ്കരം!

ഹന്നേലെ

(ഒരു മാററംവന്ന, രൂക്ഷസ്വരത്തിൽ)

ഞാൻ വീട്ടിലേക്കു പോവില്ല. ഇല്ല; ഞാൻ പോവില്ല. എനിക്കു 'ഡേംഹൈാള്ളെ'യുടെ അടുത്തേക്കു പോകണം.—ഞാൻ കുളത്തിലേക്കു പോട്ടെ!—ഓ, ആ ഭയങ്കരമായ ഗന്ധം!—അച്ഛാ, അച്ഛൻ പിന്നെയും ബ്രാണ്ടി കുടിക്കുകയായിരുന്നു.—അതാ കേട്ടോ; ഹോ, എങ്ങനെ കാററു വീശുന്നു കാട്ടിൽ!—ഇന്നുരാവിലെ കുന്നുകളിൽ ഒരു കൊടുങ്കാററു വീശി—ഓ, ഒരഗ്നിബാധയുണ്ടാവുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.—നിങ്ങൾ കേൾക്കുന്നോ? ഹോ, എന്തൊരു കൊടുങ്കാററ്!—ആ തുന്നല്ക്കാരൻ അയാളുടെ ഇസ്തിരിപ്പെട്ടി കീശയിലിട്ടില്ലെങ്കിൽ അയാളെ ഇതു പറപ്പിച്ചുകൊണ്ടുപോയ്ക്കളയും!

(സിസ്റ്റർ മാർത്താ പ്രവേശിക്കുന്നു.)

ഗോട്ട്വാൾഡ്

നമസ്കാരം, സിസ്റ്റർ

Digitized By Kerala Sahitya Akademi

(അതിന്റെ പ്രതിവചനമെന്ന മട്ടിൽ സിസ്റ്റർ മാർത്താ ശിരസ്സു നമിക്കുന്നു. രംഗത്തിന്റെ പിൻവശത്തായി ഗോട്ട്വാൾഡ്, അവരുടെ അടുത്തു ചെന്നുനില്ക്കുന്നു. ശുശ്രൂഷയ്ക്കാവശ്യമുള്ള സജ്ജീകരണങ്ങളെല്ലാം അവർ അവിടെ നിന്നു ശരിപ്പെടുത്തുകയാണ്.)

ഹന്നേലെ

അമ്മ എവിടെയാ? സ്വർഗ്ഗത്തിലോ? എത്ര ദൂരെയാണതു്?

(അവൾ മിഴി തുറക്കുന്നു; കണ്ണഞ്ചിപ്പോയ മട്ടിൽ അവൾ ചുറ്റുപാടും മിഴിച്ചുനോക്കുകയും, പിന്നീട് സാവധാനത്തിൽ അവളുടെ കണ്ണുകൾ തിരുമ്മിക്കൊണ്ട് മിക്കവാറും ശ്രവ്യമല്ലാത്ത ഒരു സ്വരത്തിൽ പറയുകയും ചെയ്യുന്നു.)

ഞാൻ എവിടെയാണ്?

ഡോക്ടർ വാച്ച്ലെർ

നീ സ്നേഹിതന്മാരുടെകൂടെയാണ്, ഹന്നേലെ!

ഹന്നേലെ

എനിക്കു ദാഹിക്കുന്നു.

ഡോക്ടർ വാച്ച്ലെർ

വെള്ളം!

(വേറൊരു മെഴുകുതിരിയും കൊണ്ട് അകത്തേക്കുവന്ന സീഡെൽ, കുറച്ചു വെള്ളത്തിനായി പുറത്തേയ്ക്കു പോകുന്നു.)

ഡോക്ടർ വാച്ച്ലെർ

നിനക്കു എവിടെയെങ്കിലും വേദന തോന്നുന്നുണ്ടോ?

(ഹന്നേലെ തലകുലുക്കുന്നു.)

ഇല്ല, അതേററവും നല്ലതാണ്. ഞങ്ങൾ ക്ഷണത്തിൽ നിന്നെ സുഖപ്പെടുത്താം.

Digitized By Kerala Sahitya Akademi

ഹന്നേലെ

ദയവുചെയ്തു, സാറെ, നിങ്ങളാണോ ഡോക്ടർ?

ഡോക്ടർ വാച്ലെർ

അതെ, എന്റെ ഓമനേ.

ഹന്നേലെ

എനിക്കു വളരെ, വളരെ സുഖക്കേടുണ്ടോ?

ഡോക്ടർ വാച്ലെർ

ഇല്ലില്ല! വളരെ സുഖക്കേടൊന്നുമില്ല.

ഹന്നേലെ

നിങ്ങൾ എന്നെ വീണ്ടും സുഖപ്പെടുത്താൻ പോവുകയാണോ?

ഡോക്ടർ വാച്ലെർ

(അവളെ ക്ഷണത്തിൽ പരിശോധനനടത്തിക്കൊണ്ടു്)

ഇവിടെ വേദനയുണ്ടോ? ഇല്ല! ഇവിടെയോ? ഹാ, ഇതുതന്നെ സ്ഥാനം!—ഭയപ്പെടാതിരിക്കൂ! ഞാൻ നിന്നെ വേദനിപ്പിക്കില്ല. ഇതാ, ഇവിടെയാണോ വേദനയുള്ളതു്?

ഗോട്ട്വാൾഡ്

(കട്ടിലിന്നരികെ തിരിച്ചുവന്നിട്ടു്)

ഡോക്ടർ ചോദിക്കുന്നതിന്നു് ഉത്തരം പറയൂ, ഹന്നേലെ.

ഹന്നേലെ

(കാര്യമായി, യാചനോപമമായ രീതിയിൽ കണ്ണീരോടുകൂടി)

ഓ, പ്രിയപ്പെട്ട ഗോട്ട്വാൾഡ് സാർ!

ഗോട്ട്വാൾഡ്

ഒന്നു, പറയൂ, പറയൂ! ഡോക്ടർ പറയുന്നതു് ശ്രദ്ധിച്ചുകേട്ടു് അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു ഉത്തരം പറയൂ!

Digitized By Kerala Sahitya Akademi

ഹനേലെ

(ഹനേലെ തലയാട്ടുന്നു.)

ഇല്ല? എന്തുകൊണ്ടില്ല?

ഹനേലെ

ഓ, പോട്ടെ, ഞാനൊന്നു അമ്മയുടെ അടുത്തേയ്ക്കു പോട്ടെ!

ഗോട്ട്‌വാൾഡ്

(ഗാഢമായി ഹൃദയത്തിൽ തട്ടിയിട്ട്—സാവധാനത്തിൽ അവളുടെ തലമുടി തടവുന്നു)

അരുത്, അങ്ങനെ പറയരുത്, എന്റെ തങ്കം!

(ഹ്രസ്വമായ വിരാമകാലം)

(ഡോക്ടർ തലപൊക്കി, ഒരു ദീർഘശ്വാസത്തോടുകൂടി, നിമിഷനേരം എന്തോ ആലോചിക്കുന്നു. സഹോദരി മാർത്താ കത്തിച്ച മെഴുകുതിരി മേശപ്പുറത്തു നിന്നെടുത്തു കൊണ്ടുവന്ന് അതും ഉയർത്തിപ്പിടിച്ചുകൊണ്ട് അരികെ നില്ക്കുന്നു.)

ഡാക്ടർ വാച്ച്‌ലെർ

(സഹോദരി മാർത്തയെ അടുത്തേയ്ക്കു കൈകാട്ടി വിളിക്കുന്നു.)

ഒരു നിമിഷം, സിസ്റ്റർ.

(ഡോക്ടരും സിസ്റ്റർ മാർത്തയും മേശയ്ക്കരികിലേയ്ക്കു ഒഴിഞ്ഞുമാറുന്നു. താണ ഒരു സ്വരത്തിൽ ഡോക്ടർ സിസ്റ്റർ മാർത്തയ്ക്കു ചില നിർദ്ദേശങ്ങൾ കൊടുക്കുന്നു. ഗോട്ട്‌വാൾഡ് ഹനേലെയുടേയും, സിസ്റ്ററിന്റേയും, ഡോക്ടരുടേയും നേർക്കു മാറിമാറി കണ്ണയയ്ക്കുന്നു. അയാൾ, കയ്യിൽ ചട്ടത്തൊപ്പിയുമായി കാത്തുനില്ക്കുന്നു.)

(ഡോക്ടർ സിസ്റ്റർ മാർത്തയുമായുള്ള തന്റെ ശാന്തമായ സംസാരം അവസാനിപ്പിക്കുന്നു)

ഞാൻ കുറെനേരം കഴിഞ്ഞിട്ടുവരാം. എനിക്കു ഇങ്ങോട്ടു മരുന്നെടുത്തു കൊടുത്തയയ്ക്കേണ്ടതായുണ്ട്.

Digitized By Kerala Sahitya Akademi

(ഗോട്ട്‌വാൾഡിനോട്ട്)

അവർ ആ പാനശാലയിൽവെച്ചു് ആ മനുഷ്യനെ അറസ്റ്റുചെയ്തിട്ടുണ്ടെന്നു തോന്നുന്നു.

സിസ്റ്റർ മാർത്താ

അതെ. എന്നാളുകൾ പറയുന്നു.

ഡോക്ടർ വാച്ച്‌ലെർ

(മേല്പടുപ്പെടുത്തിട്ടുകൊണ്ട്, സീഡെലിനോട്ട്)

താൻ എന്നോടൊന്നിച്ചു് ഔഷധവ്യാപാരിയുടെ അടുത്തേയ്ക്കു് ഒന്നുവന്നാൽ നന്നായിരിക്കും.

(ഡോക്ടരും, ഗോട്ട്‌വാൾഡും, സീഡെലും ശാന്തമായി വാതില്ക്കലേയ്ക്കു് ഒഴിഞ്ഞുനീങ്ങിക്കൊണ്ട് സഹോദരി മാർത്തയോടു യാത്ര പറയുന്നു)

ഗോട്ട്‌വാൾഡ്

(യാദൃച്ഛികമായ ഒരു രീതിയിൽ)

ഈ സംഗതിയെക്കുറിച്ചു നിങ്ങൾക്കെന്തു തോന്നുന്നു, ഡോക്ടർ?

(ഡോക്ടരും, ഗോട്ട്‌വാൾഡും, സീഡെലും പോകുന്നു)

(ഹനേലെയോടൊന്നിച്ചു് ഒററയ്ക്കിപ്പോൾ നില്ക്കുന്ന സിസ്റ്റർ മാർത്താ കുറച്ചു പാൽ ഒരു കുഴിയൻകിണ്ണത്തിലേയ്ക്കൊഴിക്കുന്നു. അതിനിടയിൽ ഹനേലെ കണ്ണുതുറന്നു് അവളെ ഗാഢമായി സൂക്ഷിച്ചുനോക്കുന്നു)

ഹനേലെ

യേശുദേവൻെറ അടുത്തുനിന്നു വന്നിരിക്കയാണോ നിങ്ങൾ?

സിസ്റ്റർ മാർത്താ

എന്താണു നീ പറഞ്ഞതു്, ഓമനേ?

Digitized By Kerala Sahitya Akademi

ഹന്നേലെ

നിങ്ങൾ കർത്താവു യേശുമിശിഹായുടെ അടുത്തുനിന്നു വന്നിട്ടുള്ളതാണോ?

സിസ്റ്ററർ മാർത്താ

എന്തു്, ഹന്നേലെ, നീയെന്നെ മറന്നുപോയോ? ഞാൻ സിസ്റ്റർ മാർത്തയാണു്. ഒരു ദിവസം ഞങ്ങളെ കാണാൻ വന്നതും, പ്രാർത്ഥന കഴിച്ചതും, ആ മനോഹരങ്ങളായ പ്രാർത്ഥനാഗീതങ്ങൾ പാടിയതും നീ ഓർക്കുന്നില്ലേ?

ഹന്നേലെ

(ആഹ്ളാദപൂർണ്ണമായി തലകുലുക്കിക്കൊണ്ടു്)

ഓ, ഉവ്വു്, ഉവ്വു്! ആ മനോഹരങ്ങളായ പ്രാർത്ഥനാഗീതങ്ങൾ!

ഹന്നേലെ

എനിക്കു സുഖപ്പെടേണ്ട ആവശ്യമില്ല.

സിസ്റ്റർ മാർത്താ

(അവൾക്കു പാൽ കൊണ്ടുവന്നിട്ടു്)

നിനക്കു വീണ്ടും ശക്തികിട്ടാൻ, നീ ഈ പാൽ അല്പം കുടിക്കണമെന്നു ഡോക്ടർ പറയുന്നു.

ഹന്നേലെ

(തിരിഞ്ഞുകളയുന്നു)

എനിക്കു് ആവശ്യമില്ല സുഖപ്പെട്ടിട്ടു്.

സിസ്റ്റർ മാർത്താ

സുഖപ്പെടേണ്ട ആവശ്യമില്ലേ?—ആ പറയുന്നതു ബുദ്ധിപൂർവ്വമുള്ളതല്ല, എന്റെ ഓമനേ! ദേ, ഞാൻ നിന്റെ തലമുടിയൊന്നു ഒതുക്കിക്കെട്ടട്ടെ.

(അവർ അവളുടെ തലമുടി കെട്ടുന്നു)

Digitized By Kerala Sahitya Akademi

ഹാനലെ

(നിശ്ശബ്ദമായി കരഞ്ഞുകൊണ്ടു്)

എനിക്കു സുഖപ്പെടേണ്ട!

സിസ്റ്റർ മാർത്താ

കൊള്ളാം, ഇതെന്തു കൃത്യ്! എന്തുകൊണ്ടു വേണ്ട?

ഹനേലെ

ഓ, സ്വർഗ്ഗത്തിലേയ്ക്കു പോകാൻ ഞാനെത്രമാത്രം ആശിക്കുന്നു, സിസ്റ്റർ!

സിസ്റ്റർ മാർത്താ

നാം എല്ലാവരും അതിനാശിക്കുന്നുണ്ടു്, ഓമനേ. പക്ഷെ നാം ക്ഷമയോടുകൂടി, ദൈവം നമ്മളെ വിളിക്കുന്നതുവരെ കാത്തിരിക്കണം; അതിനുശേഷം, നാം നമ്മുടെ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നപക്ഷം—

ഹനേലെ

(സോല്ലാസം)

ഞാൻ **തീർച്ചയായും** പശ്ചാത്തപിക്കുന്നു, സിസ്റ്റർ. അതെ, അതെ, തീർച്ചയായും ഞാനതു ചെയ്യുന്നു.

സിസ്റ്റർ മാർത്താ

—അതുപോലെത്തന്നെ നാം കർത്താവായ യേശുവിൽ വിശ്വസിക്കുന്നു എങ്കിൽ—

ഹനേലെ

ഞാൻ **തീർച്ചയായും** അദ്ദേഹത്തിൽ വിശ്വസിക്കുന്നു!

സിസ്റ്റർ മാർത്താ

എങ്കിൽ സമാധാനത്തോടുകൂടി നീ കാത്തിരിക്കൂ, കുഞ്ഞേ!—ഞാൻ നിന്റെ തലയണയൊന്നു കൊട്ടിവിരിച്ചു തരാം—അങ്ങനെ. ഇനി കിടന്നുറങ്ങിക്കൊള്ളൂ.

Digitized By Kerala Sahitya Akademi

ഹനേലെ

എനിക്കുറങ്ങാനൊക്കില്ല.

സിസ്റ്റർ മാർത്താ

ഓഹോ, നീ ശ്രമിച്ചാൽ മതി, നിനക്കൊക്കും.

ഹനേലെ

സിസ്റ്റർ മാർത്ത!

സിസ്ററർ മാർത്താ

എന്താ, ഓമനേ?

ഹനേലെ

സിസ്റ്റർ! എന്തെങ്കിലുമുണ്ടോ—ക്ഷമിക്കാൻ വയ്യാത്ത പാപങ്ങൾ, എന്തെങ്കിലും?

സിസ്ററർ മാർത്താ

അതിനെക്കുറിച്ച് ഇപ്പോൾ നമുക്കൊന്നും സംസാരിക്കേണ്ട. നീ തന്നത്താൻ ക്ഷോഭം വരുത്തിക്കൂട്ടിക്കൂടാ.

ഹനേലെ

ദയവുചെയ്തു്, ദയവുചെയ്തു്, ദയവുചെയ്തു്! സിസ്റ്റർ എന്നോടു പറയുകയില്ലേ?

സിസ്റ്റർ മാർത്താ

ഉവ്വ്, ഉവ്വ്. ദൈവം ക്ഷമിക്കാത്ത പാപങ്ങൾ ചിലതുണ്ട്—'പരിശുദ്ധാത്മാവി'നോടുള്ള പാപങ്ങൾ!

ഹനേലെ

ഓ, സിസ്റ്റർ വിചാരിക്കുന്നുണ്ടോ ഞാൻ ഒരു പാപം ചെയ്തിട്ടുണ്ടെന്നു്?

സിസ്റ്റർ മാർത്താ

വിഡ്ഢിത്തം! എന്തിന്, നമ്മുടെ കർത്താവിനെ വഞ്ചിച്ച ജൂഡാസിനെപ്പോലെയുള്ള വലിയ, **വലിയ** ദുഷ്ടന്മാരാ

Digitized By Kerala Sahitya Akademi

യ മനുഷ്യർക്കുമാത്രമേ അങ്ങനെയുള്ള പാപങ്ങൾ ചെയ്യാൻ കഴിയൂ!

ഹനേലെ

നിങ്ങൾക്കറിഞ്ഞുകൂടാ—നിങ്ങൾക്കറിഞ്ഞുകൂടാ.

സിസ്റ്റർ മാർത്താ

സ്ഷ്, മിണ്ടാതിരിക്കു—കിടന്നുറങ്ങു!

ഹനേലെ

എനിക്കു വല്ലാതെ പേടിയാകുന്നു.

സിസ്ററർ മാർത്താ

നീ ഒട്ടും പേടിക്കേണ്ട

ഹനേലെ

പക്ഷെ, അങ്ങനെയൊരു പാപം ഞാൻ ചെയ്തിട്ടുണ്ടെങ്കിലോ?

സിസ്ററർ മാർത്താ

ഓ, നീ പക്ഷെ ഒന്നും ചെയ്തിട്ടില്ല.

ഹനേലെ

(സിസ്റ്ററിനെ കെട്ടിപ്പിടിച്ചുകൊണ്ട് ഇരുളിലേയ്ക്കു തുറിച്ചു നോക്കുന്നു.)

സിസ്റ്റർ! സിസ്റ്റർ!

സിസ്റ്റർ മാർത്താ

മിണ്ടാതിരിക്കു, ഓമനെ, മിണ്ടാതിരിക്കു!

ഹനേലെ

സിസ്റ്റർ!

സിസ്റ്റർ മാർത്താ

എന്താണുകാര്യം?

Digitized By Kerala Sahitya Akademi

ഹനേലെ

അദ്ദേഹം വരുന്നുണ്ട്. നിങ്ങൾക്ക് അദ്ദേഹത്തിൻെറ കാലൊച്ച കേട്ടുകൂടേ?

സിസ്റ്റർ മാർത്താ

ഞാൻ ഒന്നും കേൾക്കുന്നില്ല.

ഹനേലെ

അതാ, അതദ്ദേഹത്തിൻെറ സ്വരമാണ്—വെളിയിൽ!—അതാ ശ്രദ്ധിക്കൂ.

സിസ്റ്റർ മാർത്താ

ആരുടെ സ്വരം?

ഹനേലെ

അച്ഛൻെറ! അച്ഛൻെറ! അതാ അച്ഛൻ!

സിസ്റ്റർ മാർത്താ

എവിടെ? ഞാൻ കാണുന്നില്ല.

ഹനേലെ

നോക്കൂ!

സിസ്റ്റർ മാർത്താ

എവിടെ?

ഹനേലെ

കട്ടിലിൻെറ ചുവട്ടിൽ!

സിസ്റ്റർ മാർത്താ

അതു് ആ കോട്ടും ചട്ടത്തൊപ്പിയും മാത്രമാണ്, തങ്കം. നമുക്ക് ആ നാറസ്സാധനങ്ങൾ എടുത്തു കൊണ്ടുപോയി പ്ലെഷ്കെ മുത്തപ്പനു കൊടുത്തുകളയാം! എന്നിട്ടു ഞാൻ കുറച്ചുവെള്ളം കൊണ്ടുവന്ന് നിനക്കുവേണ്ടി നമുക്കൊരു ശു

Digitized By Kerala Sahitya Akademi

ണിമടക്കണ്ടാക്കാം. കുറച്ചു നിമിഷത്തേയ്ക്കു ഞാൻ നിന്നെ തനിച്ചുവിട്ടിട്ടുപോയാൽ നിനക്കു പേടിയാവുകയില്ലല്ലോ, ഉവ്വോ! ഞാൻ തിരിച്ചുവരുന്നതുവരെ അനങ്ങാതെ കിടക്കൂ!

ഹനേലെ

അതു വാസ്തവത്തിൽ കോട്ടും ചട്ടത്തൊപ്പിയും മാത്രമായിരുന്നോ, സിസ്റ്റർ? എന്തു മണ്ടത്തരമായിപ്പോയി!

സിസ്റ്റർ മാർത്താ

തീരെ അനങ്ങാതെ ശബ്ദിക്കാതെ കിടക്കൂ! ഞാൻ ഇപ്പോൾത്തന്നെ മടങ്ങിയെത്താം.

(അവർ പുറത്തേയ്ക്കിറങ്ങുന്നു; പക്ഷെ മുററത്തു കുററാക്കുററിരുട്ടായിരുന്നതിനാൽ തിരിച്ചുവരുന്നു.)

ഒരു മിനിട്ടുനേരത്തേയ്ക്കു ഞാനീ മെഴുകുതിരി വെളിയിൽ മുററത്തൊന്നു വെയ്ക്കട്ടെ

(ഹനേലിന്റെനേർക്ക് അവർ മൃദുവായി വിരലാട്ടുന്നു.)

ദേ, മനസ്സിലായോ, അനങ്ങരുത്, നിശ്ശബ്ദം!

(അവർ വെളിയിലേയ്ക്കു പോകുന്നു.)

(മുറിയിൽ ഒട്ടുമുക്കാലും ഇരുട്ടാണ്. സിസ്റ്റർ പോയിക്കഴിഞ്ഞ ഉടൻതന്നെ, കല്പാശാരിയായ മാറേറണിന്റെ രൂപം കട്ടിലിന്റെ കാല്ക്കലായി പ്രത്യക്ഷപ്പെടുന്നു. കുടിച്ചുമറിഞ്ഞു വൃത്തികെട്ട ഒരു മട്ടിലാണയാൾ. ചെടകെട്ടിയ ചെമ്പൻതലമുടി. ഒരു നാറപ്പഴഞ്ചൻ പട്ടാളത്തൊപ്പി. ഇടതു കയ്യിൽ അയാൾ അയാളുടെ പണിക്കോപ്പുകൾ പിടിച്ചിരിക്കുന്നു. അയാളുടെ വലത്തെ കയ്യിന്റെ മണിബന്ധത്തിനു ചുററും ഒരു കരിമ്പടച്ചരട്. അവളെ അടിക്കാൻ ഭാവിക്കുന്നപോലെ, ഭീഷണിപ്പെടുത്തിക്കൊണ്ട് അയാൾ ഹനേലിന്റെ നേർക്കു തുറിച്ചുനോക്കുന്നു. ഒരു വിളറിയ വെളിച്ചം ആ ഛായാരൂപത്തെ ആവരണംചെയ്തു കട്ടിലിലേയ്ക്കു പ്രസരിക്കുന്നു. ഹ

Digitized By Kerala Sahitya Akademi

ന്നേലെ പേടിച്ചരണ്ട് കൈ പൊക്കി അവളുടെ മുഖം പൊത്തിപ്പിടിക്കുന്നു. അവൾ ചൂളുകയും ദയനീയമായവിധത്തിൽ വിങ്ങിവിങ്ങിക്കരയുകയും ചെയ്യുന്നു.

ഛായാരൂപം

(കഠോരവും രോഷസമ്പൂർണ്ണവുമായ ഒരു സ്വരത്തിൽ)

എവടയ്യാടി നിയ്യ്, എവടയ്യാ? പതിവുംപടി പിന്നേം തെക്കുവടക്കുനടക്കുകാ'ണോ? ഞാൻ പഠിപ്പിക്കാടി, മറുതക്കുട്ടീ, നിന്നെ ഒളിച്ചോടാൻ! നീയപ്പോക്കഥകളുപറഞ്ഞു പരത്തപാർന്നു, അല്ലേടീ? ഞാനിന്നെ ഉപദ്രവിക്ക്യാറൊണ്ടെന്നു മാളോരോടൊക്കെപ്പറഞ്ഞു നടക്കുവാ, ങ്ഏ്? നെനക്കു നാണാവണില്ലേടീ ഇങ്ങനെ മുത്താച്ചിക്കളേളാം പറഞ്ഞുനടക്കാൻ? നീയെൻെറ കുഞ്ഞല്ല. എണീക്കെടീ, ആനമടിച്ചീ! എനിക്കിനി നീയുമായിട്ട് യാതൊരുവത്ഥ്യം ചെയ്യാനില്ല. എനിക്കു നിന്നെ ഓടയിലേക്കടിച്ചെറക്കാൻ തോന്നാണൊണ്ട്. എണീററ് തീപൂട്ടെടീ. നീ കേക്കണൊണ്ടോ? ഞാനിന്നെ വളത്തണൊണ്ടെങ്കീ അതെൻെറ തമ്മപുത്തികൊണ്ടാടീ, തമ്മപുത്തികൊണ്ടാ! ഉം എണീരെടീ, എണീര്! എന്ത്, നീ എണിക്കത്തില്ല്യോടീ, ങ്ഏ്? ഇല്ല്യോടീ? ആങ്ഹാ. എന്നാ, ശരി, കണ്ണുതൊറന്നൊന്നു നോക്ക്യേ—

(ഹന്നേലെ പണിപ്പെട്ട് എഴുന്നേല്ക്കുന്നു. അവളുടെ കണ്ണുകൾ അടഞ്ഞുതന്നെയാണ് സ്ഥിതിചെയ്യുന്നത്. അവൾ ചൂടടുപ്പിന്നരികിലേയ്ക്ക് ഒരു വിധത്തിൽ വലിഞ്ഞിഴഞ്ഞെത്തി, അതിൻെറ വാതിൽ തുറക്കുകയും, ബോധംകെട്ട നിലംപതിയ്ക്കുകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

(അപ്പോഴേയ്ക്കും കത്തിച്ച ഒരു മെഴുകുതിരിയും ഒരു ഭരണി നിറയെ വെള്ളവുമായി സിസ്റ്റർ മാർത്താ മടങ്ങിയെത്തി കഴിഞ്ഞു. ഛായാശ്രൂപം തിരോധാനം ചെയ്യുന്നു. സിസ്റ്റർ മാർത്താ സംഭ്രമത്തോടുകൂടി ചാരത്തിൽ കിടക്കുന്ന ഹനേലയെ തുറിച്ചുനോക്കിക്കൊണ്ട് ഉദ്ഘോഷിക്കുന്നു.)

സിസ്റ്റർ മാർത്താ

എന്റെ പുണ്യവാളന്മാരേ!

(മെഴുകുതിരിയും ഭരണിയും താഴെവെച്ചിട്ട്, അവർ ഹനേലെയുടെ സമീപത്തേയ്ക്കു വെമ്പലോടെ പാഞ്ഞുചെന്ന്, അവളെ തറയിൽനിന്നു പൊക്കിയെടുക്കുന്നു. അവരുടെ കരച്ചിൽ കേട്ട്, ധർമ്മശാലയിലുള്ള പൊറുതിക്കാർ അകത്തേയ്ക്ക് ഇരച്ചുകയറുന്നു.)

ഞാൻ അല്പം വെള്ളമെടുക്കാൻവേണ്ടി ഒരു നിമിഷനേരം അവളെ ഇവിടെ വിട്ടിട്ടുപോയി. അതിനിടയിൽ അവൾ കട്ടിലിൽനിന്നെഴുന്നേററു. ഇവിടെ, ഹെഡ്വിഗ്, നിന്റെ കൈ ഒന്നിങ്ങു തരൂ!

ഹാൻകെ

വളരെ സൂക്ഷിക്കണേ, അല്ലെങ്കി അവക്കു നൊമ്പരം തട്ടും.

പ്ലെഷ്കെ

ഹെ—ഹെനിക്കിതു നേ—നേരാംവണ്ണോണ്ണോന്നുമെല്ല—ഹൊ—ഹൊന്നാന്നു—ത്—ത്—ഫോന്നാണില്ല, ഈ പ്—പ് പ് ഫാട്ടുകേട്ട്. ഹ്—ഹാരോ പെണ്ണിനെ—ക്—ക്—ക്ഖൂട്ടോ—ത്രോന്തോ ശെയ്തട്ടുണ്ട്, ക്—ക്—ക്ഖൂട്ടോത്രം!

ഡൂംപ്പെ

അതുതന്ന്യാ അവക്കൊള്ള കൊഴപ്പം.

Digitized By Kerala Sahitya Akademi

ഹാൻകെ

(ഉച്ചത്തിൽ)

അവക്ക് ഇനി വല്ല്യേ ഈൗടെണ്ടെന്ന തോന്നണില്ല, അതെ, ഇല്ല, ഈൗടില്ല!

സിസ്ററർ മാത്താ

(ഹെഡ്‌വിഗ്ഗിന്റെ സഹായത്തോടുകൂടി അവർ ഹനേലിനെ വീണ്ടും കിടക്കയിൽ കിടത്തിക്കഴിഞ്ഞപ്പോൾ)

അതെല്ലാം വളരെ ശരിയായിരിക്കാം, കെട്ടോ, ഹേ നല്ലവനായ മനുഷ്യാ, പക്ഷെ വാസ്തവത്തിൽ നിങ്ങൾ കുഞ്ഞിനു ക്ഷോഭമുണ്ടാക്കിക്കൂടാ!

ഹാൻകെ

താനവളെക്കുറിച്ചു വല്ല്യേ കോലാഹലപ്രപഞ്ചം കൂട്ടുകാ, അല്ല്യേ്രാടോ?

പ്ലെഷ്കെ

ത്—ത്—ത്ഥ്രാനൊരു മഹാ—ച്—ച്—ചരിത്ത വഗ്ഗമാടോ! ക്—ക്—ക്ഖൊള്ളരുതാത്താൻ—ത്—ത്—ഥനിക്കിത്രെ—പ്—പ്ഫോതോല്ലേടോ മനസ്സിലാക്കാൻ—പ്—പ്ഫാട്ടുകേടായിക്കെടക്കണോൾ മനസ്സിനെളക്കം—ത്—ത്ഥട്ടിക്കൂടാന്ന്?

ഫെറെറ

(പരിഹാസഭാവത്തിൽ അയാളെ അനുകരിച്ചുകൊണ്ട്)

പ്—പ്—പ്ഫാട്ടുകേടായിക്കെടക്കണോക്ക മനസ്സിനെളക്കം—ത്—ത്—ത്ഥട്ടിക്കൂടാ!

സിസ്റ്റർ മാത്താ

എനിക്കു വാസ്തവത്തിൽ നിങ്ങളോട് അപേക്ഷിക്കേണ്ടിയിരിക്കുന്നു—

Digitized By Kerala Sahitya Akademi

ഹനേലെ

ഇല്പ്പെ

വളരെ ശര്യാ—കടന്നുപോവിൻ പൊറത്തേയ്ക്ക്!

ഹാൻകെ

ഞങ്ങക്കാവശ്യോളളപ്പം ഞങ്ങള്ക് പോവും—അതിനു മുൻപില്ല.

ഹെറെറ

നമ്മളെഴപ്പാല്യഴളളാക്ക് തൊഴത്താ ഭേദം.

പ്ലെഷ്കെ

നിങ്ങള്ള ക്—ക്—ക്ഖെടന്നു ലഹളക്രൂട്ടല്ലേ! നിങ്ങക്ക കെടന്നൊറങ്ങാൻ—ക്—ക്കിട്ടും—എ—ഹെവടേങ്കിലും സ്ഥലം.

(ധർമ്മാലയത്തിലെ അന്തേവാസികൾ പുറത്തേയ്ക്കിറങ്ങിപ്പോകുന്നു)

ഹനേലെ

(അവൾ കണ്ണു തുറക്കുന്നു. അവൾ പേടിച്ചരണ്ടിരിക്കുന്നപോലെ തോന്നും)

പോയോ അദ്ദേഹം?

സിസ്റ്റർ മാത്താ

അവരെല്ലാവരും പോയി. അവർ നിന്നെ ഭയപ്പെടുത്തിയോ?

ഹനേലെ

(അപ്പോഴും ഭയപ്പെട്ടു കിടുകിടുത്ത മട്ടിൽ)

അച്ഛൻ പോയിക്കഴിഞ്ഞോ?

സിസ്റ്റർ മാത്താ

അയാൾ ഇവിടെ ഉണ്ടായിരുന്നില്ലല്ലോ.

Digitized By Kerala Sahitya Akademi

ഹന്നേലെ

ഓ, ഉവ്വ്, ഉണ്ടായിരുന്നു, സിസ്റ്റർ.

സിസ്ററർ മാത്താ

നീയതു സ്വപ്നം കണ്ടതാണ്. എന്റെ പൊന്നാങ്കട്ടെ!

ഹന്നേലെ

(ഗാഢമായി നെടുവീർപ്പിട്ടുകൊണ്ട്)

ഓ, പ്രിയപ്പെട്ട കർത്താവീശോവേ! പ്രിയപ്പെട്ട, പ്രിയപ്പെട്ട കർത്താവീശോവേ! അവിടുന്നു ദയവുചെയ്തു്, ദയവുചെയ്തു്, എന്നെ ഇവിടെനിന്നു കൊണ്ടുപോവുകയില്ലേ?

(അവളുടെ സ്വരംമാറുന്നു)

എന്നടു,ത്തെന്നടു,ത്തെന്നടുത്തിന്നൊന്നു
വന്നിരുന്നെങ്കിലാ ദേവൻ!
വിണ്ടലത്തിങ്കലെ വീട്ടിലേയ്ക്കിന്നെന്നെ-
ക്കൊണ്ടുപോയെങ്കിലാ നാഥൻ!
വാടിത്തളർന്നു ഞാൻ, ക്ഷീണിച്ചുപോയി ഞാൻ
പാടില്ലെനിക്കിങ്ങലയാൻ!

അതെ, അതെ, എനിക്കു നിശ്ചയമുണ്ട്, അദ്ദേഹം വന്നെന്നെക്കൊണ്ടുപോകും, സിസ്റ്റർ!

സിസ്റ്റർ മാത്താ

എന്താ, ഓമനേ?

ഹന്നേലെ

അദ്ദേഹം എന്നോടു വാക്കു പറഞ്ഞിട്ടുണ്ട്, സിസ്റ്റർ; എന്നെ അദ്ദേഹത്തിന്റെ അടുത്തേയ്ക്കു കൊണ്ടുപോകാമെന്നു്.

Digitized By Kerala Sahitya Akademi

സിസ്റ്റർ മാത്താ

ഹ്ം!

ഹന്നേലെ

ഉവ്വ്, അദ്ദേഹം വാക്കുപറഞ്ഞിട്ടുണ്ട്.

സിസ്റ്റർ മാത്താ

ആരു വാക്കു പറഞ്ഞിട്ടുണ്ട്?

ഹന്നേലെ

(അത്ഭുതരഹസ്യാത്മകമായ രീതിയിൽ സിസ്റ്ററിന്റെ ചെവിട്ടിൽ മന്ത്രിക്കുന്നു)

പ്രിയപ്പെട്ട കർത്താവ്—ഗോട്ട്‌വാൾഡ്!

സിസ്റ്റർ മാത്താ

വീണ്ടും കിടന്നോളു, ഹന്നേലെ, അങ്ങിനെയാണു നല്ല പെൺകുട്ടി.

ഹന്നേലെ

അദ്ദേഹം സുന്ദരനല്ലേ, സിസ്റ്റർ? സാറു് ഒരു സുന്ദരനാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? ഹീൻറിച് എന്നാണദ്ദേഹത്തിന്റെ പേരു്!— അതു നിങ്ങൾ അറിഞ്ഞോ? എന്തൊരു കൌതുകമുള്ള പേരു്!

(വികാരതീക്ഷ്ണതയോടെ)

പ്രിയപ്പെട്ട നല്ലവനായ, നല്ലവനായ, കനിവുള്ള ഹീൻറിച്! സിസ്റ്റർ, ഞാൻ വളർന്നുവന്നിട്ടു ഞങ്ങൾ വിവാഹം കഴിക്കാൻ പോവുകയാണു്.

വന്ദ്യപുരോഹിതനാ മിഥുനങ്ങളെ-
യൊന്നിച്ചിണക്കിയ ശേഷം,
ഒത്തൊരുമിച്ചവർ പോയാറിരുവരും

Digitized By Kerala Sahitya Akademi

ഹനേലെ

ചിത്തത്തിലാത്ത സന്തോഷം!
മഞ്ഞുപോലത്ര വെള്ളവെള്ള മിന്നിടും
മഞ്ജുളമെത്തമേലൊന്നിൽ,
ലാലസിച്ചാരവരുദ്രസം, ക്രരിരു-
ളിൂാളും മണിയറ തന്നിൽ!

എന്തൊരു കൌതുകമേറിയ മീശയാണദ്ദേഹത്തിനു ള്ളതു്!

(ആനന്ദശബളതയാൽ ആത്മവിസ്മൃതിക്കധീനയായി)

—പിന്നെ, ഹാ, അദ്ദേഹത്തിൻെറ ശിരസ്സ് എത്ര മനോഹരമായ, വെളുത്ത, 'ക്ലോവർ'പുഷ്പങ്ങളാൽ അലംകൃതമായിരിക്കുന്നു—അതാ, ചെവിയോർക്കൂ! അദ്ദേഹം എന്നെ വിളിക്കുകയാണു്. നിങ്ങൾ കേൾക്കുന്നില്ലേ?

സിസ്റ്റർ മാത്താ

എൻെറ അരുമക്കുഞ്ഞല്ലേ, ഒന്നു കിടന്നുറങ്ങൂ. ആരും വിളിക്കുന്നില്ല.

ഹനേലെ

ആ സ്വരം!— യേശുദേവൻേറതായിരുന്നു. ദാ, ദാ, ചെവിയോർക്കൂ! അദ്ദേഹം വീണ്ടും എന്നെ വിളിക്കുകയാണു്. ഹാ, വളരെ വ്യക്തമായി എനിക്കു കേൾക്കാം അദ്ദേഹത്തിൻെറ വിളി. "ഹനേലെ!" "ഹനേലെ"—നമുക്കു് അദ്ദേഹത്തിൻെറ അടുത്തേയ്ക്കു പോകാം.

സിസ്റ്റർ മാത്താ

എന്നെ ഈശ്വരൻ വിളിക്കുമ്പോൾ ഞാൻ സന്നദ്ധയായിരിക്കുന്നതു കാണാം.

Digitized By Kerala Sahitya Akademi

ഹനേലെ

(അവളുടെ ശിരസ്സിപ്പോഠം ചന്ദ്രികയിൽ മുങ്ങിക്കളിക്കുകയാണ്. ഏതോ മധുരമായ പരിമളം അകത്തേയ്ക്കു ശ്വസിച്ചെടുക്കുന്ന മട്ടിൽ അവഠം ഒരാംഗ്യം കാണിക്കുന്നു)

നല്ല ഒരു പരിമളം പരന്നിരിക്കുന്നതായി നിങ്ങഠംക്കു തോന്നുന്നില്ലേ, സിസ്റ്റർ?

സിസ്റ്റർ മാത്താ

ഇല്ല, ഹനേലെ!

ഹനേലെ

ലിലാക് പുഷ്പങ്ങഠം!

(അവളുടെ ആനന്ദശബളത വർദ്ധിക്കുന്നു)

ശ്രദ്ധിക്കൂ! ശ്രദ്ധിക്കൂ!

(ഏറെ വിദൂരതയിൽനിന്നും ഒരു മധുരമായ സ്വരം നേർത്തു നേർത്തങ്ങനെ കേഠംക്കപ്പെടുന്നു)

അതു ദേവതകഠം പാടുന്നതാണോ?—നിങ്ങഠം കേഠംക്കുന്നില്ലേ?

സിസ്റ്റർ മാത്താ

ഉവ്വ്, ഓമനേ, ഞാൻ കേഠംക്കുന്നുണ്ട്. പക്ഷേ നീയിപ്പോഠം തിരിഞ്ഞുകിടന്ന് ഏറെനേരം സുഖമായിട്ടുറങ്ങണം.

ഹനേലെ

നിങ്ങഠംക്കും അതു പാടാൻ കഴിയുമോ?

സിസ്റ്റർ മാത്താ

എന്തു പാടാനാ, തങ്കം?

ഹനേലെ

"ഉറങ്ങു, കണ്മണി,യുറങ്ങു!"

Digitized By Kerala Sahitya Akademi

സിസ്റ്റർ മാർത്താ

ഞാനതു പാടുന്നതു നിനക്കിഷ്ടമാണോ?

ഹന്നേലെ

(വീണ്ടും മലർന്നുകിടന്നു് സിസ്റ്ററിന്റെ കയ്യിൽ തലോടം പിടി ക്കുന്നു)

അമ്മേ, അമ്മേ! എന്നെ പാടിക്കേൾപ്പിക്കൂ!

സിസ്റ്റർ മാർത്താ

(വിളക്കു കെടുത്തി, കിടക്കയുടെ മീതെ കുനിഞ്ഞു്, വിസ്തൂര ത്തിലുള്ള സംഗീതത്തിന്റെ താളക്രമങ്ങളുമായി ഇണങ്ങിയ ലിഞ്ഞു ചേരുന്ന രീതിയിൽ, കീഴെയുള്ള പദ്യങ്ങളാം, മൃദുവാ യ ഒരീണത്തിൽ, ആലപിക്കുന്നു)

"ഉറങ്ങു, കണ്മണി,യുറങ്ങു,—പോകയാ-
ണൊരു കൊച്ചാട,ലക്കാവിൽ!
പുലരിതൊട്ടു, ചെന്നരുണനാഴിത-
ന്നലകളിലടിവോളം,
അരുമയായിട്ടു, മജകിശോരമൊ-
ന്നരികിൽച്ചേർ,ന്നതിമേളം,
പകന്നിടും പല കളികളിച്ചിടാം
പകൽ നിനക്കന്നേരം.
ഉറങ്ങു, കൺമണി,യുറങ്ങു്, കണ്മണി-
യുറങ്ങു, കണ്മണി, വേഗം!—"

(മങ്ങിയ വെളിച്ചം മുറിയിൽ നിറയുന്നു. സിസ്റ്റർ മാർത്താ പോയിക്കഴിഞ്ഞു. വിളറിയതും, പ്രേതാത്മകവുമായ ഒരു സ്ത്രീ രൂപം ആവിർഭവിക്കുകയും, കിടക്കയുടെ ഒരുവശത്തു സ്വയം ഇരിപ്പുറപ്പിക്കുകയും ചെയ്യുന്നു. അവൾ അല്പം കുനിഞ്ഞി രുന്നു്, അവളുടെ ശോഷിച്ച, നഗ്നങ്ങളായ കൈത്തണ്ടുകളി ന്മേൽ വിശ്രമം കൊള്ളുന്നതുപോലെ തോന്നും. നഗ്നങ്ങളാണു്

Digitized By Kerala Sahitya Akademi

അവളുടെ പാദങ്ങൾ. അവളുടെ നീണ്ട, വെളുത്ത, മുടിച്ചുരുളുകൾ അവളുടെ ചുമലുകളിലും കിടക്കമേലും അഴിഞ്ഞുലഞ്ഞു കിടക്കുന്നു. തീരെ വാടിത്തളർന്ന് പരവശമായിത്തോന്നും അവളുടെ മുഖം. കുണ്ടിൽ താണ അവളുടെ കണ്ണുകൾ, അടഞ്ഞാണിരിക്കുന്നതെങ്കിലും ഹനേലെയുടെനേക്ക് ഉറപ്പിച്ചിരിക്കയാണെന്നു തോന്നിപ്പോകും. ഉറക്കത്തിൽ സംസാരിക്കുന്ന ഒരാളുടെ സ്വരംപോലെ തോന്നും അവളുടെ ശബ്ദംകേട്ടാൽ. സംസാരിക്കാൻ തുടങ്ങുന്നതിനുമുൻപ്, വാക്കുകൾ ഉച്ചരിക്കുന്നതിന് വളരെ ബുദ്ധിമുട്ടുള്ള മട്ടിലാണ് അവളുടെ അധരങ്ങൾ അനങ്ങുന്നത്. അകാലികമായ വാർദ്ധക്യം പിടിപെട്ടിട്ടുള്ളവളാണ് അവൾ. അവളുടെ കവിൾത്തടങ്ങൾ ഒട്ടിക്കഴിഞ്ഞു വെറും തൊണ്ടായിത്തീന്നിരിക്കുന്നു. അവൾ ധരിച്ചിട്ടുള്ളതു തീരെ മോശപ്പെട്ട വസ്ത്രങ്ങളാണ്)

സ്ത്രീരൂപം

ഹനേലെ!

ഹനേലെ

(അവളുടെ കണ്ണുകളും അടഞ്ഞിരിക്കുന്നവയാണ്)

അമ്മേ, ഏററവും പ്രിയപ്പെട്ട അമ്മേ! അമ്മയാണോ ഇതു്?

സ്ത്രീരൂപം

അതെ, ഇതു ഞാൻതന്നെയാണ്—ഞാൻ എൻെറ ഉദ്ധാരകനായ ക്രിസ്തുദേവൻെറ കാലടികൾ എൻെറ കണ്ണുനീർക്കൊണ്ടു കഴുകി, തലമുടികൊണ്ടു് തുടച്ചു തുവത്തിയിട്ടുണ്ടു്.

ഹനേലെ

നല്ല വിശേഷങ്ങളാണോ അമ്മ എനിക്കു കൊണ്ടുവന്നിട്ടുള്ളതു്?

Digitized By Kerala Sahitya Akademi

ഹനേലെ

സ്ത്രീരൂപം

അതെ!

ഹനേലെ

വളരെ ദൂരത്തുനിന്നാണോ അമ്മയുടെ വരവ്?

സ്ത്രീരൂപം

ആയിരമായിരം നാഴികകൾക്കപ്പുറത്തുനിന്നും—ഇരുളിൽക്കൂടി!

ഹനേലെ

അമ്മയെ കണ്ടാൽ എത്ര വിശേഷമായിരിക്കുന്നു, അമ്മേ!

സ്ത്രീരൂപം

ഭൂമിയുടെ സന്താനങ്ങൾ എങ്ങനെയോ, അങ്ങനെതന്നെ ഞാനും!

ഹനേലെ

അമ്മയുടെ ചുണ്ടുകളിൽ 'ചിത്രചഷക'പ്പൂക്കളും ചിററാടപ്പൂക്കളുമുണ്ട്. അമ്മയുടെ സ്വരംകേട്ടാൽ സംഗീതമാണെന്നു തോന്നും.

സ്ത്രീരൂപം

അതു് യഥാർത്ഥത്തിലുള്ള ഒരു ധ്വനിയല്ല, എൻെറ കുഞ്ഞേ!

ഹനേലെ

അമ്മേ, പ്രിയപ്പെട്ട അമ്മേ, എൻെറ കണ്ണഞ്ചിക്കുന്നു, അമ്മയുടെ സൌന്ദര്യം!

സ്ത്രീരൂപം

എന്നേക്കാൾ ആയിരമിരട്ടി ജ്യോതിർമ്മയികളാണ് സ്വർഗ്ഗത്തിലുള്ള ദേവതകൾ.

Digitized By Kerala Sahitya Akademi

ഹാനേലെ

അമ്മ എന്തുകൊണ്ടാണവരെപ്പോലെ അല്ലാത്തതു്?

സ്ത്രീരൂപം

ഞാൻ നിനക്കവേണ്ടി കഷ്ടപ്പെട്ടു.

ഹാനേലെ

എന്റെ അമ്മേ, അമ്മ എന്നോടൊന്നിച്ചു താമസിക്കില്ലേ?

സ്ത്രീരൂപം

(എഴുന്നേററിട്ടു്)

എനിക്ക താമസിക്കാൻ സാദ്ധ്യമല്ല.

ഹാനേലെ

അമ്മ ചെന്നുചേർന്നിട്ടുള്ള സ്ഥലം കൌതുകമുള്ളതാണോ?

സ്ത്രീരൂപം

അവിടെയുള്ള വിശാലമൈതാനങ്ങൾ കാററിൽനിന്നും, കൊടുങ്കാററിൽനിന്നും, ഹിമപാതത്തിൽനിന്നും സംരക്ഷിക്കപ്പെട്ടിട്ടുള്ളവയാണു്. ഈശ്വരൻ അവയെ കാക്കുന്നു.

ഹാനേലെ

ക്ഷീണം തോന്നുമ്പോൾ അമ്മയ്ക്കവിടെ വിശ്രമിക്കാൻ സാധിക്കുമോ?

സ്ത്രീരൂപം

ഉവ്വ്!

ഹാനേലെ

വിശക്കുമ്പോൾ ഭക്ഷിക്കുവാൻ വല്ല ആഹാരവും അവിടെ കിട്ടുമോ, അമ്മയ്ക്കു്?

Digitized By Kerala Sahitya Akademi

സ്ത്രീരൂപം

വിശക്കുന്ന സകലർക്കും മാംസവും പഴങ്ങളും, ദാഹിക്കുന്നവർക്കു പൊന്നുപോലെ മിന്നുന്ന മുന്തിരിച്ചാറും അവിടെയുണ്ട്.

(അവരും തെന്നിമാറി പിൻവാങ്ങുന്നു)

ഹന്നേലെ

അമ്മ പോവുകയാണോ, അമ്മേ?

സ്ത്രീരൂപം

ഈശ്വരൻ എന്നെ വിളിക്കുന്നു.

ഹന്നേലെ

അദ്ദേഹം ഉറക്കെയാണോ വിളിക്കുന്നത്?

സ്ത്രീരൂപം

അദ്ദേഹം എന്നെ വിളിക്കുന്നതു് ഉറക്കെയാണ്.

ഹന്നേലെ

എൻെറ ഹൃദയം എൻെറ ഉള്ളിൽ വരണ്ടിരിക്കയാണ്, അമ്മേ!

സ്ത്രീരൂപം

പനിനീർപ്പൂക്കൾകൊണ്ടും, ലിലാക് പുഷ്പങ്ങൾകൊണ്ടും ഈശ്വരൻ അതു ശീതളീകരിക്കും.

ഹന്നേലെ

അമ്മേ, ഈശ്വരൻ എന്നെ വീണ്ടും കൈക്കൊള്ളുമോ?

സ്ത്രീരൂപം

ഇതാ, ഞാൻ എൻെറ കയ്യിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന ഈ പുഷ്പം എന്താണെന്നു നിനക്കറിയാമോ?

Digitized By Kerala Sahitya Akademi

ഹനേലെ

അതു പൊന്നൊള്ളിൻപൂവാണ്! സ്വർഗ്ഗത്തിന്റെ താക്കോൽ!

സ്ത്രീരൂപം

(അതു് ഹനേലയുടെ കയ്യിൽ വെച്ചുകൊടുക്കുന്നു.)

അതെടുത്തു് ദൈവത്തിന്റെ വാഗ്ദാനചിഹ്നംപോലെ സൂക്ഷിച്ചുവെക്കു! എന്നാൽ, ഞാൻ പോകട്ടെ!

ഹനേലെ

അമ്മേ, അമ്മേ, എന്നെ വിട്ടിട്ടുപോകല്ലെ, അമ്മേ!

സ്ത്രീരൂപം

(തെന്നിനീങ്ങിയകലുന്നു.)

ഒരല്പനേരത്തേയ്ക്കു നീയെന്നെ കാണുകയില്ല. പിന്നീടു് ഒരല്പനേരത്തിനുള്ളിൽ നിനക്കെന്നെക്കാണാം.

ഹനേലെ

എനിക്കു പേടിയാകുന്നു.

സ്ത്രീരൂപം

(തെന്നിനീങ്ങികുറെക്കൂടിയകന്നിട്ടു്)

കുന്നുകൾക്കു മീതെയുള്ള ഹിമപാളികൾ കാററുകളാൽ നിശ്ശേഷനിർമ്മാർജ്ജനം ചെയ്യപ്പെടുന്നതുപോലെ നിന്റെ ക്ലേശങ്ങളും നിന്നിൽനിന്നു് എടുത്തു നീക്കപ്പെടുന്നതാണ്.

ഹനേലെ

പോവല്ലേ!

സ്ത്രീരൂപം

സ്വർഗ്ഗത്തിന്റെ സന്താനങ്ങൾ രാത്രിയിലെ മിന്നൽക്കൊടികൾപോലാണ്. ഉറങ്ങു!

Digitized By Kerala Sahitya Akademi

ഹന്നേലെ

(മുറി ക്രമേണ ഇരുളടഞ്ഞുവരുന്നു. കൊച്ചുകുട്ടികളുടെ ഇമ്പമുള്ള സ്വരങ്ങൾ "ഉറങ്ങു, കൺമണി,യുറങ്ങു!" എന്നതിലെ രണ്ടാമത്തെ പദ്യം പാടുന്നതു കേൾക്കാം.)

ഉറങ്ങു,കൺമണി,യുറങ്ങു, കൺമണി-
യുറങ്ങു കൺമണി,വേഗം!
തെളുതെളെ മിന്നു,മതിഥികൾ, നിദ്ര-
യിലുച്ചുകാതലായ് നില്പൂ.

(സ്വർണ്ണവർണ്ണസങ്കലിതമായ ഒരു ഹരിതപ്രകാശം മുറിയിലാകമാനം നിറഞ്ഞൊഴുകുന്നു. മുടിയിൽ പനിനീർപുഷ്പങ്ങൾകൊണ്ടുള്ള കോടീരങ്ങൾ ചൂടി കമനീയമായ ചിറകുള്ള യുവതികളുടെ ആകാരമാന്ന്, ജ്യോതിർമ്മയികളായ മൂന്നു ദേവതകൾ ആവിർഭവിച്ച്, ആ ഗാനം തുടന്നാലപിക്കുന്നു. സ്ത്രീരൂപം അപ്രത്യക്ഷമായിക്കഴിഞ്ഞു.)

അതിഥികളിവ,രിരവിലേവം നി-
ന്നരികിൽ കാവലായ്നില്പോർ,
അനഘജ്യോതിസ്സിൻ ഭുവനങ്ങളിൽനി-
ന്നണഞ്ഞ ദേവതമാരാം!
ഉറങ്ങു,കൺമണി,യുറങ്ങു,കൺമണി-
യുറങ്ങു,കൺമണി, വേഗം!

ഹന്നേലെ

(അവളുടെ കണ്ണുകൾ തുറക്കുകയും, ദേവതകളെ ആനന്ദത്തിന്റെ അടങ്ങാത്ത തള്ളിച്ചയോടെ അങ്ങനെ ഉററുനോക്കുകയും ചെയ്യുന്നു.)

ദേവതകൾ!

(അവളുടെ ആഹ്ളാദവും അത്ഭുതവും വളരുന്നു; പക്ഷേ അപ്പോഴും അവൾ സംശയാധീനയായിരിക്കുന്നതുപോലെ തോന്നും.)

Digitized By Kerala Sahitya Akademi

ദേവതകൾ!!

(വിജയാഹ്ളാദവാദ്യോട്ടുകൂടി)

ദേവതകൾ!!!...

(ഹ്രസ്വമായ ഒരു വിരാമകാലം. അനന്തരം ദേവതകൾ താഴെയുള്ള ഗാനശകലങ്ങൾ അവരുടെ കയ്യിലെ സ്വരവിദ്യാഗ്രന്ഥങ്ങളിൽനിന്നു പാടുന്നു.)

ഒന്നാമത്തെ ദേവത

കുന്നും,മലകളും പുൽകിപ്പുൽകി
മിന്നിയ സൂര്യപ്രകാശം,
തന്നതില്ലല്ലോ നിനക്കിന്നതിൻ
പൊന്നിൽനിന്നിത്തിരിപോലും!
ശൈലസാനുക്കളിൽ, ലോലം തത്തി-
യോലും ഹരിതവിലാസം,
സംഫുല്ലമാക്കാ നിനക്കാ,യതിൻ
സമ്പത്തിനിയൊരുനാളും!

രണ്ടാമത്തെ ദേവത

ജീവസന്ദായകധാന്യം, വിള-
ഭൂവിൽ വിളഞ്ഞുശയിക്കെ,
ഹാ, ചെവിക്കൊണ്ടീ,ലശേഷം, നിൻ്റെ
ഭോജനതീവ്രാഭിലാഷം!
ഉല്ലസമ്മൈതാനമാകെ, ഗ്ഗോക്കൾ
പുല്ലുമേഞ്ഞങ്ങനെ പോകെ,
പാരം നിനക്കുണ്ടായ് ക്ലേശം, പക്ഷേ,
പാലുതന്നീലവലേശം!

Digitized By Kerala Sahitya Akademi

മൂന്നാമത്തെ ദേവത

വാസനമാധുരിയാലേ, ഹർഷം
വാസരലക്ഷ്മികൾ ചാലേ,
മുററിച്ചു, പൂക്കളും മൊട്ടും, നിൻെറ
ചുററിലും മുററിനിന്നിട്ടും,
നീളെ വഴിഞ്ഞോ,രവതൻ സ്വച്ഛ-
നീലാ,രുണ, ശ്രീവികാസം,
താവീലൊരിക്കലും, ഹാ, നിൻ മാർഗ്ഗ-
ഭ്രുവിലെ,ക്കൽപ്പൊളിച്ചാത്തിൽ!
(ഹ്രസ്വമായ വിരാമഘട്ടം)

ഒന്നാമത്തെ ദേവത

കാലത്തിൻ തിമിരത്തിൽനിന്നു-
മിദം, സ്വർഗ്ഗീയ-
ശ്രീലാലസിച്ചിടുമൊ-
രാശീർവാദം
അരുമപ്പൈപ്പൈതലേ, ഹാ,
നിനക്കായ് ഞങ്ങ-
ളതികതുക പൂവ്വക
മാനയിപ്പൂ!
കനകോജ്ജ്വലാംഗികൾ ഞങ്ങ-
ളിയന്നീടുമി-
ക്കതിർചിന്നും ചിറകുകൾ,ത-
ന്നഞ്ചലങ്ങൾ,
കനിവിൻ കടലായിടും
കർത്താവിൻ, നിസ്തുല
കരുണാകടാക്ഷത്താ-
ലങ്കിതങ്ങൾ!........

Digitized By Kerala Sahitya Akademi

രണ്ടാമത്തെ ദേവത

ഞങ്ങളണിഞ്ഞീട്ടു,മുട്ടചമയത്തിൻ
ഭംഗിയിണങ്ങിയ തൊങ്ങലുകൾ,
പകരുന്നായിതേ, മധുമാസത്തിൻ
പരിതോഷവുമാ, പ്പരിമളവും!
പുലരിയിൽ മിന്നിവിടന്നു വിളങ്ങും
പുതുപുതുപനിനീർപ്പൂങ്കുലകൾ,
കൊണ്ടുവരുന്നു നിനക്കായ് ഞങ്ങടെ
ചുണ്ടുക,ളിന്നല മലിവോടെ!

മൂന്നാമത്തെ ദേവത

ഭവ്യദോജ്ജ്വലാ, ഞങ്ങൾതൻ നാടിൻ
ദിവ്യമായാ ഹരിതപ്രകാശം,
ചിന്നംപൊടന്നാളി പൂശുന്ന വിണ്ണിൽ-
ത്തെന്നിനീങ്ങുന്നാ ഞങ്ങൾതൻ പാദം!
ആ മനോഹരനിത്യനഗര-
ശ്രീമയഗോപുരനികരങ്ങൾ,
ഛായയായിട്ടിട്ടഗാധമായ് മിന്നി-
ച്ചായുകയാണു ഞങ്ങൾതൻ കണ്ണിൽ!

(ഒന്നാമത്തെ അങ്കം അവസാനിക്കുന്നു)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

രണ്ടാമത്തെ അങ്കം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

(ദേവതകളുടെ ആവിർഭാവത്തിനുമുമ്പ് എങ്ങനെയായിരുന്നുവോ അതുപോലെതന്നെയാണ് രംഗം

ക്രൈസ്തവസഭാസേവിനി (സിസ്റ്റർ മാത്താ) ഹനേലെയുടെ കിടക്കയ്ക്കരികെ ഇരിക്കുന്നു. അവർ വീണ്ടും മെഴുകുതിരി കൊളുത്തുകയും ഹനേലെ ഉണരുകയും ചെയ്യുന്നു. അവളുടെ ഹൃദയത്തിലുള്ള ആനന്ദപാരമ്യം അവളുടെ മുഖഭാവത്തിൽ ഇപ്പോഴും പ്രത്യക്ഷപ്പെട്ടു കാണുന്നുണ്ട്. സിസ്റ്റർ മാത്തായെ അവൾക്കു മനസ്സിലാകുന്ന ഉടനെ അവൾ ആഹ്ലാദപൂർണ്ണമായ സംഭാഷണത്തിനൊരുമ്പെടുന്നു.)

ഹനേലെ

സിസ്റ്റർ! സിസ്റ്റർ മാത്തേ! നിങ്ങൾക്കറിയാമോ ആരാണിവിടെ വന്നിരുന്നതെന്ന്? ദേവതകൾ! ദേവതകൾ, സിസ്റ്റർ!

സിസ്റ്റർ മാത്താ

ആങ്ഹാ! നീ വീണ്ടും ഉണർന്നുകിടപ്പാണല്ലോ.

ഹനേലെ

അതെ, അതെ. ഒന്നോർത്തുനോക്കൂ.

(ഉദ്വേഗപൂർവ്വം)

ദേവതകൾ! ദേവതകൾ! യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ നിന്നുള്ള ദേവതകൾ, കേട്ടോ, സിസ്റ്റർ മാത്തേ—വലിയ വലിയ ചിറകുകളോടുകൂടിയ ദേവതകൾ!

Digitized By Kerala Sahitya Akademi

സിസ്ററർ മാത്താ

എന്തെന്തു മധുരസ്വപ്നങ്ങളായിരിക്കണം നിനക്കുണ്ടായിരുന്നത്, ഓമനേ.

ഹനേലെ

സ്വപ്നങ്ങളെക്കുറിച്ചു നിങ്ങളെന്തിന സംസാരിക്കുന്നു? നോക്കു, നോക്കു! എന്റെ കയ്യിലുള്ളതെന്താണെന്നു കണ്ടോ?

(സങ്കല്പമാത്രമായ ഒരു പുഷ്പം ഉയത്തിപ്പിടിച്ച് അവഠം അവരുടെ നേക്കു നീട്ടുന്നു.)

സിസ്റ്റർ മാത്താ

എന്താണത് പൊന്നാങ്കുട്ടേ?

ഹനേലെ

നിങ്ങഠംക്കു കാണ്ടുകൂടേ?

സിസ്റ്റർ മാത്താ

ഹ്ാ!

ഹനേലെ

ഒന്നുനോക്കു, സിസ്റ്റർ. ഒന്നുനോക്കു!

സിസ്റ്റർ മാത്താ

ഞാൻ കാണുന്നു, തങ്കം.

ഹനേലെ

ഒന്നിതു വാസനിച്ചുനോക്കൂ, എന്തു സുഗന്ധമാണിതെന്ന്!

സിസ്റ്റർ മാത്താ

(വാസനിച്ചു നോക്കുന്നതായി നടിച്ചുകൊണ്ട്)

ഹായ്, മനോഹരം!

ഹനേലെ

ദേ, സൂക്ഷിച്ചുപിടിക്കു, സൂക്ഷിച്ചുപിടിക്കു. നിങ്ങഠം അതു ഞെരിച്ചുകളയും.

Digitized By Kerala Sahitya Akademi

സിസ്റ്റർ മാത്താ

ഹേയ്, ഇല്ല, ഞാനതു ചെയ്യുകൂടാ, തങ്കം. ഈ അത്ഭുതപുഷ്പത്തിന്റെ പേരെന്താണ്?

ഹനേലെ

പേരോ?—അതെ, തീച്ചയായും അതുതന്നെ; പൊന്നെള്ളിൻ പൂവ്!

സിസ്റ്റർ മാത്താ

ഓഹോ!

ഹനേലെ

അതെ, അതുതന്നെ, നിശ്ചയമായും. നിങ്ങൾക്ക കണ്ടുകൂടേ! വിളക്കിങ്ങു കൊണ്ടുവരൂ! വേഗം! വേഗം!

സിസ്റ്റർ മാത്താ

ഹാ! ഇപ്പോൾ ഞാൻ കാണുന്നു.

ഹനേലെ

അതു ഭംഗിയുള്ളതല്ലേ?

സിസ്റ്ററർ മാത്താ

അതെ, അതെ; പക്ഷെ, നീയിത്രവളരെ സംസാരിക്കരുതുകേട്ടോ. നീ അനങ്ങാതെ മിണ്ടാതങ്ങനെ കിടക്കണം. അല്ലെങ്കിൽ ഡോക്ടർ ശുണ്ഠിയെടുക്കും. ഇനിയിപ്പോൾ അദ്ദേഹം നിനക്ക കൊടുത്തയച്ചിട്ടുള്ള മരുന്നു നീ സേവിക്കണം.

ഹനേലെ

ഓ, സിസ്റ്റർ, എന്നെക്കുറിച്ചു നിങ്ങൾ എന്തിനിത്ര വളരെ ക്ലേശിക്കുന്നു? നിങ്ങൾക്കറിഞ്ഞുകൂടാ എന്താണു സംഭവിച്ചിട്ടുള്ളതെന്ന്—അറിയാമോ, ഇപ്പോൾ? ഈ കൌതു

Digitized By Kerala Sahitya Akademi

കുളള പൊന്നൊള്ളിൻ പൂവ് എനിക്കാരുതന്നുവെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ഊഹിച്ചുനോക്കൂ, ഊഹിച്ചു നോക്കൂ!—എന്തിനുളളതാണൊള്ളിൻപൂവ്? നിങ്ങൾക്കറിഞ്ഞുകൂടേ, സിസ്റ്റർ?

സിസ്ററർ മാർത്താ

സ്ഷ്! അതിനെപ്പററിയുള്ളതെല്ലാം നിനക്കു നാളെ രാവിലെ എന്നോടുപറയാം—നീ വീണ്ടും ശക്തിയുള്ളവളായി, തെളിച്ചമുള്ളവളായി, സുഖമുള്ളവളായിത്തീരുമ്പോൾ!

ഹന്നേലെ

എനിക്കു സുഖംതന്നെയാണല്ലോ.

(അവൾ എഴുന്നേല്ക്കുവാൻ ഉദ്യമിക്കുകയും അവളുടെ പാദങ്ങൾ കിടക്കയിൽ നിന്നു വെളിയിലേയ്ക്കിടുകയും ചെയ്യുന്നു.)

സിസ്റ്റർ മാർത്താ

നീയതു ചെയ്തുകൂടാ, പ്രിയപ്പെട്ട ഹന്നേലെ.

ഹന്നേലെ

(അവളെ കൈകൊണ്ടു മാററിയിട്ട്, കിടക്കയിൽനിന്നും എഴുന്നേററ് ഏതാനും അടികൾ നടന്നു പോകുന്നു.)

ദയവുചെയ്ത്,—ദയവുചെയ്ത്, എന്നെ തനിച്ചു വിട്ടു!—എനിക്കു പോകണം!—പോകണം.

(അവൾ ഒന്നു ഞെട്ടുകയും എന്തിനേയോ നേക്കു ദൃഷ്ടിയുറപ്പിച്ചു തുറിച്ചുനോക്കുകയും ചെയ്യുന്നു.)

ഓ, പ്രിയപ്പെട്ട യേശുമിശിഹായേ!

(കറുത്തവസ്ത്രം ധരിച്ച്, കറുത്തചിറകുകളോടുകൂടിയ ഒരു ദേവതയുടെ രൂപം പ്രത്യക്ഷപ്പെടുന്നു. ദേവത നല്ല ഉയരമുള്ളയാളും രാജപ്രഭാവനും കോമളനുമാണ്. അദ്ദേഹം നീളമുള്ള കല്ലോലസഞ്ചിതമായ, പട്ടിൽ പൊതിഞ്ഞ പിടിയോടുകൂ

Digitized By Kerala Sahitya Akademi

ടിയ ഒരു ഖഡ്ഗം കയ്യിൽ വഹിച്ചിരിക്കുന്നു. ദേവത അടുപ്പിന്നരികെ ഇരിപ്പുറപ്പിച്ചിരിക്കയാണ്. നിസ്സംഗമാം ഭാവഗാംഭീരനാണ് അദ്ദേഹം. അചഞ്ചലമായി, ശാന്തമായി അദ്ദേഹം ഹനേലെയുടെ നേർക്ക് ഉററു നോക്കുന്നു. അലോകസാധാരണമായ ഒരത്ഭുതധവളപ്രകാശം മുറിയിലാകമാനം വ്യാപിക്കുന്നു.)

നിങ്ങൾ ആരാണ്?

(വിരാമകാലം)

നിങ്ങൾ ഒരു ദേവതയാണോ?

(ഉത്തരമില്ല)

എന്നെയാണോ നിങ്ങൾക്കാവശ്യമുള്ളത്?

(ഉത്തരമില്ല)

ഹനേലെ മാറേറൺ ആണു ഞാൻ. നിങ്ങൾ എന്നെ കൊണ്ടുപോകാനായിട്ടാണോ വന്നിരിക്കുന്നതു്?

(വീണ്ടും ഒരുത്തരവുമില്ല)

(ഈ സംഭവം നടന്നുകൊണ്ടിരിക്കെ, സിസ്റ്റർ മാർത്താ പരിഭ്രാന്തയായി, ചിന്താക്രാന്തയായി, കൃപ്പുകയ്യോടുകൂടി നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. അവർ സാവധാനത്തിൽ മുറിയിൽനിന്നു വെളിയിലേയ്ക്കിറങ്ങിപ്പോകുന്നു.)

ദൈവം നിങ്ങളെ ഊമയാക്കിത്തീർത്തോ? നിങ്ങൾ ഒരു ദേവതയാണോ?

(ഉത്തരമില്ല)

ദൈവത്തിൻെറ നല്ലവരായ ദേവതമാരിൽ ഒരാളാണോ നിങ്ങൾ

(ഉത്തരമില്ല)

നിങ്ങൾ എന്നോടു ദയവായിരിക്കുമോ?

(ഉത്തരമില്ല)

Digitized By Kerala Sahitya Akademi

ഹനേലെ

നിങ്ങ൦ എന്തിനാണ് നിങ്ങളുടെ വസ്ത്രത്തിൻെറ മടക്കുകളിൽ ആ വാ൦ ഒളിച്ചുവെച്ചിരിക്കുന്നത്?

(മൌനം)

എനിക്കു വല്ലാതെ തണുക്കുന്നു, വല്ലാത്ത തണുപ്പ്! നിങ്ങളുടെ നോട്ടം എന്നെ മരവിപ്പിക്കുന്നു. നിങ്ങ൦ മഞ്ഞുകട്ടപോലെ തണുത്തതാണ്.

(അപ്പോഴും മൌനം)

ആരാണു നിങ്ങ൦?

(മറുപടിയില്ല. ഭയം പെട്ടന്നവളെ ആക്രമിച്ചടിപെടുത്തുന്നു. അവ൦ നിലവിളിക്കുകയും പുറകിലാരോടോ സഹായം അഭ്യത്ഥിക്കുന്ന രീതിയിൽ തിരിയുകയും ചെയ്യുന്നു.)

അമ്മേ! അമ്മേ!

(ക്രൈസ്തവസഭാസേവിനിയെപ്പോലെതന്നെ വസ്ത്രധാരണം ചെയ്തിട്ടുള്ളതും, പക്ഷെ പ്രായക്കുറവുള്ളതും, കൂടുതൽ സൌന്ദയ്യമുള്ളതും വലിയ വെള്ളച്ചിറകോടുകൂടിയതുമായ ഒരു രൂപം മുറിയിൽ പ്രത്യക്ഷപ്പെടുന്നു. ഹനേലെ ആ രൂപത്തിൻെറ അടുത്തേയ്ക്കു വെമ്പിപ്പാഞ്ഞു ചെന്ന് കൈക്കുകടന്നു മുറുക്കിപ്പിടിക്കുന്നു.)

അമ്മേ, അമ്മേ, മുറിക്കുള്ളിൽ ആരോ ഒരാ൦ ഉണ്ട്.

ക്രൈസ്തവസഭാസേവിനി

എവിടെ?

ഹനേലെ

അവിടെ—അവിടെ!

ക്രൈസ്തവസഭാസേവിനി

എന്തിനാണു നീയിങ്ങിനെ വിറയ്ക്കുന്നത്?

Digitized By Kerala Sahitya Akademi

ഹനേലെ

എനിക്കു പേടിയാകുന്നു.

ക്രൈസ്തവസഭാസേവിനി

ഒന്നും പേടിക്കേണ്ട. നിൻറടുത്തു ഞാനുണ്ട്.

ഹനേലെ

എൻെറ പല്ലുകൾ കൂട്ടിയടിക്കുകയാണ്. ഞാൻ വിചാരിച്ചാൽ അതു **മാററാൻ നിവൃത്തിയില്ലാ,** അമ്മേ! ആ ആൾ എന്നെ കിടുകിടുപ്പിക്കുന്നു.

ക്രൈസ്തവസഭാസേവിനി

എൻെറ കുഞ്ഞേ, നീ പേടിക്കേണ്ട. ആ ആൾ നിൻെറ സ്നേഹിതനാണ്.

ഹനേലെ

ആരാണതമ്മേ?

ക്രൈസ്തവസഭാസേവനി

നിനക്കദ്ദേഹത്തെ അറിഞ്ഞുകൂടെ?

ഹനേലെ

ആരാണദ്ദേഹം?

ക്രൈസ്തവസഭാസേവിനി

മരണം—അദ്ദേഹം മരണമാണ്.

ഹനേലെ

മരണം!

(ഒരു നിമിഷനേരം അചഞ്ചലമായും ഭയപാരവശ്യത്തോടുകൂടിയും അവൾ ദേവതയുടെ നേർക്കു മിഴിച്ചു നോക്കുന്നു.)

കൂടിയേ—കൂടിയേ കഴിയൂ എന്നുണ്ടോ ഇതു്?

ക്രൈസ്തവസഭാസേവിനി

മരണമാണ് പടിവാതിൽ, ഹനേലെ

Digitized By Kerala Sahitya Akademi

ഹനേലെ

വേറെയൊന്നുമില്ലേ, പ്രിയപ്പെട്ട അമ്മേ?

ക്രൈസ്തവസഭാസേവിനി

വേറെയൊന്നുമില്ല.

ഹനേലെ

മരണമേ, നിങ്ങൾ എന്നോടു ക്രൂരനായിരിക്കുമോ? അദ്ദേഹം ഉത്തരം പറയില്ല! എന്തുകൊണ്ടാണമ്മേ, അദ്ദേഹം എന്റെ ചോദ്യങ്ങൾക്കൊന്നിനും ഉത്തരം പറയാത്തതു്?

ക്രൈസ്തവസഭാസേവിനി

ദൈവത്തിന്റെ സ്വരം നിന്നോടുത്തരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു.

ഹനേലെ

ഹാ, പ്രിയപ്പെട്ട ദൈവം കർത്താവേ, എത്രയെത്രനാളായി ഇടവിടാതെ ഞാൻ ഇതിനുവേണ്ടി ആശിക്കുന്നു: എന്നാൽ ഇപ്പോളാകട്ടെ—ഇപ്പോളിതാ എനിക്കു ഭയമാകുന്നു!

ക്രൈസ്തവസഭാസേവിനി

ക്ഷണത്തിൽ തയ്യാറാക്കൂ, ഹനേലെ!

ഹനേലെ

മരിയ്ക്കാനോ, അമ്മേ?

ക്രൈസ്തവസഭാസേവിനി

അതെ, മരണത്തിന്

ഹനേലെ

(ഒരു വിരാമകാലത്തിനുശേഷം ചകിതഭാവത്തിൽ)

അവർ എന്നെ ശവപ്പെട്ടിയിൽ വെയ്ക്കുമ്പോൾ എനിക്കീ കീറിപ്പറിഞ്ഞ പഴന്തുണികൾ ധരിക്കേണ്ടതായിട്ടുണ്ടോ?

Digitized By Kerala Sahitya Akademi

ക്രൈസ്തവസഭാസേവിനി

ഈശ്വരൻ നിന്നെ വസ്ത്രം ധരിപ്പിക്കും.

(അവർ ഒരു ചെറിയ വെള്ളിമണി പുറത്തെടുത്ത് കിലുക്കുന്നു. അതിനെ ആദരിച്ച്—ഇനിവരുവാൻ പോകുന്ന മററെല്ലാ ഛായാരൂപങ്ങളേയും പോലെതന്നെ നിശ്ശബ്ദമായി—പൊക്കം കുറഞ്ഞു്, പുറത്തൊരു മുഴയോടുകൂടിയ, ഗ്രാമത്തിലെ തുന്നല്ക്കാരൻ, ഒരു മണവാടിയുടുപ്പും, ഒരു മൂടുപടവും, ഒരു പൂമാലയും, കയ്യിൽ വഹിച്ചുകൊണ്ടു് പ്രവേശിക്കുന്നു. അയാളുടെ ഒരു കയ്യിൽ ഒരു ജോടി സ്ഫടികച്ചെരുപ്പുണ്ടു്. കണ്ടാൽ ചിരിച്ചുപോകുന്ന രീതിയിൽ വിചിത്രമായി മുന്നോട്ടും പിമ്പോട്ടും ചാഞ്ചാടിക്കൊണ്ടുള്ള ഒരു ഗമനവിശേഷമാണ്‌ അയാൾക്കുള്ളതു്. അയാൾ ദേവതയേയും ക്രൈസ്തവസഭാസേവിനിയേയും നിശ്ശബ്ദമായി പ്രണമിക്കുന്നു; ഒടുവിൽ വളരെ വണക്കത്തോടുകൂടി ഹനേലെയേയും.)

ഗ്രാമത്തിലെ തുന്നല്ക്കാരൻ

(തലകുലുക്കുകയും പ്രണമിക്കുകയും ചെയ്തുകൊണ്ടു്)

ജോഹന്നാ കാതറിനാ മാറേറൺ, നിങ്ങളുടെ ഏററവും അനുസരണയുള്ള ഭൃത്യൻ.

(അയാളുടെ തൊണ്ട ശരിപ്പെടുത്തുന്നു.)

നിങ്ങളുടെ അച്ഛൻ മഹാമതിയായ പ്രഭുവദ്ദേഹം നിങ്ങൾക്കുവേണ്ടി ഈ മണവാടിയുടുപ്പു കൊണ്ടുവന്നുതരുവാൻ കല്പിച്ചു് എന്നെ മാനിച്ചിരിക്കുന്നു.

ക്രൈസ്തവസഭാസേവിനി

(തുന്നല്ക്കാരന്റെ കയ്യിൽനിന്നു ഉടുപ്പുവാങ്ങി ഹനേലെയെ ചമയിക്കുന്നു.)

ഇതു് ധരിക്കാൻ ഞാൻ നിന്നെ സഹായിക്കാം, ഹനേലെ.

Digitized By Kerala Sahitya Akademi

ഹാനലെ

(ആഹ്ളാദപൂർവ്വം)

ഹാ, ഇതെങ്ങനെ 'ചല ചല' ശബ്ദമുണ്ടാക്കിക്കൊണ്ടു ചലിക്കുന്നു!

ക്രൈസ്തവസഭാസേവിനി

ഇതു വെള്ളപ്പട്ടാണ്, ഹനേലെ.

ഹനേലെ

എന്റെ ശവപ്പെട്ടിയിൽ ഞാൻ ഇത്രമാത്രം ഭംഗിയായി വസ്ത്രധാരണം ചെയ്തു കിടക്കുന്നതു കാണുമ്പോൾ ആളുകൾക്കത്ഭുതം തോന്നുകയില്ലേ?

ഗ്രാമത്തിലെ തുന്നല്ക്കാരൻ

ജോഹന്നാ കാതറിനാ മാറേറൺ—

(അയാൾ തൊണ്ട ശരിപ്പെടുത്തുന്നു.)

ഗ്രാമം മുഴുക്കെ അതു പരന്നുകഴിഞ്ഞു.

(അയാൾ തൊണ്ട ശരിപ്പെടുത്തുന്നു.)

നിങ്ങളുടെ മരണം മഹാഭാഗ്യമാണു നിങ്ങൾക്കായി കൊണ്ടുവരുന്നതു്

(അയാളുടെ തൊണ്ട ശരിപ്പെടുത്തുന്നു.)

നിങ്ങളുടെ അച്ഛൻ, മഹാമതിയായ പ്രഭുവങ്ങുന്ന്—

(ചുമയ്ക്കുന്നു.)

അതിനെ സംബന്ധിച്ചു മജിസ്ട്രേട്ടുയജമാനനോടു ഇപ്പോൾ പറഞ്ഞതേയുള്ളു.

ക്രൈസ്തവസഭാസേവിനി

(ഹനേലെയുടെ ശിരസ്സിൽ പൂമാലചാർത്തുന്നു.)

സ്വർഗ്ഗീയ വധുവായ ഭാഗ്യവതീ, നിന്റെ ശിരസ്സല്പമൊന്നുയർത്തിപ്പിടിക്കു!

Digitized By Kerala Sahitya Akademi

ഹന്നേലെ

(ശിശുസഹജമായ സന്തോഷംകൊണ്ടു് ആകമ്പിതശരീരിണിയായിത്തീൎന്നു്)

ഹാ, സിസ്റ്റർ മാത്ത, ഞാൻ മരിക്കാൻ പോവുകയാണു്—എനിക്കെന്തു സന്തോഷമാണെന്നോ!—

(ആശങ്കാധീനയായി പെട്ടെന്നു നിൎത്തിക്കൊണ്ടു്)

സിസ്റ്റർ മാൎത്തയാണു നിങ്ങൾ, അല്ലേ?

ക്രൈസ്തവസഭാസേവിനി

അതെ, എന്റെ കുഞ്ഞേ.

ഹന്നേലെ

അല്ല, അല്ല, നിങ്ങൾ സിസ്റ്റർ മാൎത്തയല്ല. നിങ്ങൾ എന്റെ അമ്മയാണു്.

ക്രൈസ്തവസഭാസേവിനി

അതെ.

ഹന്നേലെ

നിങ്ങളപ്പോൾ അവർ രണ്ടുപേരുമാണോ?

ക്രൈസ്തവസഭാസേവിനി

സ്വൎഗ്ഗത്തിന്റെ സന്താനങ്ങൾ എല്ലാവരും ഈശ്വരനിൽ ഒന്നുതന്നെയാണു്.

ഗ്രാമത്തിലെ തുന്നല്ക്കാരൻ

എനിക്കങ്ങനെ പറയാമെങ്കിൽ, അല്ലയോ ഹന്നേലെ രാജകുമാരി—

(അയാൾ ചെരിപ്പുകൾ ഇട്ടുവിക്കാൻ കുനിയുന്നു.)

നാട്ടിലുള്ളതിൽ ഏററവും ചെറുതാണു് ഈ ചെരിപ്പുകൾ. ഹെഡ്‌വിഗ്ഗിനും, ആഗ്നെസ്സിനും, ലീസേയ്ക്കും, മാൎത്തായ്ക്കും, മിന്നായ്ക്കും, അന്നായ്ക്കും, കാദേയ്ക്കും, ഗ്രെററ്ചനും

Digitized By Kerala Sahitya Akademi

ഹനേലെ

അവരിൽ ബാക്കിയുള്ളവക്കും എല്ലാം വളരെ വലിയ പാദങ്ങളാണുള്ളത്.

(അയാരം ചെരിപ്പുകരം ധരിപ്പിക്കുന്നു.)

പക്ഷെ, അവ അവിടുത്തേയ്ക്കു യോജിക്കുന്നു—അവ അവിടുത്തേയ്ക്കു യോജിക്കുന്നു. ഞങ്ങരം വധുവിനെ കണ്ടെത്തി! ഹനേലെ രാജകുമാരിയുടെ പാദങ്ങളാണു ഏററവും ചെറുത്!—തമ്പുരാട്ടിക്കുവേണ്ടി എനിക്കു ചെയ്തുതരുവാൻ സാധിക്കുന്ന മററു വല്ല കാര്യവുമുണ്ടോ?

(നമിക്കുകയും തലചൊറിയുകയും ചെയ്യുന്നു.)

അവിടുത്തെ ഭൃത്യൻ, രാജകുമാരി. അവിടുത്തെ ഭൃത്യൻ.

(അയാരം പോകുന്നു.)

ഹനേലെ

ആരെങ്കിലും ഇതു സ്വപ്നത്തിൽപോലും കരുതിയിരുന്നതാണോ, അമ്മേ?

ക്രൈസ്തവസമാസേവിനി

ഇനിയിപ്പോരം ഒട്ടുംതന്നെ നീയാ നാററമരുന്നു കഴിക്കേണ്ടതായിട്ടില്ല.

ഹനേലെ

ഇല്ല.

ക്രൈസ്തവസമാസേവിനി

വേഗത്തിൽ നീയൊരു വാനമ്പാടിയെപ്പോലെ കൌതുകവും ആഹ്ലാദവും ഉള്ളവളായിത്തീരും.

ഹനേലെ

ഹാ, ഉവ്വ്!

Digitized By Kerala Sahitya Akademi

ക്രൈസ്തവസമാസേവിനി

വത്സേ, തങ്കം, വന്നു നിന്റെ മരണശയ്യയിൽ കിടക്കൂ!

(അവർ ഹന്നേലെയുടെ കൈപിടിച്ചുകൊണ്ട് ശാന്തമായി അവളെ കിടക്കയിലേയ്ക്ക് നയിച്ചശേഷം കാത്തുനില്ക്കുന്നു; ആ അവസരത്തിൽ ഹന്നേലെ അതിന്മേൽ കിടക്കുന്നു.)

ഹന്നേലെ

എളുപ്പത്തിലിപ്പോൾ മരണം എന്താണെന്നു ഞാനറിയും; ഇല്ലേ, അറിയില്ലേ?

ക്രൈസ്തവസമാസേവിനി

ഉവ്വ്, ഹന്നേലെ, നീയറിയും.

(കിടക്കയിൽ മലർന്നു കിടന്ന്, സങ്കല്പമാത്രമായ ഒരു പുഷ്പം കൈവിരലുകളാൽ ലീലാലോലതയോടെ ചുഴററിക്കൊണ്ട്)

ഹന്നേലെ

എനിക്കിവിടെ ഒരു വാഗ്ദാനചിഹ്നമുണ്ട്.

ക്രൈസ്തവസമാസേവിനി

അതു നിന്റെ മാറോടു ചേർത്തു അമർത്തിപ്പിടിക്കൂ!

ഹന്നേലെ

(വീണ്ടും ഭയവിഹ്വലയായി ദേവതയുടെ നേരെ ഒളിക്കണ്ണയച്ചുകൊണ്ട്)

ഇതു വേണമോ? ഇതു കൂടിയേ കഴിയൂ എന്നുണ്ടോ?

ക്രൈസ്തവസമാസേവിനി

വേണം—കൂടിയേ കഴിയൂ.

(ഒരു സംസ്കാരയാത്രയുടെ ശബ്ദങ്ങൾ ഏറെയേറെ വിദൂരതയിൽനിന്നും കേൾക്കപ്പെടുന്നു)

ഹന്നേലെ

(ശ്രദ്ധിച്ചുകൊണ്ട്)

മാസ്റ്റർ സേയ്ഫ്രീഡും ഗായകന്മാരും ശവസംസ്കാരം വിളംബരം ചെയ്യുന്നതാണത്.

Digitized By Kerala Sahitya Akademi

ഹന്നേലെ

(ദേവത എഴുന്നേല്ക്കുന്നു.)

ഓ, അദ്ദേഹം എഴുന്നേല്ക്കുകയാണ്!

(വെളിയിലുള്ള കൊടുങ്കാററ കനത്തുതുടങ്ങുന്നു. ദേവത ഹന്നേലെയുടെ സമീപത്തേയ്ക്ക് അധികമധികം നീങ്ങിനീങ്ങിച്ചെല്ലുന്നു.)

സിസ്റ്ററേ, അമ്മേ, അദ്ദേഹം എന്റെ അടുത്തേയ്ക്കു വരികയാണ്. എവിടെയാണു നിങ്ങൾ? എനിക്കു നിങ്ങളെ കാണാൻ കഴിയുന്നില്ല.

(ദേവതയോടു കേണപേക്ഷിച്ചുകൊണ്ട്)

ഒന്നു വേഗമാകട്ടെ, ഇരുണ്ടുനിശ്ശബ്ദനായ ദേവതേ!

(ഒരു ഘനമേറിയ ഭാരം അവളെ ഞെരിക്കുന്ന മട്ടിൽ സംസാരിക്കുന്നു.)

അദ്ദേഹം എന്നെ കീഴോട്ടു പിടിച്ചമർത്തുകയാണ്.

(ദേവത പ്രശാന്തഗംഭീരമായ ഭാവത്തിൽ തന്റെ വാളുയർത്തുന്നു)

അദ്ദേഹമെന്നെ അരിഞ്ഞരിഞ്ഞു തുണ്ടുതുണ്ടാക്കിക്കളയും!

(നിരാശാമയമായ ഈർഷ്യയോടെ)

സഹായിക്കൂ, സിസ്റ്റർ, സഹായിക്കൂ!

(ക്രൈസ്തവസഭാസേവിനി പ്രൌഢഭാവത്തിൽ മുന്നോട്ടുവന്നു ദേവതയ്ക്കും ഹന്നേലെയ്ക്കും മദ്ധ്യേ നിന്നുകൊണ്ട് രക്ഷിക്കുന്ന മട്ടിൽ അവരുടെ കൈകൾ കുഞ്ഞിന്റെ മാറത്തു വെയ്ക്കുന്നു. അവർ അന്തസ്സോടുകൂടിയ ഉച്ചത്തിൽ,- ഹൃദയസ്പൃക്കമായ രീതിയിൽ അധികാരസ്വരത്തിൽ ഉദ്ഘോഷിക്കുന്നു.)

ക്രൈസ്തവസഭാസേവിനി

ആ ആൾ ധൈര്യപ്പെടുകയില്ല. ഞാൻ എന്റെ പവിത്രീകരിക്കപ്പെട്ട കൈകൾ നിന്റെ മാറിടത്തിൽ വെയ്ക്കുന്നു.

Digitized By Kerala Sahitya Akademi

(ഇരുണ്ടദേവത മറയുന്നു. നിശ്ശബ്ദത)

(ക്രൈസ്തവസഭാസേവിനി ധ്യാനത്തിൽ മുഴുകുകയും അവളുടെ അധരങ്ങൾ പ്രാർത്ഥനയിലെന്നപോലെ മെല്ലെമെല്ലെ ചലിക്കുകയും ചെയ്യുന്നു. ഈ രംഗത്തിലുടനീളം ശവസംസ്കാരയാത്രയുടെ ശബ്ദം തുടർച്ചയായി കേൾക്കപ്പെടുന്നുണ്ട്. അസംഖ്യം പാദപ്രപാതങ്ങളുടേതുപോലുള്ള ഒരു ശബ്ദം. വിദ്യാലയാദ്ധ്യാപകനായ ഗോട്ട്‌വാൾഡിന്റെരൂപം നടക്കുള്ള പ്രവേശനദ്വാരത്തിങ്കൽ പ്രത്യക്ഷപ്പെടുന്നു. ശവസംസ്കാരയാത്ര നിലയ്ക്കുന്നു. ദുഃഖസൂചകമായ വസ്ത്രമാണ് ഗോട്ട്‌വാൾഡ് ധരിച്ചിട്ടുള്ളത്. കയ്യിൽ കൌതുകമുള്ള ഒരു കുല "നീലമണിപ്പൂക്ക"ളുമുണ്ട്. അയാൾ ബഹുമാനസൂചകമായി തലയിൽ നിന്നു ചട്ടത്തൊപ്പിയെടുത്ത്, നിശ്ശബ്ദമായിരിക്കണമെന്നു നിർദ്ദേശിക്കുന്നമട്ടിൽ ഒരാംഗ്യം കാണിച്ചുകൊണ്ട്, അകത്തേയ്ക്കു വരുന്നു. അദ്ധ്യാപകന്റെ ആംഗ്യത്തിൽ അവർ സംസാരം പെട്ടെന്നു നിർത്തുന്നു; തിണ്ണകടന്ന് അകത്തു കാൽകുത്താൻ അവർഭയപ്പെടുന്നപോലെ തോന്നും. രവിവാരവസ്ത്രങ്ങൾ ധരിച്ച് അയാളുടെ ശിഷ്യരായ ബാലികാബാലന്മാർ അയാൾക്കു പിന്നിൽ അണിനിരക്കുന്നു. മുഖത്ത് തേജോവികസിതമായ ഒരു വിചാരഭാവത്തോടെ അയാൾ ക്രൈസ്തവസഭാസേവിനിയെ സമീപിക്കുന്നു)

ഗോട്ട്‌വാൾഡ്

നമസ്കാരം, സിസ്റ്റർ മാർത്ത!

ക്രൈസ്തവസഭാസേവിനി

നമസ്കാരം, ഗോട്ട്‌വാൾഡുസാറേ!

ഗോട്ട്‌വാൾഡ്

(ഹനേലെയുടെ നേർക്കുനോക്കിക്കൊണ്ട് അയാൾ വ്യസനപൂർവ്വം തലകുലുക്കുന്നു)

പാവം, കൊച്ചുപെൺകുട്ടി!

Digitized By Kerala Sahitya Akademi

ക്രൈസ്തവസഭാസേവിനി

എന്താണു നിങ്ങൾ വല്ലാതെ കണ്ഠിതപ്പെട്ടിക്കുന്ന
ത്, ഗോട്ട്‌വാൾഡ്സാറെ?

ഗോട്ട്‌വാൾഡ്

അവൾ മരിച്ചുപോയില്ലേ?

ക്രൈസ്തവസഭാസേവിനി

അത് സങ്കടപ്പെടേണ്ട ഒരു സംഗതിയാണോ? അ
വൾ അവസാനം ശാന്തികണ്ടെത്തി. ഞാൻ അസൂയപ്പെ
ടുന്നു.

ഗോട്ട്‌വാൾഡ്

(നെടുവീർപ്പിട്ടുകൊണ്ട്)

അതെ, അവളിപ്പോൾ ബുദ്ധിമുട്ടിൽനിന്നും ദുഃഖ
ത്തിൽനിന്നും മുക്തയാണ്. ഏതായാലും അതേററവും ന
ന്നായി.

ക്രൈസ്തവസഭാസേവിനി

(ഹനേലെയുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ട്)

ഹാ, എത്ര സുന്ദരിയായിരിക്കുന്നു, അവൾ!

ഗോട്ട്‌വാൾഡ്

അതെ; വളരെ സുന്ദരി. മരണം അവളെ സൗന്ദര്യം
കൊണ്ടു പൊതിഞ്ഞിരിക്കുന്നപോലെ തോന്നും.

ക്രൈസ്തവസഭാസേവിനി

ദൈവം അവളെ സുന്ദരിയാക്കിത്തീർത്തതു് അവൾ
ദൈവത്തെ സ്നേഹിച്ചിരുന്നതുകൊണ്ടാണ്.

ഗോട്ട്‌വാൾഡ്

അതെ; അവൾ സദാ സദ്‌വൃത്തയും ഭക്തയുമായിരുന്നു.

Digitized By Kerala Sahitya Akademi

(ഘനത്തിൽ നെടുവീർപ്പു വിടുന്നു; തന്റെ പ്രാർത്ഥനാഗീത ഗ്രന്ഥം തുറന്ന്, വിഷാദത്തോടെ അയാൾ അതിൽ കണ്ണോടിക്കുന്നു)

ക്രൈസ്തവസഭാസേവിനി

(അതേപ്രാർത്ഥനാഗീതഗ്രന്ഥത്തിലേക്കു എത്തിനോക്കിക്കൊണ്ട്)

നാം മനസ്താപപ്പെട്ടുകൂടാ; ക്ഷമയോടുകൂടി അടങ്ങിയിരിക്കണം.

ഗോട്ട്‌വാൾഡ്

അങ്ങനെയെല്ലാമാണെങ്കിലും എന്റെ ഹൃദയത്തിൽ എന്തോ കനംതൂങ്ങുന്നു.

ക്രൈസ്തവസഭാസേവിനി

അവർ സുരക്ഷിതമാക്കപ്പെട്ടതറിയുന്നതിൽ നിങ്ങൾക്കു ദുഃഖമില്ല, ഉണ്ടോ?

ഗോട്ട്‌വാൾഡ്

രണ്ടു കോമളകുസുമങ്ങൾ കൊഴിഞ്ഞു വീണുപോയി എന്ന ചിന്ത എന്നിൽ ദുഃഖമുണ്ടാക്കുന്നു.

ക്രൈസ്തവസഭാസേവിനി

നിങ്ങൾ പറയുന്നതെനിക്കു മനസ്സിലാകുന്നില്ല.

ഗോട്ട്‌വാൾഡ്

വാടിയ രണ്ടു ചെന്നിലക്കുവളപ്പൂക്കൾ എന്റെ ഈ പുസ്തകത്തിലുണ്ട്. എന്റെ പാവപ്പെട്ട കൊച്ചുഹനേലയുടെ നിർജ്ജീവനേത്രങ്ങൾ എങ്ങനെ അവയെപ്പോലെതന്നെ ആയിത്തീർന്നിരിക്കുന്നു എന്നു നോക്കൂ!

ക്രൈസ്തവസഭാസേവിനി

പ്രകാശപൂർണ്ണങ്ങളായി, നീലകോമളങ്ങളായി, സ്വർഗ്ഗത്തിൽ അവ വീണ്ടും വിടർന്നുവിളങ്ങിക്കൊള്ളും.

Digitized By Kerala Sahitya Akademi

ഗോട്ട്വാൾഡ്

ഹാ, കർത്താവേ, ഈ കണ്ണീർപ്പുഴയുടെ കരയിൽ എത്ര കാലം ഇനിയും ഇങ്ങനെ ഞങ്ങളലഞ്ഞുനടക്കണം!

(പൊടുന്നനെ അയാളുടെ സ്വരം വ്യത്യാസപ്പെടുന്നു. അയാൾ ഒച്ചപ്പാടോടുകൂടിയവനും, കർമ്മമാത്രപ്രസക്തനുമായിത്തീരുന്നു. ഒരു പ്രാർത്ഥനാഗീതഗ്രന്ഥം അവതരിപ്പിക്കുന്നു)

ഗോട്ട്വാൾഡ്

ഇവിടെ—ഈ വീട്ടിൽ—ആദ്യത്തെ പ്രാർത്ഥനാഗീതം പാടുന്നതു നന്നായിരിക്കുമെന്നെനിക്കു തോന്നി—

"ക്രിസ്തുഭഗവാനേ, മജ്ജീവിതത്തിങ്കൽ
നിത്യമെൻമാർഗ്ഗം തെളിക്കുവോനെ!"

ക്രൈസ്തവസഭാസേവിനി

സുന്ദരമായ ഒരു പ്രാർത്ഥനാഗീതമാണതു്; ഹനേലെ മാറേറണാകട്ടെ ഭക്തിയുള്ള ഒരു കുഞ്ഞുമായിരുന്നു.

ഗോട്ട്വാൾഡ്

പിന്നെ, നിങ്ങൾക്കറിയാമല്ലോ, നാം പള്ളിമുററത്തെത്തുമ്പോൾ, "ഇപ്പോൾ തിരുവടി, ദാസനിതാ—കല്പിച്ചനുമതിയേകുന്നു" എന്ന ഗീതം നമുക്കുപാടാം.

(അയാൾ പള്ളിക്കൂടം കുട്ടികളുടെ നേക്കു തിരിഞ്ഞു് അവരെ അഭിസംബോധനം ചെയ്തുകൊണ്ടു പ്രസ്താവിക്കുന്നു)

പ്രാർത്ഥനാഗീതം നമ്പർ 62!

(സാവധാനത്തിൽ താളം പിടിച്ചുകൊണ്ടു ലയത്തോടുകൂടി പ്രാർത്ഥനാഗീതം ആലപിക്കുന്നു)

"ഇപ്പോൾ—തിരു—വടി—യടിയ—നിതാ
കല്പി—ച്ചനുമതി—യേ—കു—ന്നു—
ശാന്തിയി—ലിവിടം—വിട്ടുക—ലാ—ൻ—"

(കുട്ടികൾ മുഴക്കത്തിൽ ചേർന്നു പാടുന്നു)

Digitized By Kerala Sahitya Akademi

കുഞ്ഞുങ്ങളേ, നിങ്ങളെല്ലാം—ഉണങ്ങിയ വസ്ത്രങ്ങളാണോ ധരിച്ചിട്ടുള്ളതു്? അവിടെ പള്ളിമുററത്തു തണുപ്പായിരിക്കും. അകത്തു വരൂ; വന്നുനമ്മുടെ പാവപ്പെട്ട ഹന്നേലെയെ അവസാനമായിട്ടൊരു കണ്ണുകണ്ടുകൊള്ളൂ!

(കുഞ്ഞുങ്ങൾ പ്രവേശിച്ചു കട്ടിലിന്നരികെ നിരന്നുനില്ക്കുന്നു)

ഗോട്ട്വാൾഡ്

നോക്കൂ, കുഞ്ഞിനെ മരണം എത്ര മനോഹരിയാക്കിത്തീർത്തിരിക്കുന്നു! ഒരിക്കൽ അവൾ കീറപ്പഴന്തുണികൾ ധരിച്ചാണു കഴിഞ്ഞുകൂടിയിരുന്നതു്. ഇപ്പോഴിതാ അവൾ പട്ടുവസ്ത്രങ്ങൾ അണിഞ്ഞിരിക്കുന്നു. അവൾ ഒരുകാലത്തു നടന്നുപോയിരുന്നതു നഗ്നപാദയായിട്ടാണു്. ഇന്നിപ്പോൾ അവൾക്കു പാദങ്ങളിൽ സ്ഫടികച്ചെരിപ്പുകളുണ്ടു്. മുഴുവൻ കനകമയമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു മണിമന്ദിരത്തിലേയ്ക്കു് അധികം താമസിയാതെ അവൾ കൊണ്ടുപോകപ്പെടും. അവളവിടെ ഇനിയൊരുകാലത്തും വിശപ്പോ ദാഹമോ അറിയുകയില്ല.

നിങ്ങളോർക്കുന്നോ, എത്രമാത്രം നിങ്ങൾ അവളെ കളിയാക്കിയിരുന്നു എന്നു്?—നിങ്ങൾ അവളെ തെരുവുതെണ്ടി രാജകുമാരി എന്നുപോലും പരിഹസിച്ചു—ഇപ്പോഴിതാ സ്വർഗ്ഗത്തിലെ ഒരു യഥാർത്ഥ രാജകുമാരിയാകുവാനായി അവൾ നമ്മിൽനിന്നും അകന്നു പോവുകയാണു്. നിങ്ങളിൽ ആരെങ്കിലും അവളെ നീരസപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവളോടു മാപ്പപേക്ഷിക്കാൻ ഇപ്പോഴാണവസരം. അങ്ങനെ നിങ്ങൾ ചെയ്യാത്തപക്ഷം, നിങ്ങൾ എത്ര നിർദ്ദയമായിട്ടാണ

Digitized By Kerala Sahitya Akademi

വളോടു പെരുമാറിയതെന്ന് അവൾ അവളുടെ സ്വർഗ്ഗീയ പിതാവിനോടു പറയും; അതു നിങ്ങൾക്കു വലിയ അനർത്ഥമായിത്തീരുകയും ചെയ്യും.

ഒരു കുട്ടി

(മുന്നോട്ടു നീങ്ങിയിട്ട്)

പ്രിയപ്പെട്ട ഹനേലെ രാജകുമാരി, ദയവുചെയ്തു്, ദയവുചെയ്തു്, എനിക്കു മാപ്പുതരണേ! ഞാൻ നിന്നെ തെരുവുതെണ്ടി രാജകുമാരിയെന്നു വിളിക്കാറുണ്ടായിരുന്നുവെന്നു നീ ദയവുണ്ടായി ഈശ്വരനോടു പറയരുതേ!

കുട്ടികൾ എല്ലാവരും

(ഒത്തൊരുമിച്ച്)

ഞങ്ങൾ എല്ലാവരും വളരെ വളരെ കുണ്ഠിതപ്പെടുന്നു.

ഗോട്ട്‌വാൾഡ്

അതു ശരിയായി, കുഞ്ഞുങ്ങളേ. ഹനേലെ നിങ്ങൾക്കു മാപ്പുതരും. ഇനിയിപ്പോൾ എല്ലാ ആൺകുട്ടികളും പെൺകുട്ടികളും അകത്തുപോയി ഞാൻ നിങ്ങളുടെ അടുത്തു വരുന്നതുവരെ കാത്തിരിക്കിൻ!

ക്രൈസ്തവസഭാസേവിനി

എന്നോടൊന്നിച്ചു പുറകിലുള്ള മുറിയിലേയ്ക്കു വരിൻ. എന്നെങ്കിലുമൊരുകാലത്തു് ഹനേലെയെപ്പോലെ ഈ ഉജ്ജ്വലദേവതകളുടെ സംഘത്തിൽ നിങ്ങൾക്കും കൂടി ചേരണമെന്നുണ്ടെങ്കിൽ എന്താണു നിങ്ങൾ ചെയ്യേണ്ടതായിട്ടുള്ളതെന്നു ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം.

(അവർ പുറത്തേയ്ക്കു പോകുന്നു; കുട്ടികൾ അനുഗമിക്കുന്നു. വാതിൽ അടയുന്നു)

Digitized By Kerala Sahitya Akademi

ഗോട്ട്വാൾഡ്

(ഹനേലെയുമൊന്നിച്ചു തനിയെ. തന്റെ കയ്യിലുള്ള പുഷ്പങ്ങൾ അയാൾ അവളുടെ പാദങ്ങളിൽ അർച്ചിക്കുന്നു)

എന്റെ പ്രിയപ്പെട്ട, പ്രിയപ്പെട്ട ഹനേലെ, ഇതാ ഞാൻ നിനക്കായിക്കൊണ്ടുവന്നിട്ടുള്ള രക്തനീലപ്പൂക്കൾ!

(കട്ടിലിന്നരികെ മുട്ടുകുത്തുന്നു. അയാളുടെ സ്വരം പതറുന്നു)

നിന്റെ ഈ നവമായ കൈവല്യസിദ്ധിയിൽ നീയെന്നെ മറക്കരുതേ!

(അയാൾ ഏങ്ങിഏങ്ങിക്കരയുകയും അവളുടെ വസ്ത്രത്തിന്റെ മടക്കുകളിൽ തല ചായ്ക്കുകയും ചെയ്യുന്നു)

നിന്നെ വിട്ടുപിരിയേണ്ടിയിരിക്കുന്നു. എന്നോർക്കുമ്പോൾ എന്റെ ഹൃദയം പിളർന്നുപോകുന്നല്ലോ, തങ്കം!

(വെളിയിൽ ചില സ്വരങ്ങൾ. ഗോട്ട്വാൾഡ് എഴുന്നേററ് ഹനേലെയുടെ ദേഹത്തിൽ ഒരു മൂടുതുണിയിടുന്നു; വാർദ്ധക്യത്തിലേയ്ക്കു അടുത്തുതുടങ്ങുന്നവരും, ഒരു ശവസംസ്കാരത്തിനെന്നപോലെ വസ്ത്രധാരണം ചെയ്തിട്ടുള്ളവരും, മഞ്ഞനിറത്തിലുള്ള അരിവുകളോടുകൂടിയ പ്രാർത്ഥനാഗീതഗ്രന്ഥങ്ങളും ഉറമാലുകളും കയ്യിൽ വഹിച്ചിട്ടുള്ളവരുമായ രണ്ടു സ്ത്രീകൾ മുറിക്കകത്തേക്കു തള്ളിക്കയറി വരുന്നു)

ആദ്യത്തെ സ്ത്രീ

(ചുററും കണ്ണോടിച്ചിട്ട്)

നാമാ എല്ലാരേക്കാളും മുൻപന്തിയിൽ.

രണ്ടാമത്തെ സ്ത്രീ

അല്ല, നമ്മളല്ല. സാറുണ്ട്. വന്ദനം സാറേ!

ഗോട്ട്വാൾഡ്

വന്ദനം!

Digitized By Kerala Sahitya Akademi

ആദ്യത്തെ സ്ത്രീ

നിങ്ങൾക്കിതു വല്ലാണ്ടെ മനസ്സിൽത്തട്ടീരിക്കണ്, സാറേ! അതെ, അതെ, ഒരു നല്ല കുഞ്ഞാൻ അവളെന്നകാര്യം ഞാൻ സമ്മതിക്കണു. എന്റെ കർത്താവേ, എന്തൊരു പണിത്തിരക്കുകാരിയായ ഒരു കുഞ്ഞാൻ അവൾ!—അതെ, തീർച്ചയായും!

രണ്ടാമത്തെ സ്ത്രീ

അവൾ തന്നത്താൻ ചാവാൻതൊടങ്ങീതാന്നാ ഞങ്ങള് കേട്ടേ—പറയൂ സാറെ, അതത്രവാസ്തവോല്ല, അത്യോ?

മൂന്നാമത്തെ സ്ത്രീ

(ആവിർഭവിക്കുന്നു)

അതൊരു വല്ലാത്തെ മഹാപാപായിരിക്കും.

രണ്ടാമത്തെ സ്ത്രീ

അതെ, ആയിരിക്കും.

മൂന്നാമത്തെ സ്ത്രീ

മന്ത്രി പറേണെ അതിനൊരു മാപ്പില്ലെന്നാ.

ഗോട്ട്വാൾഡ്

മോക്ഷദായകനായ കർത്താവരുളിച്ചെയ്തു: "എന്റെ സമീപത്തേയ്ക്കു കൊച്ചുകുഞ്ഞുങ്ങൾ എത്തിച്ചേരുന്നതു സഹിക്കുവിൻ: അവരെ തടയാതിരിക്കയും ചെയ്യുവിൻ"

നാലാമത്തെ സ്ത്രീ

(പ്രവേശിക്കുന്നു)

കഷ്ടം, കഷ്ടം, എന്തൊരു കാലാവസ്ഥ്യാപ്പാ നമ്മ കൊണ്ടോയേക്കണെ! നമ്മടെ കഥ കഴിയണേനുമുമ്പുതന്നെ നമ്മളെക്കെ മരവിച്ചുപോകും, മരവിച്ച്! പള്ളീലച്ചൻ എ

Digitized By Kerala Sahitya Akademi

റെനേരം പള്ളിമിററത്തു നിത്തി നമ്മളെ വെഷമിപ്പിക്കെ ല്ലെന്നു തോന്നണു. പള്ളിമിററത്ത് ഒരൊററടി കനത്തി ലാകെടക്കണെ മഞ്ഞ്.

അഞ്ചാമത്തെ സ്ത്രീ

അച്ഛനവക്കുവേണ്ടി ഒരു പ്രാത്ഥനേം വായിക്കുകേല. പരിശുദ്ധായ പള്ളിമിററം അവളുടെ തരക്കാക്കൊള്ളത ല്ലെന്നാ അച്ഛൻ പറേണ്.

ഗ്ലെഷ്കെ

(പ്രവേശിക്കുന്നു)

നിങ്ങളുവല്ലോരും കേട്ടൊക്കുവ വത്താനം? പ്— പ്—ഫരമയോഖ്യനായ ഒരാള്—ആരോ എന്തോ അക്കം അറിഞ്ഞൂടാ—പള്ളീലച്ഛനെ കാണാൻ വന്നിരുന്നു. അദ്ദേഹം പറയണ് മാററണിന്റെ ഹനേലെ ഒരു പുണ്യാളത്ത്യാന്ന്.

ഹാൻകെ

(തിരക്കുപിടിച്ചുകത്തുവന്നിട്ട്)

അവരവർക്ക് സ്പടിയംകൊണ്ടുള്ള ഒരു ഛവപ്പെട്ടി കൊണ്ടരണണ്ട്

അനേകം സ്വരങ്ങൾ

(ഒന്നിച്ച്)

ഒരു സ്ഫടികശ്ശവപ്പെട്ടി!

ഹാൻകെ

കണക്കാക്കി നോക്കിക്കോളൂ, ഒരു നല്ലതൊക അതിന്നു വെലവരും.

Digitized By Kerala Sahitya Akademi

അനേകം സ്വരങ്ങൾ

(ഒന്നിച്ച്)

ഒരു സ്ഫടികശ്ശവപ്പെട്ടി!

സീഡെൽ

(പ്രവേശിക്കുന്നു)

ദേ, പിന്നേയ്. അങ്ങാ ഗ്രാമത്തിലെന്തൊക്ക്യോ പ്രമഞ്ചം നടക്കണേന്നോ! ഒരു ദേവത അവിടെ വന്നിട്ടൊണ്ടാന്ന്—ഒരെലവുമരത്തോളം പൊക്കോണ്ടത്രേ ആ ദേവതയ്ക്ക്. അവടാ കൊല്ലൻെറട്ടക്കെ അവരിൽ വേദം ചെലര് വന്നെട്ടൊണ്ടാന്നത്രേ—കൊച്ചുപീക്കിരി ദേവതകൾ—പോടിക്കഞ്ഞുങ്ങളോളംതന്നെ വലിപ്പോല്ലാത്തെ ദേവതകൾ!

(ഹനേലെയുടെനേക്ക നോക്കിക്കൊണ്ട്)

അവളൊരു പിച്ചക്കാര്യാന്നു തോന്നത്തില്ല—ഇല്ല, തോന്നത്തില്ല!

അനേകം സ്വരങ്ങൾ

(ശിഥിലമായി)

ഇല്ല, അവളെകണ്ടാൽ ഒരു പിച്ചക്കാരിയാണെന്നു തോന്നില്ല—ഒരു സ്ഫടികശ്ശവപ്പെട്ടി!—ഇതുപോലൊന്നു എപ്പോഴെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ?—ഗ്രാമത്തിലാണെങ്കിലോ ദേവതകളും!

(ശുഭ്രാംബരധാരികളായ നാലുയുവാക്കൾ സ്ഫടികനിർമ്മിതമായ ഒരു ശവപ്പെട്ടിയും വഹിച്ചുകൊണ്ടു പ്രവേശിക്കുന്നു. അവർ അതു ഹനേലെയുടെ കട്ടിലിനുസമീപം, താഴെയായി, വെക്കുന്നു. അവർ തമ്മിൽത്തമ്മിൽ ഉദ്വേഗപൂർവ്വം വിചിത്രരീതിയിലെന്തൊക്കെയോ മന്ത്രിക്കുന്നു)

Digitized By Kerala Sahitya Akademi

ഗോട്ട്‌വാൾഡ്

(വസ്ത്രം അല്പമൊന്നുയർത്തിക്കൊണ്ട്)

മരിച്ചകുഞ്ഞിനെ ഒരു നോക്കൊന്നു കാണണമെന്നു ണ്ടോ നിങ്ങൾക്ക്?

ആദ്യത്തെ സ്ത്രീ

(ഹന്നേലെയുടെ നേർക്ക് എത്തിനോക്കിക്കൊണ്ട്)

അ.താ അവക്കടെ തലമുട്ട്യോന്നു നോക്ക്യാട്ടെ! അ.ത ങ്ങനെ പളുപളാന്നു തെളങ്ങുകല്ലിയോ സൊർണ്ണംപോലെ!

ഗോട്ട്‌വാൾഡ്

(വിവർണ്ണമായ ഒരു പ്രകാശനിർഝരത്തിൽ ഓളംവെട്ടിക്കൊ ണ്ടിരിക്കുന്ന അവളുടെ ശരീരത്തിൽനിന്നും മൂടുതുണി നിശ്ശേ ഷം നീക്കിമാററിക്കൊണ്ട്)

നിങ്ങൾ കണ്ടോ, അവളുടെ പട്ടുവസ്ത്രങ്ങളും, സ്ഫടിക ച്ചെരുപ്പുകളും?

(എല്ലാവരും അത്ഭുതദ്യോതകങ്ങളായ ശബ്ദഘോഷങ്ങൾ പുറ പ്പെടുവിച്ചുകൊണ്ട് പിന്നോട്ടുമാറുന്നു)

അനേകം സ്വരങ്ങൾ

(കുഴഞ്ഞമട്ടിൽ)

കർത്താവേ, എന്തു സൌന്ദര്യം!—മേരയി, നമ്മടെ ഹന്നേല്യോന്നുമല്ലാ, അവള്!—അതു മാറേറണിൻെറ ഹന്നേ ലെയാകാൻ തരമില്ല—കൊള്ളാം, എന്തൊരത്ഭുതാന്നു നോ ക്കണേ ഇതു്!

പ്ലെഷ്കെ

അവളൊരു പുണ്യാളത്തിതന്ന്യാ—തീർച്ച്!

(ആ നാലുയുവാക്കളും ഹന്നേലെയെ ബഹുമാനപൂർവ്വം ആ സ്ഫ ടികംകൊണ്ടുള്ള ശവപ്പെട്ടിയിൽ എടുത്തുകിടത്തുന്നു)

Digitized By Kerala Sahitya Akademi

ഹാൻകെ

ഞാൻ നിങ്ങളോട്ട പറഞ്ഞില്ലേ അവളെ കഴിച്ചുമൂട ത്തില്ലെന്ന്!

ആദ്യത്തെ സ്ത്രീ

എനിക്ക തോന്നണെ അവരവളെ പള്ളീടുള്ളിലടക്കം ചെയ്യുന്നാ.

രണ്ടാമത്തെ സ്ത്രീ

പെണ്ണു ചത്തട്ടൊണ്ടെന്നുതന്നെ എനിക്ക വിശ്വാസം വരണില്ല. എന്തൊരു ജീവചൈതന്യാ അവക്കടെ മൊകത്ത്!

പ്ലെഷ്കെ

എനിക്കൊരു ത്—ത്—ത് ധൃവല്യതന്നാട്ടേ—നമ ക്കിപ്പെ അറിയാം അവള് മ്—മ്—മ്—മരിച്ചോന്ന്— തന്നാട്ടെ ഒരു—ത്—ത്—ത് ധൂവല്!

(അവർ അയാൾക്ക് ഒരു തൂവൽ കൊടുക്കുന്നു. അവളുടെ ചുണ്ടുകൾക്കു മുമ്പിൽ അയാളതു പിടിക്കുന്നു)

ങേ്ഹേ അനങ്ങണില്ല. പ്—പ്—പ് പെങ്കൊച്ച് മരിച്ചുപോയി—ത്—ത്—ത്ഥീച്ച്; മരിച്ചുപോയി. ഒരു —പ്—പ്—പ് പൊടിക്ക ജീവനില്ല ഇനി അവക്കടെ ഉ—ഉ—ഉ—ള്ളളില്!

മൂന്നാമത്തെ സ്ത്രീ

ഈ പച്ചക്കൊളുന്തിന്റെ ഒരു കഷ്ണം എന്റെ കയ്യി ലൊള്ളത് അവക്ക കൊടുക്കാൻ എനിക്കിഷ്ടം തോന്നണ.

(അവൾ ഒരു കൊച്ചുപച്ചിലച്ചില്ല ശവപ്പെട്ടിയിലിടുന്നു)

നാലാമത്തെ സ്ത്രീ

എന്റെ കയ്യിലൊള്ളെ ഈ കർപ്പൂരസ്സൊളസീംകൂടെ അവക്കിരിക്കട്ടെ.

Digitized By Kerala Sahitya Akademi

അഞ്ചാമത്തെ സ്ത്രീ

എക്ക്യായി—പക്ഷേ അയാളെന്ത്യേ, മാറേറൻ?

ആദ്യത്തെ സ്ത്രീ

അതേന്നോയ്, മാറേറണെവിടെപ്പോയി?

രണ്ടാമത്തെ സ്ത്രീ

സദാനേരോം എവട്യ്യാന്നോ അവടെത്തന്നെ കാണും—ചാരായക്കടേലേയ്, മൂക്കറേറാങ്ങനെ കുടിച്ചു മറിഞ്ഞു്!

ആദ്യത്തെ സ്ത്രീ

പക്ഷെ, ഈ കഥ്യ്യൊന്നും അയാളറിഞ്ഞിട്ടൊണ്ടാവു ല്ലായിരിക്കും.

രണ്ടാമത്തെ സ്ത്രീ

മൂക്കററം കുടികഴിഞ്ഞാപ്പിന്നെ യാതൊരു വതും അയാളറിയുകേല.

പ്ലെഷ്കെ

എന്തു്? ആരും അയാളോടു ചെന്നു—പ്—പ്—പ് പറഞ്ഞില്ലേ, വീട്ടിനകത്തു് ഒരു പ്—പ്—പ് പ്രേതം കെടക്കണ്ണ്ന്നു്.

മൂന്നാമത്തെ സ്ത്രീ

അയള്ള തന്നത്താൻ വന്നു കണ്ടെത്തിക്കോളും, ആവശ്യ്യാണെങ്കില്. ഇല്ലേ വേണ്ട.

നാലാമത്തെ സ്ത്രീ

ഞാനാരേം കുററംപറയണതല്ല—അല്ല, വാസ്ഥാത്തി ലല്ല. പക്ഷെ ഇതു ബഹുവിചിത്രായിരിക്കണു, കേട്ടോ. കുഞ്ഞിനെ കൊന്ന മനിഷ്യേൻ നിങ്ങളൊക്കെപ്പറയണെ പോലെ, അതിനെക്കുറിച്ചു യാതൊന്നും അറിയാത്തതേയ്!

Digitized By Kerala Sahitya Akademi

സീഡെൽ

അതാ ഞാൻ പറയണേന്നായ്—ഈ നാട്ടിലൊള്ള സകലമാന മനിക്ഷ്യേരും അതു തന്നെ പറയും. എന്തിനാന്നേ, ദേയ്, എൻെറ ചുരുട്ട്യേക്കണെ കയ്യൊണ്ടല്ലോ അത്രേം വലിപ്പോണ്ട്, പാവം, അവറ്റക്ക കിട്ട്യേക്കണെ ഒരു ചതവിന്.

അഞ്ചാമത്തെ സ്ത്രീ

ഹോ, ചെയ്ത്താൻെറ സൊന്തം മോൻ തന്നപ്പാ ഈ പഹയൻ, മാറേറൺ.

സീഡെൽ

അവളെ കെടക്കേലെടുത്തു കെടത്താൻ സഹായിച്ചോണ്ടിരിക്ക്യമ്പൊഴാ ആ ചതവ് ഞാൻകണ്ടെ. നിങ്ങളോട് പറയണു, എൻെറ ഈ ചുരുട്ടിപ്പിടിച്ചേക്കണെ കയ്യില്ല്യോ, ഇത്രേം വലിപ്പോണ്ടേന്നായ് അതിന്! അതവക്കടെ കച്ചോടൊയുക്കിക്കളഞ്ഞു!

ആദ്യത്തെ സ്ത്രീ

അവന്തന്ന്യാ അതു ചെയ്തേക്കണെ മനിശ്യേൻ!

എല്ലാവരും

(രോഷാകുലരായി പരസ്പരം മന്ത്രിക്കുന്നു)

അവനത്തരക്കാരനാ!

രണ്ടാമത്തെ സ്ത്രീ

ഒരു കൊലപാതഹിന്നാ ഞാനവനെ വിളിക്ക്യണെ!

എല്ലാവരും

ഒരു കൊലപ്പുള്ളിതന്നെയാ അവൻ, ഒരു കൊലപ്പുള്ളി!

(കള്ളുണിക്കാരനായ മാറേറണിൻെറ മദ്യോന്മത്തമായ വികൃത സ്വരം വെളിയിൽ കേൾക്കുന്നു)

Digitized By Kerala Sahitya Akademi

മാറേറൺ

(പെളിയിൽ)

അഴത്തെയ്യേന്ന്യോന്നു വിഴാനേയ്, കേക്കണ്ണോ ങ്ഏ? എന്ന്യോന്നഴത്തേസ്സു വിഴാൻ! ഞാനൊഴപദ്ഴോം. ചെയ്തിട്ടില്ല—ആഴ്ക്കം!

(അയാാം പ്രവേശനദ്വാരത്തിൽ പ്രത്യക്ഷപ്പെട്ടു് ഉച്ചത്തിൽ കിടന്നു വിളിക്കുന്നു)

എവഴ്യാഴീ നീ പോയോഴിച്ചേക്കണെ, ഉത്ത്രക്കിനും ഉത്ത്രണ്ണാമ്പിനും കൊള്ളഴ്താത്ത മൃഷേട്ടേ?

(അയാാം വേക്കുന്നു)

അഞ്ചെന്നുഞാനെണ്ണണവഴെ നെനക്കു ഞാൻ തഴ്ടിനല്ലെ ഷസിയൻ ഷമ്മാനം—പഴം തിന്നു്! പിന്നെ, ഇങ്ങ നോഴക്ക്യ! ദേയ്, ഇപ്പഴെയ്, പിന്നേയ്—ഒന്ന്, ഴണ്ട് മൂങ്ഴ്—ഊഠംം! നിന്നെ കെട്ടീട്ക്കാനൊ ന്നൊഴങ്ങഴി, വത്തുഴി, പൊഴഴത്തെയ്യു്! ചെഴ്തേ നീ എന്ന്യാഴ്ശം പിഴിപ്പിക്ക്യണ്ട, ഞാമ്പഴഞ്ഞേക്കാം—എന്താഴീ ഖള്ളേ്യാ! നിൻെറ നെഴലെവഴഴങ്കിലും ഒന്നു കണ്ടോട്ടേഴീ, കണ്ടോട്ടെ—അത്തഴേവേണ്ട്യ, ഞാങ്കാണിച്ചുതഴാം, നിൻെറല്ലോഴോന്നോഴന്നായി ഞാനൊഴിച്ചൊഴിച്ചെട്ടക്കണെ!

(അയാാം കാൽതട്ടി നിലത്തുവീഴുകയും വീണ്ടും പിടച്ചെഴുന്നേററു് അവിടെ നിശ്ശബ്ദരായി കൂടിനില്ക്കുന്നവരുടെനേക്കു വിഢ്ഢിയുടെ മട്ടിൽ തുറിച്ചുനോക്കുകയും ചെയ്യുന്നു)

എന്തിനാ നിങ്ങഴെന്നേങ്ങനെ തുഴിച്ചുനോക്കണെ?

(മറുപടിയില്ല)

എന്താ നിങ്ങക്കുവേണ്ടേ? നിങ്ങഴെല്ലാഴേം ചെഴ്ത്താൻ പിടിച്ചോണ്ടുപോട്ടെ, ചെഴ്ത്താൻ! ഞാൻ ഒന്നും ചെയ്യുട്ടില്ല

Digitized By Kerala Sahitya Akademi

പെണ്ണിനെ, ഞാൻ! നീ പൊഴുത്തയ്ക്കുഴങ്ങിവാ; കേട്ടില്ലേ നീ?—വാപൊഴത്തേയ്ക്കു! വേകംവാഴി, വേകം!

(സ്വയം കിളകിളക്കുന്നു)

ഒഴുതുള്ളീം കൂടിഞാൻ കഴിച്ചിഴന്നൊരിക്കാണാഴ്ന്നു, ഇപ്പെ എങ്ങനെ്യായേനേന്നു! എന്ത്, നിങ്ങഴിനീം പോയില്ലേ്യാ?—

(പൈശാചികമായി)

എന്റെ നേഴ്ക്കങ്ങനെ തുഴിച്ചുനോക്കിക്കൊണ്ടുവഴെ നിന്നുഴാ;—നിന്നാ ഞാൻ—

(ഒരു നീണ്ട, മുഷിഞ്ഞ, തവിട്ടുനിറത്തിലുള്ള വസ്ത്രം ധരിച്ച ഒരു മനുഷ്യൻ പ്രവേശിക്കുന്നു. അയാൾക്കേതാണ്ടു മുപ്പതുവയസ്സു പ്രായംവരും. നീണ്ടിരുണ്ടതാണ് അയാളുടെ തലമുടി. വിദ്യാലയാദ്ധ്യാപകനായ ഗോട്ട്വാൾഡിന്റെ മുഖമാണ് അയാളുടെ മുഖം. ഇടതുകയ്യിൽ അയാൾ മൃദുവായ ഒരു ചട്ടത്തൊപ്പി ധരിച്ചിരിക്കുന്നു. പാദങ്ങളിൽ ചെരിപ്പുണ്ട്. അയാളെ കണ്ടാൽ ക്ഷീണിതനും യാത്രാക്ലേശപീഡിതനുമാണെന്നു തോന്നും. അയാൾ കൽപ്പണിക്കാരന്റെ കൈത്തണ്ടിൽ പതുക്കെ കടന്നുപിടിച്ച് അയാളെ തടയുന്നു. മാറേൺ പരുഷഭാവത്തിൽ തിരിയുന്നു. അയാളുടെ നേരേമുഖത്തു അപരിചിതൻ അചഞ്ചലമായും, പ്രശാന്തമായും നോക്കുന്നു)

അപരിചിതൻ

(ശാന്തമായി)

കൽപ്പണിക്കാരനായ, ഹേ, മാറേറൺ, ദൈവീകമായ സമാധാനം തനിക്കുണ്ടാകുമാറാകട്ടെ!

മാറേറൺ

താനെവഴന്നു വഴണു? എന്താ തനിക്കു വേണ്ടേ?

Digitized By Kerala Sahitya Akademi

അപരിചിതൻ

(അത്ഥനാദപൂർവ്വം)

ക്ഷീണിച്ചുതളൎന്നതും, രക്തംപുരണ്ടതുമാണ് എൻെറ പാദങ്ങൾ. അവയൊന്നു കഴുകുവാനായി എനിക്കു വെള്ളം തരൂ. കത്തിക്കാളുന്ന പൊരിവെയിൽ എൻെറ നാവുവരട്ടിക്കളഞ്ഞു. അതൊന്നു തണുപ്പിക്കുവാനായി എനിക്കു വീഞ്ഞു തരൂ. രാവിലെതൊട്ടിതുവരെ ഞാൻ യാതൊന്നും കഴിച്ചിട്ടില്ല. എൻെറ വിശപ്പൊന്നു ശമിക്കുവാനായി എനിക്ക് ആഹാരം തരൂ!

മാറേറൻ

എൻെറ ജോല്യല്ലാ അഴൊന്നും. നാട്ടുവഴീത്തെക്കുവഴക്കലെഞ്ഞു ഴക്കാണ്ടേ, നേഴം, നെഴിവും ഒള്ളേ്യാഴ മനിക്ഷ്യനെപ്പോലെ താൻ വല്ലഃവഃലടുത്തിഴന്നൊങ്കി കഷാലല്ലേടോ തനിക്കു, കഷാല്? ഞാൻ പണീഴ്ത്താ എൻെറ പെഴുപ്പു നഴത്തണെ ഞാൻ, മഴഷ്ഷിലായോ?

അപരിചിതൻ

ഞാൻ ഒരു തൊഴിൽക്കാരനാണ്.

മാറേറൻ

താനൊഴെഴപ്പാഴ്യാതാൻ, എഴപ്പാഴി! നേഴാംവണ്ണോളെള വേഴക്കാഴ്ക്കെന്നാം പഷ്ണികെഴക്കണ്ടി വഴ്ല്ലെഴോ!

അപരിചിതൻ

എൻെറ വേലയ്ക്കു് ആരും എനിക്കു കൂലി തരുന്നില്ല.

മാറേറൻ

താനൊഴെഴപ്പാഴ്യാതാൻ!

Digitized By Kerala Sahitya Akademi

അപരിചിതൻ

(മന്ദമായും, വഴങ്ങിക്കൊടുക്കുന്നമട്ടിലും, എന്നാൽ ഹൃദയസ്പൃക്, കഷായവിധത്തിലും)

ഞാൻ ഒരു വൈദ്യനാണ്. എന്നെക്കൊണ്ടാവശ്യമില്ലേ?

മാററേൺ

എനിക്കില്ല. ഒഴ്ഷ്ധം ക്കോട്ടല്ലാ എനിക്ക്. ഒഴ്ഴാക്കിട്ടിഴം എനിക്കാവശ്യോല്ല.

അപരിചിതൻ

(അയാളുടെ സ്വരം വികാരഭാരത്താൽ വിറയാൻതുടങ്ങി)

കൽപ്പണിക്കാരനായ മാറേറൺ, ഒന്നാലോചിച്ചുനോക്കൂ! നിങ്ങൾ എനിക്ക വെള്ളം തന്നില്ല; എന്നാലും ഞാൻ നിങ്ങളെ പരിചരിച്ചു സുഖപ്പെടുത്താം. നിങ്ങൾ എനിക്ക ഭക്ഷണംതരാൻ ഉപേക്ഷകാണിച്ചു; എങ്കിലും ഞാൻ നിങ്ങളെ നേരെയാക്കാം, ഈശ്വരനാണ് എൻെറ സാക്ഷി

മാറേറൺ

താന്തൻെറ പൊട്ടീനിവഴന്നു കഴിൻുപോഴോതാൻ!— എന്തൊതാൻ കേക്കാഴണ്ടോ? ഉൗംംം, പോഴോ! എൻെറ എല്ലെല്ലാം നേഴാംവണ്ണംതന്ന്യാ ഇഴിക്കണെ. ഴാക്കിട്ടഴന്മാഴെക്കൊണ്ടു് എനിക്കിപ്പൊ ഒഴാവശ്യോല്ല.

അപരിചിതൻ

കല്പണിക്കാരനായ മാറേറൺ, നിങ്ങൾ നല്ലതുപോലെ ഒന്നാലോചിച്ചുനോക്കൂ ഞാൻ നിങ്ങളുടെ കാലുകഴുകാം. ഞാൻ നിങ്ങൾക്ക വീഞ്ഞുതരാം. നല്ല മധുരമുള്ള

Digitized By Kerala Sahitya Akademi

വെളുത്ത അപ്പം നിങ്ങൾക്ക ഭക്ഷിക്കാം. നിങ്ങളുടെ കാല ടി എന്റെ ശിരസ്സിൽ വെച്ചുകൊള്ളു. എന്നാലും ഞാൻ നിങ്ങളെ നന്നാക്കാം, ദൈവത്താണ് സത്യം.

മാറേറൺ

താനപ്പം കഴന്നു പോവ്വൂല്ലാ ഇവഴന്നാല്ലു; ങ്ഏ? തന്റെ കഴിത്തിപ്പിഴിച്ചുതള്ളി പ്പൊഴത്തെഴക്ക്യേ ഒക്കു.

അപരിചിതൻ

(ഹൃദയത്തിൽ പതിഞ്ഞുചേരുന്ന രീതിയിൽ)

കൽപ്പണിക്കാരനായ മാറേറൺ, ഈ വീട്ടിൽ എന്താണു കിടക്കുന്നതെന്നു നിങ്ങൾ അറിയുന്നില്ലേ?

മാറേറൺ

ഒന്നും കെഴക്കണില്ല്യേഴാ ഇവിഴെ, മുമ്പിവഴെ കെഴന്നിഴന്നതൊക്ക്യല്ലാതെ—താൻ മാത്തഴേള്ളു അഴിയപ്പററ്! ഒന്നുകഴന്നു പോഴോ, നാഷം പിഴിക്ക്യാൻ!

അപരിചിതൻ

(ഋജുവായി)

നിങ്ങളുടെ മകൾ ഇവിടെ സുഖക്കേടായി കിടപ്പാണ്.

മാറേറൺ

അവക്കഴെ ഷൂഷ്ക്കഴിനു ഒഴ ഴാക്കിട്ടഴം വേണ്ടാ അവക്ക്. ആനമഴിച്ച്യാ അവഴ്. അതാ അവക്കഴെ ഷൂഷ്ക്കഴ്. അതിനൊള്ളെ ഴാക്കിട്ടഴ ഞാൻ തന്ന്യാ. ഞാൻ ഫേതാക്കിക്കോഴാം ഒഴഞ്ഞൊഴിക്കള്ളില്യ്—അവക്കഴെ ഒഴിച്ചോഴിപ്പോക്ക അവഴ നിഴത്തില്ല്യേനി—

Digitized By Kerala Sahitya Akademi

അപരിചിതൻ

(ഔന്നത്യത്തോടെ)

കൽപ്പണിക്കാരനായ മാറേറൺ, ഞാൻ ഒരു ദൂതനാ യിട്ടാണ് നിങ്ങളുടെ അടുത്തു വന്നിരിക്കുന്നതു്.

മാറേറൺ

ദൂതനോ? ആഴാ തന്നെ പ്പഴഞ്ഞാഴച്ചേക്കണെ, ങ്ഏ?

അപരിചിതൻ

ഞാൻ പിതാവിൻെറ അടുത്തുനിന്നു വരുന്നു; പിതാ വിൻെറ അടുത്തേയ്ക്കു പോവുകയും ചെയ്യുന്നു. അദ്ദേഹത്തി ൻെറ കുഞ്ഞിനെ നിങ്ങഠം എന്താണു ചെയ്തിട്ടുള്ളതു്?

മാറേറൺ

എവഴ്യാ അവഴചെന്നു ഒഴിച്ചിഴിക്ക്യണേന്ന് എന്നോ ക്കാനല്ലോണം തനിക്ക്യഴിയാന്നു തോന്നഴല്ലോ. അത്ഥേ്യ ത്തിൻെറ കുഞ്ഞുങ്ങഴ് എനിക്ക്യെന്താഴാ? അവഴക്കൊ ണ്ടു് അത്ഥേ്യത്തിന്നു വല്ല്യേ അലട്ടൊന്നും ഒണ്ടന്ന് തോ ന്നാഴില്ല.

അപരിചിതൻ

(പ്രത്യക്ഷമായി)

ഈ ചുമരുകഠംക്കള്ളിൽ ഒരാഠം മരിച്ചുകിടക്കുന്നുണ്ടു്.

മാറേറൺ

(ഹനേലെയെക്കാണുന്നു; നിശ്ശബ്ദമായി ശവപ്പെട്ടിയോടടുക്കു ന്നു; എന്നിട്ടു മുറുമുറുത്തുകൊണ്ടു് അതിനകത്തേയ്ക്കു നോക്കുന്നു)

എവഴന്നാ, നാഷംപിഴിക്കാൻ അവക്കിനല്ലനല്ല ഉഴു പ്പുകളും പഴങ്കുപ്പെട്ടീമൊക്കെക്കിട്ട്യേ, ങ്ഏ?

(ശവപ്പെട്ടി വഹിക്കുന്നവർ രോഷാകുലരായി ചിലരൊക്കെ ഉച്ച രിക്കുന്നു)

Digitized By Kerala Sahitya Akademi

"ഘാതകൻ!" "ഘാതകൻ!"

(മാറേറൺ മൃദുവായും ഗദ്ഗദത്തോടുകൂടിയും)

ഒ—ഒ—ഒഴിക്കലും — ഞാൻ—നെനക്കു—ഒ—ഒ—ഒഴപദ്ഴവോം ചെയ്തട്ടില്ലല്ലോഴീ മോഴേ! നിന്നോഴ ഞാൻ എന്തൊഴഴിവൊള്ളോനാഴ്ന്നു, ഞാൻ! നീയെന്നോഴെന്തു ചോദിച്ചാഴും—ഞാൻ—നെനക്കു തന്നിഴന്നല്ലോഴീ മോഴേ--

(അപരിചിതനോടു പൈശാചികമായി)

ഹനിക്കെന്തൊഴാ വേണ്ടേ, ങ്ഏ്? വന്നാട്ടെ, പഴഞ്ഞു തങ്ങ തൊഴച്ചാട്ടെ. ഇതൊന്നും എന്റെ കാഴ്യ്യോന്നുമല്ല.

അപരിചിതൻ

കൽപ്പണിക്കാരനായ മാറേറൺ, നിങ്ങൾക്ക് യാതൊന്നും എന്നോടു പറയുവാനില്ലേ?

(ശവപ്പെട്ടി വഹിക്കുന്നവർ അധികമധികം വികാരവിക്ഷുബ്ധരായിത്തീരുന്നു. 'ഘാതകൻ' 'ഘാതകൻ' എന്നിങ്ങനെ ആവർത്തിച്ചാവർത്തിച്ചുള്ള അധിക്ഷേപകോലാഹലങ്ങൾ മുഴങ്ങുന്നു)

നിങ്ങൾ പാപം ചെയ്തിട്ടില്ലേ? അവളെ ഉറക്കത്തിൽ നിന്നു വലിച്ചിഴച്ച് വേദനകൊണ്ടും, കഠിനദുഃഖംകൊണ്ടും അവൾ മോഹാലസ്യപ്പെട്ടു വീഴുന്നതുവരെ ഒരിക്കലും നിങ്ങളവളെ തല്ലിയിട്ടില്ലേ?

മാറേറൺ

ഞാനങ്ങഴെ വല്ലോം ചെയ്തട്ടെണ്ടെങ്കി ഇഴ്ത്തിവീഴട്ടെ എന്റെ തഴേ—ഇഴിത്തീ!

(നേരിയ നീലമിന്നലും വിദൂരമായ മേഘഗർജ്ജനവും)

Digitized By Kerala Sahitya Akademi

എല്ലാവരും

(ശിഥിലസ്വരങ്ങൾ)

ഓ, ഇടിമുഴങ്ങുന്നു—മദ്ധ്യശീതകാലത്തിൽ ഇടിവെട്ട്!—അയാൾ കള്ളസ്സത്യം ചെയ്തതാ—കൊലപ്പുള്ളി, അവൻ കള്ള്യാണെട്ടിരിക്ക്യവാ!—

അപരിചിതൻ

(ശാന്തമായും അന്തനയത്തോടുകൂടിയും)

നിങ്ങൾക്കിനിയും കുററസമ്മതം ചെയ്യാൻ യാതൊന്നുമില്ലേ, മാറേറൺ?

മാറേറൺ

(സംഭ്രാന്തനായി)

ഈശ്വരൻ ആഴെ ഇഷ്ടപ്പെഴണോ അവഴെ അദ്ദേം ഷുത്ഥികഴിക്കന്നു. അഴാ ഞാൻ ചെയ്യേക്കണെ ആ പെങ്കൊച്ചിനോഴ്! എന്റെ സൊന്ധം കുഞ്ഞിനെപ്പോഴെ ഞാനവളോഴ പെഴമാഴി—ഉവ്വ്, ഞാൻ പെഴമാഴി.

സ്ത്രീകൾ

(അയാളുടെനേക്ക് ഇരച്ചു പാഞ്ഞുകൊണ്ട്)

ഖാതകൻ! കൊലപാതഹി!

മാറേറൺ

അവൾ എന്നോഴ നൊണപഴഞ്ഞു; എന്നെ ചഴിച്ചു.

അപരിചിതൻ

ഇതാണോ സത്യം?

മാറേറൺ

അതുകൊണ്ട് എന്നെ ഴക്ഷിക്കണേ കഴ്ത്താവേ!

(ഹനേലെയുടെ കൂട്ടിപ്പിടിച്ചിട്ടുള്ള കൈകളിൽ ആ കനകവർണമായ തിലകുസുമം പ്രത്യക്ഷപ്പെടുന്നു. അതിൽനിന്നു ദി

Digitized By Kerala Sahitya Akademi

വ്യഗ്രഭ്രാന്താത്മകമായ ഒരു പച്ചകലർന്ന മഞ്ഞപ്രഭ പ്രസരിക്കുന്നു. ആ കാഴ്ച മാററണിനെ പരിഭ്രാന്തനാക്കുകയും അയാൾ ഭയപ്പെട്ടു ചൂളുകയും ചെയ്യുന്നു)

അപരിചിതൻ

കൽപ്പണിക്കാരനായ മാറേറൺ, നിങ്ങൾ എന്നോടു കളവു പറഞ്ഞിരിക്കുന്നു.

എല്ലാവരും

(ശിഥിലസ്വരങ്ങൾ)

മായാമയമായ ഒരത്ഭുതം! മായാമയമായ ഒരത്ഭുതം!

പ്ലെഷ്കെ

പെണ്ണൊരു പുണ്യാളത്ത്യാ, തീർച്ച. അയാളു കള്ള്യാണേട്ടട്ടൊണ്ട്—ഉണ്ട് ഇട്ടട്ടൊണ്ട്!

മാറേറൺ

(ഉച്ചത്തിൽ കിടന്നു വിളിച്ചുകൊണ്ട്)

ഞാൻ പോയി തൂങ്ങിച്ചാവും!

(അയാൾ കവിളിൽ കൈചേർത്തമർത്തിക്കൊണ്ടു പോകുന്നു)

അപരിചിതൻ

(ശവപ്പെട്ടിയുടെ സമീപത്തേയ്ക്കുചെന്ന്, കൂടിനില്ക്കുന്ന കാണികളുടെനേർക്കു തിരിയുന്നു. അദ്ദേഹത്തിൻെറ അഭിവന്ദ്യവും, ഗാംഭീര്യദ്യോതകവുമായ അപ്പോഴത്തെ ആകാരവിശേഷത്തിൽ അത്ഭുതപരതന്ത്രരായിത്തീർന്ന് അവർ പുറകോട്ടു വാങ്ങുന്നു)

ഭയപ്പെടാതിരിക്കൂ!

(അദ്ദേഹം നില്ക്കുകയും ഹനേലയുടെ കൈപിടിച്ചമർത്തുകയും ചെയ്യുന്നു. അനന്തരം ശാന്തമായ ഒരു സ്വരത്തിൽ)

പെൺകുഞ്ഞു മരിച്ചിട്ടില്ല. അവൾ ഉറങ്ങുകയാണ്.

(കാര്യമായി)

ജൊഹാന മാറേറൺ!

Digitized By Kerala Sahitya Akademi

(കനകോജ്ജ്വലമാ ഒരു ഹരിതപ്രഭ മുറിക്കുള്ളിൽ ഒളിന്നുണ്ടാകുന്നു. അപരിചിതന്റെ കരാവലംബത്തോടെ, അദ്ദേഹത്തിന്റെ നേർക്കിപ്പോഴും ദൃഷ്ടിയുറപ്പിക്കാൻ ധൈര്യപ്പെടാതെ, അവൾ എഴുന്നേല്ക്കുന്നു. അവൾ ശവപ്പെട്ടി വിട്ടു് മുന്നോട്ടു നീങ്ങി അപരിചിതന്റെ മുമ്പിൽ മുട്ടുകുത്തുന്നു. കാണികൾ പേടിച്ചരണ്ടു് അവിടെനിന്നു പറപറക്കുന്നു. അപരിചിതനും ഹന്നേലെയും തനിച്ചാകുന്നു. അപരിചിതന്റെ മുഷിഞ്ഞ മേലങ്കി തോളിൽനിന്നൂർന്നു നിലംപതിക്കുന്നു. അതിനടിയിൽ ശുഭ്രവും സ്വർണ്ണപ്രഭവുമായ ഒരു വസ്ത്രമാണുള്ളതു്)

അപരിചിതൻ

(വാത്സല്യമസൃണമായി)

ഹന്നേലെ!

ഹന്നേലെ

(ആനന്ദതുന്ദിലയായി അവൾ തലകുനിക്കുന്നു.)

ഇതദ്ദേഹമാണ്.

അപരിചിതൻ

നീ എന്നെ അറിയുമോ?

ഹന്നേലെ

ഞാൻ അങ്ങയെ കാത്തിരുന്നിരുന്നു.

അപരിചിതൻ

നിനക്ക് എന്റെ പേരുപറയാൻ സാധിക്കുമോ?

ഹന്നേലെ

(അത്ഭുതാവേശത്താൽ വിറച്ചുകൊണ്ടു്)

വിശുദ്ധൻ! വിശുദ്ധൻ! വിശുദ്ധൻ!

അപരിചിതൻ

ഞാൻ നിന്റെ സങ്കടവും നിന്റെ വേദനയും അറിയുന്നു.

Digitized By Kerala Sahitya Akademi

ഹനേലെ

ഞാൻ അങ്ങയുടെ ആഗമനത്തിനായി ആശിച്ചുകൊണ്ടിരുന്നു.

അപരിചിതൻ

എണീക്കൂ!

ഹനേലെ

അങ്ങയുടെ വസ്ത്രം ഒരു പുള്ളിക്കുത്തുപോലും വീഴാത്തതാണ്. എനിക്കു ലജ്ജതോന്നുന്നു.

അപരിചിതൻ

(അദ്ദേഹത്തിൻെറ വലതുകൈ ഹനേലെയുടെ ശിരസ്സിൽ വെച്ചുകൊണ്ട്)

ഞാൻ നിന്നിൽനിന്നും നിൻെറ അപമാനത്തെ പരിഗ്രഹിക്കുന്നു.

(അദ്ദേഹം അവളുടെ മുഖം മെല്ലെമെല്ലെ ഉയർത്തി കൺപോളകളിൽ സ്പർശിക്കുന്നു)

നിൻെറ കണ്ണുകൾ ഞാൻ അനശ്വരമായ ചൈതന്യംകൊണ്ടു നിറയ്ക്കുന്നു. നിൻെറ ആത്മാവാകമാനം സൂര്യപ്രകാശമായിരിക്കും. പ്രഭാതംമുതൽ സായാഹ്നംവരേയും വീണ്ടും പ്രഭാതംവരേയും നിത്യമായ തേജസ്സിൻേറതായിരിക്കും. പ്രകാശപരിപൂരിതങ്ങളായ സമസ്തവസ്തുക്കളും കൈക്കൊള്ളുക. അഗാധവും നീലാഭിരാമവുമായ നീരാഴിയുടേയും, പ്രശാന്തനീലമായ ആകാശത്തിൻേറയും, പരിശോഭനങ്ങളായ പച്ചമരങ്ങളുടേയും എല്ലാ മഹിമാവിലാസങ്ങളിലും നിൻെറ നയനങ്ങൾ എന്നെന്നും മദിച്ചുപുളയ്ക്കട്ടെ!

(അദ്ദേഹം അവളുടെ കണ്ണുകൾ സ്പർശിക്കുന്നു)

Digitized By Kerala Sahitya Akademi

ഹനേലെ

ഈശ്വരൻെറ കോടാനകോടി ദേവതകളുടെ ഗാനാലാപത്തിനു നിൻെറ കണ്ണുകൾ സദാ വികസ്വരങ്ങളായി വത്തിക്കട്ടെ!

(അദ്ദേഹം അവളുടെ അധരങ്ങൾ സ്പർശിക്കുന്നു)

നിൻെറ വിക്കലുള്ള നാവിനെ ഞാൻ ഇതാ ഇങ്ങനെ അയച്ചുവിട്ടു്, നിൻേറയും എൻേറയും സർവ്വശക്തനായ ഈശ്വരൻേറയും ആത്മചൈതന്യംകൊണ്ടു് അതിനെ ത്വരിപ്പിക്കട്ടെ!

(ഹനേലെ, ആനന്ദാതിരേകത്താൽ കോച്ചിവലിച്ചു വിറച്ചുകൊണ്ടു് എഴുന്നേല്ക്കാൻ ഉദ്യമിക്കുന്നു; പക്ഷെ സാധിക്കുന്നില്ല. അവൾ തേങ്ങിത്തേങ്ങിക്കരയുകയും, അപരിചിതൻെറ വസ്ത്രത്തിൽ അവളുടെ ശിരസ്സു ചാച്ചു മറയ്ക്കുകയും ചെയ്യുന്നു)

അപരിചിതൻ

നിൻെറ ഈ കണ്ണീരിൽ, ലോകത്തിൻെറ പൊടിയിൽനിന്നും അഴുക്കിൽനിന്നും, നിന്നെ ഞാൻ കഴുകിയെടുക്കുന്നു. സർവ്വേശ്വരൻെറ നക്ഷത്രകോടികൾക്കുംമീതെ അത്യുച്ചത്തിൽ നിന്നെ ഞാൻ ഉയർത്തിവിടാം.

(അപരിചിതൻ കുഞ്ഞിൻെറ ശിരസ്സിൽ കൈവെച്ചുകൊണ്ടു്, താഴെയുള്ള വരികൾ അവയോടുകൂടിയിണങ്ങുന്ന നേരിയ താളമേളങ്ങളോടൊന്നിച്ചു പോകുമാറു ചൊല്ലുന്നു. അദ്ദേഹം ചൊല്ലിക്കൊണ്ടിരിക്കെ അസംഖ്യം ദേവതാരൂപങ്ങൾ വാതില്ക്കൽ തിങ്ങിക്കൂടിക്കൊണ്ടു് ആവിർഭവിക്കുന്നു. ചിലർ ഉയരംകൂടിയവരും ചിലർ കുറഞ്ഞവരുമാണു്. പ്രഭാമയങ്ങളായ ചിറകുകളോടുകൂടിയ ബാലികാബാലന്മാരാണു് മറ്റുചിലർ. അവർ സൌരഭ്യം പരത്തുന്ന ധൂപപാത്രങ്ങൾ ആട്ടുകയും വില്പിടിച്ച പട്ടാംബരങ്ങൾ നിലത്തുവിരിക്കുകയും ചെയ്യുന്നു)

Digitized By Kerala Sahitya Akademi

അപരിചിതൻ

അതിമഹിത ധർമ്മത്തിൻ
സാമ്രാജ്യ മഖിലവു-
മതുലപ്രകാശ-
പ്രസാദപൂർണ്ണം.

അവിടം ഭരിപ്പൂ കലർപ്പ-
ല്ലവുമേശീടാ-
തഖിലലോകേശൻ തൻ
നിത്യശാന്തി.

(വീണകളുടെ സ്വരം കേൾക്കുന്നു—ആദ്യം മൃദുവായും പിന്നീട്ട് ക്രമേണ ഉച്ചത്തിലുച്ചത്തിൽ തിരയിളകിയും)

മണിശിലകളാണല്ലോ
മതികവർന്നങ്ങെങ്ങു-
മണിയണിയായ് മിന്നുന്നോ-
രരമനകൾ.

കനകത്തകിടുകൾ മേഞ്ഞ-
താണവയുടെ
കമനീയത കലരുമാ
മേല്പുരകൾ.

പഴകിയതിരുചിപെരുകി വയിന-
വിടെ ച്ചൊക്കച്ചൊകെ-
പ്പതച്ചിന്നിപ്പായുന്നി-
തരുവികളിൽ.

Digitized By Kerala Sahitya Akademi

ഹനേലെ

അങ്ങോരോ രജതസിത-
രഥ്യകളിൽ രാജിപ്പൂ
ചെങ്ങഴിനീർപ്പൂക്കൾ,
ചെമ്പനിനീർപ്പൂക്കൾ.

മണിഗോപുര ശൃംഗാന്തര രംഗ-
ങ്ങളിൽ നിന്നന്മദ
മണിയൊലികളിളകുകയാ-
ണവിടെയെങ്ങും.

ചേലിലതിൽ വൈശാഖ
ശൈവല നീലപ്പൂ-
ഞ്ചേലയണിഞ്ഞിയലും
സാലാവലിമേൽ,

ശബളിതപത്രങ്ങൾ, സുഭ-
ഗങ്ങൾ, ശലഭങ്ങൾ,
ശതശതം വിഹരിപ്പി-
താത്തലീലം.

ഹിമസമധവളങ്ങ, ളതില്ല-
മതി മൃദുലങ്ങൾ
കമനീയ കളഹംസ-
ഭോദശങ്ങൾ,

വലയത്തിൽ ഗഗനത്തിൽ
നടനം നടത്തിപ്പൂ

Digitized By Kerala Sahitya Akademi

വടിവിനൊടാ കൊച്ചു-
        പൂമ്പാററകളെ,

പുളകോത്സവ മേകുന്ന
        വായുവിനവയുടെ
കളനാദ കലിതമാം
        ചിറകൊലികൾ.

വിവിധസ്വര വീചികൾത-
        ന്നേകീകൃത മധുരധ്വനി
വികസിച്ചു, മേന്മേലു-
        യർന്നൊടുവിൽ,

അതുവീശും സുഖദപ്രതി-
        ധ്വനി വിണ്ണിൽനി-
ന്നണയുന്നു തരകത്തിലു-
        മലകൾ ചിന്നി.

എന്നേയ്ക്കു മെന്നേയ്ക്കുമാ-
        യങ്ങനെ യുഗകോടികൾ
പിന്നിട്ടുവന്നുവ-
        ന്നറുതിയെന്ന്യേ,

അതിമഹിത സംഗീത മവ-
        തൻ ശുദ്ധസഞ്ചാര-
ഗതികളിലനവരത-
        മനുഗമിക്കെ;

Digitized By Kerala Sahitya Akademi

ആകാശ വീഥികളിൽ,
    മൈതാന ഭൂവിനു-
മാഴിക്കും, സീയോണിനു-
    മുപരി പൊങ്ങി,

അവവട്ടം ചുററുന്നി,തത്യ-
    ത്ഭുത ഗൂഢാത്മക-
മാവുകയാണ വയുടെ
    യാനമാർഗ്ഗം.

കീഴിൽ, വെളിച്ചത്തിൻ
    വിമല സാമ്രാജ്യങ്ങളിൽ
വാഴുന്നവ, രോരോരോ
    പുണ്യവാന്മാർ,

അവതൻ വിവിധോഡ്ഡയന-
    ഗതിനോക്കി മോദിപ്പി-
തന്യോന്യം കൈകോർത്തു
    ലാത്തിടുമ്പോൾ.

അങ്ങെഴും തേജോമയ
    പത്മരാഗാരക്ത-
ഭംഗാവലി തന്നത്യ-
    ഗാധതയിൽ,

അരയന്നത്തിനുപിന്നി ലര-
    യന്നാമെന്നകണ-

Digitized By Kerala Sahitya Akademi

ക്കനകമപ്പൊൻ തൂവ-
ലുലച്ചുലമ്പി,

മുങ്ങാം കുഴിയിട്ടിട്ടു
മേളിപ്പൂ—താദൃശം
തങ്ങൾ തന്നുദ്ധാരക-
നായ്‌ലസിക്കും,

കർത്താവു ചൊരിഞ്ഞോരതി-
ശുദ്ധോല്ലുട ശോണോജ്ജ്വല-
രക്തത്തിലവ ചെയ്‌വൂ
തീർത്ഥസ്നാനം.

അതുകഴിഞ്ഞവമന്ദം ബഹുല-
ജലഫേനോദ്യൽ-
ദ്യുതിരഞ്ജിത മേഖലകൾ
വിട്ടുമാറി,

സ്വർഗ്ഗത്തിലെ നിജ നിലയം
പൂകുന്നു, വിശ്രമ-
സ്വസ്ഥ സുഖപൂർത്തിയിൽ-
ച്ചേർന്നലിയാൻ.

(തങ്ങളുടെ ജോലി ചെയ്തു തീർത്തുകഴിഞ്ഞ ദേവതകളുടെ നേക്ക് അപരിചിതൻ തിരിയുന്നു. അല്പം ഭയംകലർന്ന ആനന്ദത്തോടെ അവർ അടുത്തുചെന്ന് അപരിചിതന്റേയും ഹനേലെയുടേയും ചുറ്റുമായി ഒരർദ്ധചന്ദ്രാകൃതിയിൽ നിലകൊള്ളുന്നു.)

Digitized By Kerala Sahitya Akademi

ഹന്നേലെ

കൊണ്ടു വരികിങ്ങിപ്പോളതി-
മൃദുലവസനങ്ങൾ
കൊണ്ടു വരികെന്നോമൽ-
പ്പൈതങ്ങളേ!

ഇവിടെവരി,നിവിടെവരിൻ, ചിത-
മെഴമെന്നരുമകളേ
കമ്പിടിത്തുവെള്ളയരി-
പ്രാവുകളേ!

അതിവേദന, ഹിമശൈത്യം, ജ്വര-
ജനിതവൈവശ്യം,
മതിമാന്ദ്യ, മിവയിൽനി-
ന്നവളെക്കാക്കാൻ,

പൊതിയുവിൻ സൌഖ്യത്താൽ,
മന്ദോഷ്ണതയാൽ, നിങ്ങൾ
ഹതയവൾതൻ പരിശുഷ്ക-
ക്ഷീണഗാത്രം.

പെരുമാറിടുകവളോടതി-
മമതയിൽ, കാക്കുവിൻ
പരുഷമാം സ്പർശത്തിൽ
നിന്നവളെ.

മൃദുപത്രപുടങ്ങളിലാവഹി-
ച്ചിനിമേലോ-

Digitized By Kerala Sahitya Akademi

ട്ടതിവേഗം കൊണ്ടുവരി-
        നവളെ നിങ്ങൾ.

ഉല്ലസന്മൈതാനഭൂമിയി-
        ലലയുലയും
പുല്ലണിപ്പരപ്പതാ-
        നിക്ക മീതേ;

മങ്ങിയും മിന്നിയും ചന്ദ്രി-
        കയിൽ മുങ്ങിയെഴ-
മങ്ങാ മരുഭൂമികൾ-
        ക്കൊട്ടകലെ;

പരിചിയലും വിണ്ണിലെപ്പച്ച-
        പ്പുൽത്തൊടികൾക്കും
പലമരത്തോപ്പിനു-
        മേറെ ദൂരെ;

തളിരെതിർ മൃദുമെത്തയി-
        ലതിരററ ശാന്തിതൻ
തണുവിലും തണലിലും
        വിശ്രമിക്കെ,

മലയരുവിത്തെളിവെള്ളം
        കോരിനിറയ്ക്കുവിൻ
മണിചന്ദ്രകാന്തക്കൽ-
        ത്തൊട്ടിയിങ്കൽ.

Digitized By Kerala Sahitya Akademi

ഹരേനലെ

തീക്ഷ്ണാരുണശോഭമാം വയിന്നു–
മതിമഹിതമാം
കൃഷ്ണമൃഗക്ഷീരവു–
മൊത്തൊരുക്കി,

അവളിൽനിന്നലിവാൻ
കഴകിക്കളയുവി–
നവനിയിലവളാന്നോം–
രസുഖമെല്ലാം.

അകലത്തി,ലകലത്തിൽ
മൊട്ടിട്ടു നില്ക്കുന്നോ–
രലർവല്ലിപ്പച്ച–
പ്പടപ്പിൽനിന്നും,

ചേലിലടർത്തിയെടുത്തി–
ട്ടവിൻ, ഹിമനമ്ര
മാലതീമല്ലികാ
മഞ്ജരികൾ

വൈശാഖപ്പുതുമഴ, ച്ചാററൽ
പോലവളുടെ
വൈവശ്യഭരിതമാം
പൂന്തനുവിൽ,

മെല്ലെത്തളിക്കവിനാപ്പൂവുകൾ—
തന്നിതളുകളിൽ—

Digitized By Kerala Sahitya Akademi

ത്തുള്ളിത്തുളുമ്പുന്ന
ശീകരങ്ങൾ;

കുളുർനൈതലാമ്പൽപ്പൂ-
വിതളുകളിലിയലുമാ
ജലശകലം നിങ്ങ
ളുകററിടുംപോൽ,

മമതയെഴും കൈകളാലവൾ
തൻകരചരണങ്ങൾ
മലരെതിർത്തുകിലാൽ-
ത്തുടയ്ക്കിൻ നിങ്ങൾ

സുരഭിലമാം കനിതൻ,ക്ഷമ-
വഴിയും, ഹൃദയംതെക്കി-
പ്പുരിചിലതിൽ ചാരുററി-
യരിച്ചൊരുക്കി,

പുനരുത്തേജകമാക്കിയ
വയിനേറെപ്പകരുവിൻ
മണികനകചഷകങ്ങളിൽ
നിന്നു നിങ്ങൾ!

* * * * *

മധു മധുരം വിവിധതരഭോജ്യങ്ങ-
ളാലവൾത
ന്നധരങ്ങൾക്കേകുവി-
നധികാസ്ഥാദം.

Digitized By Kerala Sahitya Akademi

ഹനേലെ

കുളിരേകുവിനവൾതൻ മൃദു
ഹൃദയത്തിനു, മിഴിയഞ്ചും
പുലർകാലവിലാസത്തിൻ
സുഷമകളാൽ.

കവരുവിൻ മായികമാ
യവളുടെ കണ്ണുകൾ
കമനീയ കനകമയ
ഹർമ്മ്യങ്ങളാൽ!

മനയോലച്ചാന്തിട്ടമതിലുകൾ
തൻ മുകളിലായ്
മഴവില്ലൊളിവാർന്നണി-
യായ്ച്ചേർന്നു മിന്നി,

കളകളം പെയ്യുമരും
കിളികുലം വീശട്ടെ
കളധൌതദ്യുതി കലരും
ഹരിത കാന്തി

അവൾതൻ മൃദുപാദങ്ങൾ-
ക്കടിയിൽ വിരിക്കുവി-
നവധിയ,റെറാളി മുററിയൊ-
രലർനിരകൾ!

പനിനീരിൽമുക്കിയ പന-
യോല വിശറിയാൽ

Digitized By Kerala Sahitya Akademi

പരിമൃദുവായങ്ങനെ
വീശി വീശി,

ഒരുകാലവുമറുതിവരാ-
ത്തൊഴിവുദിനമാക്കവി-
നോമലിൻ ജീവിത-
മിന്നു നിങ്ങൾ.

അഴകിൽപ്പൂന്തലപൊക്കി-
യണിയിട്ടു നില്പതെ-
ങ്ങരുണശ്രീയണിയുന്ന
കശകശകൾ;

ദിനലക്ഷ്മിയണയുമ്പോളെവി-
ടത്തിൽ കുതുകത്തോ-
ടണവൂ പൂമ്പൈതങ്ങൾ
നൃത്തമാടി,

കണ്ണീരും നെടുവീർപ്പും കല-
രാതിനിയവിടെയ-
ക്കൺമണിയോടരുളുവിൻ
വിശ്രമിക്കാൻ!

അവിരളശാന്താർദ്ര-
ഗാനമേളങ്ങളാ-
ലവളുടെ ജീവൻ
വശീകരിപ്പിൻ!!....

Digitized By Kerala Sahitya Akademi

ദേവതകൾ

(സംഘംചേർന്നു പാടുന്നു)

വിണ്ണിലെ വിശ്രമാനന്ദം—നൽകാൻ
കൺമണി, നിന്നെയാമന്ദം,
കൊണ്ടിതാപോകുന്നുദൂരെ—ഞങ്ങൾ
വിണ്ടലവീഥിക്കു നേരെ!

എന്നും നീ താരാട്ടുപാട്ടിൽ—മുങ്ങും
പുണ്യവാന്മാരുടെ നാട്ടിൽ!
എന്നും നീ താരാട്ടുപാട്ടിൽ—മുങ്ങും
പുണ്യവാന്മാരുടെ നാട്ടിൽ!! ...

(ദേവതകൾ പാടിക്കൊണ്ടിരിക്കെ രംഗം ക്രമേണ ഇരുളടഞ്ഞുവരുന്നു. ഇരുളിൽനിന്നും അവരുടെ ഗാനത്തിന്റെ ശബ്ദം കൂടുതൽ കൂടുതൽ നേർത്തുനേർത്താണ് കേൾക്കുന്നത്. അനന്തരം രംഗം പ്രഭാപൂർണ്ണമാകുന്നു. ആദ്യത്തെ ഛായാദൃശ്യപത്തിന്റെ ആവിർഭാവത്തിനുമുമ്പ് എങ്ങനെയായിരുന്നുവോ അതേവിധത്തിൽത്തന്നെ ധർമ്മാലയത്തിന്റെ അന്തർഭാഗം പ്രത്യക്ഷപ്പെടുന്നു. ഹന്നേലെ സുഖമൊക്കെട്ടുപിടിച്ച പാവപ്പെട്ട ഒരു കുട്ടി—വീണ്ടും കിടക്കയിൽ കിടക്കുന്നു. ഡോക്ടർ വാച്ലർ അവളെ കുഴൽ വെച്ചുനോക്കിക്കൊണ്ടു കുനിഞ്ഞുനില്ക്കുകയാണ്. കയ്യിൽ ഒരു മെഴുകുതിരി പിടിച്ചുകൊണ്ടും, ഉല്ക്കണ്ഠയോടെ ഉററുനോക്കിക്കൊണ്ടും ക്രൈസ്തവസഭാസേവിനി സിസ്റ്റർ മാർത്താ കട്ടിലിനരികെ നില്ക്കുന്നു. ദേവതകളുടെ ഗാനം അവസാനിക്കുന്നു)

(യവനിക)

1. തികഞ്ഞ ചെപ്പ് ഇ. എം. കോവൂർ. 1
2. മറനീക്കൽ ,, 1
3. കാറ്റുപിടിച്ച തോണി ,, 1
4. പുമട്ട താങ്ങി—നാഗവള്ളി 1
5. രണ്ടുലോകം ,, 1
6. കാരൂർകഥകൾ—കാരൂർ 1
7. പൂവമ്പഴം ,, 1
8. ഗൃഹനായിക ,, 1
9. അസ്ട്രോളജർ ,, 1
10. അന്നിയറ—പൊൻകുന്നം വർക്കി 1
11. നിവേദനം ,, 1
12. അവൻ വീണ്ടും വരുന്നു-സി. ജെ. തോമസ് 1
13. സോഷ്യലിസം ,, 1
14. കന്യക—എൻ. കൃഷ്ണപിള്ള 1
15. വിവാഹസമ്മാനം—സരസ്വതി അമ്മ 1
16. തുറന്നിട്ടജാലകം—കുട്ടികൃഷ്ണൻ 1
17. ഭടന്റെ സ്വപ്നം—വെട്ടൂർ 1
18. രണ്ടു ദിവസം ,, 1
19. എലിവാണം—ഡീസീ 1
20. കറുപ്പും വെളുപ്പും ,, 1
21. നോവൽ സാഹിത്യം—എം. പി. പോൾ 2
22. ചെറുകഥാപ്രസ്ഥാനം ,, 2
23. പാപികൾ—പോഞ്ഞിക്കര റാഫി 2
24. സാഹിതീയം—കുററിപ്പുഴ 1
25. ഒരു രാത്രി—കേശവദേവ് 0
26. തകർന്ന തലമുറ—അന്തർജ്ജനം 1

NATIONAL BOJKSTALL, K. BAZAAR, KOTTAYAM.

Digitized By Kerala Sahitya Akademi